വാല്യം 33

പറക്കോട് ബ്ലോക്ക്

(പത്തനംതിട്ട ജില്ല)

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ



ജനകീയാസൂത്രണം

# ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ

33-1

ജനകീയാസൂത്രണം

# ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്
# സമഗ്രവികസനരേഖ

വികസനസെമിനാർ

1997 ഫെബ്രുവരി 6 വ്യാഴം

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

ഇളമണ്ണൂർ

ജനകീയാസൂത്രണസമിതി

**ചെയർമാൻ**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**കൺവീനർ**

പി.ആർ.മാധവൻപിള്ള, പൂവക്കാട്ട്

**ജോയിന്റ് കൺവീനർമാർ**

ആർ. ബാലകൃഷ്ണൻ, സുദർശനവിലാസം

എം.എ.ബദറുദ്ദീൻ, ബ്ലാഹേത്ത്

**കോ.ഓർഡിനേറ്റർ**

റജി പൂവത്തൂർ

ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്
സമഗ്രവികസനരേഖ
(27-12-96 ൽ ചേർന്ന
പഞ്ചായത്ത് സമിതി അംഗീകരിച്ചത്)

ടൈപ്സെറ്റിംഗ് & ലേഔട്ട്
സ്പെക്ട്രം കംപ്യൂട്ടർ ഗ്രാഫിക്സ്
അടൂർ. ☎.. 424910, 485419


N
IX
VIII
VII
X
I
VI
II
III
IV
V
പത്തനംതിട്ട
ഏനാദിമംഗലം
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
ടാറിടാത്തറോഡ്
ടാറിട്ടത്
വില്ലേജ് ഓഫീസ്
പഞ്ചായത്ത് ഓഫീസ്
സബ്രജിസ്ട്രാർ ഓഫീസ്
കൃഷിഭവൻ
സഹകരണബാങ്ക്
ഹെൽത്ത്സെൻറർ

## വികസനരേഖ തയ്യാറാക്കിയത് - ജനകീയാസൂത്രണസമിതി

### വികസനരേഖതയാറാക്കുന്നതിനു സഹായിച്ചവർ

സർവ്വശ്രീ.

കെ. ചന്ദ്രഭാനു
കെ. മോഹൻകുമാർ
റ്റി. കുഞ്ഞച്ചൻ
കെ. ഭാനുദേവൻ
രാജപ്പൻനായർ
തോമസ് വർഗ്ഗീസ്
ശോശാമ്മ തോമസ്
(കൃഷിഓഫീസർ, കലഞ്ഞൂർ)
റ്റി.പി. ഫിലിപ്പ്
ആർ.ബി. രാജീവ്കുമാർ
സി.ഡി. വിജയരാജൻ
മാത്യു പൂവത്തൂർ

സർവ്വശ്രീ.

കെ. ബിജിലാൽ
കെ. സുധർമ്മ
എ.കെ. ഉഷ
സി.പി.എസ്സ്. ഉണ്ണിത്താൻ
എം.ജി. ധർമ്മരാജപ്പണിക്കർ
രാമകൃഷ്ണൻ
സി.ഡി. ശാമുവൽ
കെ.എ. രാജൻ
ബി. വേണുനാഥൻനായർ
എം.എം. രവീന്ദ്രൻ
ബി. പ്രദീപ്കുമാർ
വി. വിനോദ്കുമാർ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. ശശിധരൻ
മുൻസെക്രട്ടറി ശ്രീ. സി. സച്ചിദാനന്ദൻ ആചാരി

# ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് കമ്മറ്റി



**ജോർജ്ജ് തോമസ്**
(പ്രസിഡന്റ്)



**D.ഭാനുദേവൻ**
(വൈസ് പ്രസിഡന്റ്)



**സരോജിനി തങ്കപ്പൻ**
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)



**R. തുളസീധരൻപിള്ള**
(മെമ്പർ)



**K.P. ഉദയഭാനു**
(മെമ്പർ)



**P.K. വിജയൻ**
(മെമ്പർ)



**സജി. S. മാരൂർ**
(മെമ്പർ)



**K. വിജയലക്ഷ്മി**
(മെമ്പർ)



**K. ലക്ഷ്മിക്കുട്ടിയമ്മ**
(മെമ്പർ)



**ഷീജ. S. തോമസ്**
(മെമ്പർ)

| | | | |
|---|---|---|---|
| I | ആമുഖം | | 7 |
| II | പൊതുവിവരം | | 9 |
| III | സാമൂഹിക സാംസ്കാരിക ചരിത്രം | | 13 |
| IV | ഭൂപ്രകൃതിയും വിഭവങ്ങളും | | 17 |
| V | വികസനമേഖലകൾ | | |
| | 1. | കൃഷിയും ജലസേചനവും | 23 |
| | 2. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 35 |
| | 3. | വ്യവസായം | 39 |
| | 4. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | |
| | | A.ഗതാകതം മാർക്കറ്റ് | 47 |
| | | B.ഊർജ്ജം | 55 |
| | 5. | പാർപ്പിടവും സാമൂഹ്യക്ഷേമവും | 61 |
| | 6. | കുടിവെള്ളവും, പൊതുജനാരോഗ്യവും | |
| | | A. കുടിവെള്ളം | 71 |
| | | B. പൊതുജനാരോഗ്യം | 77 |
| | 7. | വിദ്യാഭ്യാസം | 83 |
| | 8. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 93 |
| | 9. | സഹകരണമേഖല | 99 |
| | 10. | വനിതാക്ഷേമം | 103 |
| | 11. | സംസ്കാരം | 111 |
| | 12. | വിഭവസമാഹരണം | 117 |
| VI. | ജനകീയാസൂത്രണറിപ്പോർട്ട് | | 121 |
| VII | സ്നേഹത്തോടെ ഒരുവാക്ക്. | | 125 |

സമഗ്രവികസനരേഖ

I

# ആമുഖം



അതിപുരാതന കാലം മുതൽതന്നെ ഭാരതത്തിലെ ഗ്രാമങ്ങളെ നയിച്ചിരുന്നതും നിയന്ത്രിച്ചിരുന്നതും പഞ്ചായത്തുകളായിരുന്നെങ്കിലും വിദേശമേൽക്കോയ്മക്ക് അടിമപ്പെട്ടതോടെ ഈ സംവിധാനം നാശോന്മുഖമായിത്തീർന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരനേതൃത്വം മഹാത്മാഗാന്ധി ഏറ്റെടുത്തതോടെയാണ് 'പഞ്ചായത്തുകൾ' വീണ്ടും ദേശീയതലത്തിൽ ചർച്ചാ വിഷയമായത്. 'ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ ഉറങ്ങുന്നുവെന്ന്' വിശ്വസിച്ച നമ്മുടെ രാഷ്ട്രപിതാവ് ദാരിദ്ര്യത്തിലും രോഗത്തിലും നിരക്ഷരതയിലും അയിത്ത അനാചാരങ്ങളിലും പെട്ട് നരകജീവിതം നയിച്ചിരുന്ന ഈ രാജ്യത്തെ എൺപത് ശതമാനം വരുന്ന ദരിദ്രനാരായണന്മാരായ ജനകോടികൾക്ക് നൽകിയ മോചനമന്ത്രമാണ് 'ഗ്രാമസ്വരാജ്.'

നിർഭാഗ്യമെന്നോണം ഇന്ത്യൻ ഭരണഘടനക്കു പുറത്ത് മാർഗ്ഗനിർദ്ദേശക തത്വങ്ങളിലാണ് സ്വാതന്ത്ര്യത്തിന് ശേഷവും പഞ്ചായത്ത് സംവിധാനം ചെന്നുപെട്ടത്. സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച പഞ്ചവത്സരപദ്ധതികളിലൂടെ കാർഷിക വ്യാവസായിക മേഖലകളിൽ അസൂയാവഹമായ പുരോഗതി ഭാരതം കൈവരിച്ചെങ്കിലും രാജ്യത്തിനുണ്ടായ സാമ്പത്തിക പുരോഗതി ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിനും ഭൂരിപക്ഷത്തിന്റെ ദാരിദ്ര്യ വൽക്കരണത്തിനും ഇടയാക്കിയതോടൊപ്പം

ഗ്രാമങ്ങളെ കൂടുതൽ ചൂഷണവിധേയമാക്കി. അടങ്കൽ എത്രവർദ്ധിപ്പിച്ചിട്ടും പദ്ധതി പൂർണ്ണവിജയത്തിലെത്തുകയോ ജനങ്ങളുടെ ജീവിത നിലവാരത്തിൽ പ്രകടമായ മാറ്റം ഉണ്ടാക്കുകയോ ചെയ്തില്ല. 1984- 89 കാലഘട്ടത്തിൽ നിലവിൽ വന്ന 'സിംഗ്വികമ്മറ്റി'യാണ് വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി സർക്കാർ നീക്കിവെയക്കുന്ന പണത്തിന്റെ 85% ഇടത്തട്ടുകർ തട്ടിയെടുക്കുന്നു എന്ന സത്യം പുറത്തുകൊണ്ടുവന്നത്. പ്രദേശത്തിൻെറ പ്രത്യേകതകളോ വിഭവ സാദ്ധ്യതകളോ കണക്കിലെടുക്കാതെ കേന്ദ്രസംസ്ഥാനങ്ങളിൽ അധികാരം കയ്യാളിയിരുന്ന രാഷ്ട്രീയനേതൃത്വവും ഉദ്യോഗസ്ഥ മേധാവികളും തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയിരുന്നതുമൂലം ജനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചില്ല.

ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികളിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഘടനയ്ക്കും അധികാരങ്ങൾക്കും വലിയ മാറ്റമുണ്ടായി. അഞ്ചു കൊല്ലം കൂടുമ്പോൾ വോട്ടവകാശം രേഖപ്പെടുത്തുക മാത്രമാണ് ജനാധിപത്യാവകാശമെന്ന സ്ഥിതിമാറി, എല്ലാ വോട്ടർമാരും അംഗങ്ങളായുള്ള ഗ്രാമ സഭയ്ക്ക് പ്രദേശത്തെ വികസനത്തെ പ്പറ്റി തീരുമാനമെടുക്കാൻ ഭരണഘടനാപരമായ അവകാശം കിട്ടിയിരിക്കുന്നു. കഴിഞ്ഞ പദ്ധതികളിലൊക്കെയും കേന്ദ്ര സംസ്ഥാന തലസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ച് ഉദ്യോഗസ്ഥ മേധവികളെ മാത്രം ആശ്രയിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നത് മൂലം പ്രദേശങ്ങളുടെ പ്രത്യേകതകളും ആവശ്യങ്ങളും പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാതെ പോയി. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുക എന്നകർമ്മപരിപാടിയുമായി കേരളസർക്കാർ മുന്നോട്ടു വന്നത്

സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 35- 40 ശതമാനം തുക പഞ്ചായത്ത്രാജ് നഗരപാലിക സംവിധാനങ്ങൾക്കായി മാറ്റിവെയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ തുകയും പഞ്ചായത്തിൻെറ തനതുവരുമാനവും പ്രദേശികധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടാവുന്ന വായ്പയും പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയും സന്നദ്ധ പ്രവർത്തനവും കൂടിച്ചേരുന്ന വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന വികസന പ്രക്രിയയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അന്തസത്ത.

ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനവും ഗ്രാമസഭകളെ പറ്റിയുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുള്ളതിനാൽ ഇവിടെ പരാമർശിക്കുന്നില്ല. ദീർഘകാല അനുഭവപരിചയമുള്ള ബഹുജനസംഘടനാ പ്രനിധികളേയും വിദഗ്ദ്ധരേയും ജില്ലാപ്രാദേശികതല പരിശീലന പരിപാടികളിൽ പങ്കെടുപ്പിച്ചു. പരിശീലനം നേടിയവർ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നിസ്തുലവും നിസ്വാർത്ഥവുമായ സേവനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. പരമാവധി പ്രചരണങ്ങൾ നൽകിക്കൊണ്ട് സജീവമായ ഗ്രാമസഭകൾ കൂടുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ദ്വിതീയ വിവരശേഖരണവും പഠനപര്യടനവും വിജയകരമായി പൂർത്തീകരിച്ചു. ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ പ്രവർത്തകരുടെ തികച്ചും ത്യാഗപൂർണ്ണമായ യത്നത്തിലൂടെയുള്ള നിരന്തരമായ അന്വേഷണത്തിന്റെയും പഠനത്തിന്റെയും സ്വാംശീകരണമാണ് ഈ വികസനരേഖ. പഴമക്കാരോടും കാരണവൻമാരോടും ചോദിച്ചു മനസിലാക്കിയ നാട്ടറിവിനും ഭൂവിനിയോഗരീതിക്കും പുറമെ ആധികാരിക സർക്കാർ രേഖകളും ചരിത്രപുസ്തകങ്ങളും പരിശോധിച്ച് ഗ്രാമത്തിന്റെ ഗതകാലചിത്രം സൂക്ഷ്മതയോടെ കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്.

ഇന്നലെകളുടെ നിക്ഷേപമിച്ചമായി പറയത്തക്ക സാമൂഹികആസ്തികളൊന്നും ഈ പഞ്ചായത്തിലില്ല. മെച്ചപ്പെട്ട കടകമ്പോളങ്ങളോ വ്യവസായ സ്ഥാപനങ്ങളോ പേരിനുപോലുമില്ലാത്ത ദുരവസ്ഥയിൽനിന്നും നമ്മുടെ ജനങ്ങൾക്ക് ജീവിതത്തിന്റെ സമസ്തമേഖയിലേക്കുമുള്ള വളർച്ചയ്ക്ക് ഒരു വഴികാട്ടിയായിരിക്കും ഈ വികസനരേഖയെന്ന് പ്രത്യാശിക്കാം. പോരായ്മകളോ കുറവുകളോ വന്ന് പോയിട്ടുള്ളത് വികസനസെമിനാറിന്റെ ആരോഗ്യകരമായ ചർച്ചകളിലും കണ്ടെത്തലിലും കൂടി പരിഹരിക്കുവാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെ ഒരു നല്ലനാളെയെ സ്വാഗതം ചെയ്തുകൊണ്ട് ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമർപ്പിച്ചു കൊള്ളുന്നു.

## II

# പൊതുവിവരങ്ങൾ




## പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് നിലവിൽവന്ന വർഷം | : | 1952 |
| ഉൾപ്പെടുന്ന വില്ലേജ് | : | ഏനാദിമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : | പറക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | ഏനാദിമംഗലം, ഏഴംകുളം |
| താലൂക്ക് | : | അടൂർ |
| നിയമസഭാ മണ്ഡലം | : | അടൂർ |
| ലോകസഭാമണ്ഡലം | : | അടൂർ |

| | | |
|---|---|---|
| വിദ്യാഭ്യാസ ഉപജില്ല | : | അടൂർ |
| വിസ്തീർണ്ണം | : | 30.77 ച.കി.മി. |
| അതിരുകൾ | : | വടക്ക് -കലഞ്ഞൂർ പഞ്ചായത്തു് |
| | : | തെക്ക്-പട്ടാഴി വടക്കേക്കര പഞ്ചായത്ത് |
| | : | കിഴക്ക് -പത്തനാപുരം പഞ്ചായത്ത് |
| | : | പടിഞ്ഞാറ് -ഏഴംകുളം പഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം | : | 10 |
| ജനസംഖ്യ (1991 സെൻസസ്) | : | 20252 |
| പുരുഷൻമാർ | : | 9809 |
| സ്ത്രീകൾ | : | 10443 |

| | പഞ്ചായത്ത് ശരാശരി | സംസ്ഥാന ശരാശരി |
|---|---|---|
| ജനസാന്ദ്രത | 658 / ച.കി.മി. | 749ച.കി.മി. |
| സ്ത്രീപുരുഷ അനുപാതം | 1064സ്ത്രീ :1000 പു | 1036/1000 |
| സാക്ഷരർ | 90.26% | 89.79% |
| സ്ത്രീകൾ | 89.73% | 86.93% |
| പുരുഷൻമാർ | 90.83% | 94.45% |
| ശിശുമരണനിരക്ക് | 4.3 | 17 |
| മരണ നിരക്ക് | 3.7 | 5.8 |
| ജനന നിരക്ക് | 12.9 | 19.8 |

| | | |
|---|---|---|
| പഞ്ചായത്തിലെ ആകെ വീടുകൾ | : | 4591 |
| പട്ടികജാതി ജനസംഖ്യ | : | 4223 |
| പരുഷൻ | : | 2070 |
| സ്ത്രീകൾ | : | 2153 |
| അംഗീകൃതപട്ടികജാതി സങ്കേതങ്ങൾ | : | 16 |
| പഞ്ചായത്തിൽ തൊഴിലുള്ളവർ | : | 6074 |
| ഭാഗീകമായി തൊഴിലുള്ളവർ | : | 541 |
| തൊഴിലില്ലാത്തവർ | : | 13637 |
| റോഡുകൾ ടാറിട്ടത് | : | 29.5 കി.മി. |
| ടാറിടാത്തത് | : | 235.7 കി.മി. |
| കൃഷിഭൂമി | | |
| നിലം | : | 200ഹെക്ടർ |
| പുരയിടം | : | 2376 ഹെക്ടർ |
| വിദ്യാർത്ഥികൾ | : | 3114 |
| അദ്ധ്യാപകർ | : | 138 |

# പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം/ സ്ഥലം |
|---|---|---|
| 1. | പഞ്ചായത്ത് ഓഫീസ് | ഇളമണ്ണൂർ |
| 2. | വില്ലേജ് ഓഫീസ് | ഇളമണ്ണൂർ |
| 3. | പോസ്റ്റോഫീസ് | 1. ഇളമണ്ണൂർ<br>2. മാരൂർ<br>3. കുറുമ്പകര<br>4. ചായലോട് |
| 4. | സബ് രജിസ്ട്രാർ ഓഫീസ് | ഇളമണ്ണൂർ |
| 5. | വില്ലേജ് | ഇളമണ്ണൂർ |
| 6. | മൃഗാശുപത്രി | ഇളമണ്ണൂർ |
| 7. | I.C.D.P.സബ് സെന്റർ | കുറുമ്പകര |
| 8. | പ്രാഥമികാരോഗ്യകേന്ദ്രം | മാരൂർ |
| 9. | കുടുംബക്ഷേമ ഉപകേന്ദ്രം | 1. കുന്നിട<br>2. കുറുമ്പകര<br>3. പൂതംകര |
| 10. | കൃഷിഭവൻ | ഇളമണ്ണൂർ |
| 11. | ഗ്രാമവികസന ഓഫീസ് | 1. ഇളമണ്ണൂർ<br>2. മാരൂർ |
| 12. | ഫർക്കാ റവന്യൂ ഓഫീസ് | ഇളമണ്ണൂർ |
| 13. | ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസ് | ഇളമണ്ണൂർ |
| 14. | ധനകാര്യസ്ഥാപനങ്ങൾ: SBI | ഇളമണ്ണൂർ |
| 15. | ഏനാദിമംഗലം S.C.B. Ltd. 2151 | ഇളമണ്ണൂർ |
| 16. | മാവേലിസ്റ്റോർ | ഇളമണ്ണൂർ |
| 17. | അംഗൻവാടികൾ | 16 |
| 18. | ശിശുമന്ദിരം | പൂതംകര |
| 19. | പൊതുവിതരണ കേന്ദ്രങ്ങൾ | 14 |
| 20. | സ്കൂളുകൾ | 13<br>L.P. സ്കൂൾ 3<br>U.P സ്കൂൾ 6<br>ഹൈസ്കൂൾ 4 |
| 21. | വൊക്കേഷണൽ ഹയർസെക്കന്ററി | ഇളമണ്ണൂർ |
| 22. | കംപ്യൂട്ടർ സെന്റർ ( L.B.S.) | മാരൂർ |
| 23. | ജനവിദ്യാകേന്ദ്രങ്ങൾ | 4. |
| 24. | ലൈബ്രറികൾ | 7. |

# കടന്നു പോയ പ്രധാന വർഷങ്ങൾ

| ക്രമ നമ്പർ | വിവരണം | സ്ഥാപിതമായ വർഷം |
|---|---|---|
| 1. | ആദ്യ വിദ്യാഭ്യാസസ്ഥാപനം | 1903 A.D |
| 2. | സ്വകാര്യ വിദ്യാഭ്യാസസ്ഥാപനം | 1920 |
| 3. | പ്രവർത്തിക്കച്ചേരി. | 1102 M.E |
| 4. | K.P.റോഡ് സഞ്ചാരയോഗ്യമാക്കിയത് | 1920 |
| 9. | ആദ്യബസ് ഓടിത്തുടങ്ങിയത് | 1929 |
| 6. | സംസ്കൃതസ്കൂൾ | 1106ME |
| 7. | ആദ്യത്തെ സ്വകാര്യ സാമ്പത്തികസ്ഥാപനം | 1115M.E |
| 8. | ഏനാദിമംഗലം സർവ്വീസ് സഹകരണസ്ഥാപനം രജിസ്റ്റർചെയ്തത് | 1116M.E. |
| 9. | ഏനാദിമംഗലംസർവ്വീസ് സഹകരണസ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. | 1117M.E |
| 10. | പൊതുമാർക്കെറ്റ് പ്രവർത്തനം ആരംഭിച്ചത്. | 1943 |
| 11. | പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചത് | 1943 |
| 12. | വില്ലേജ് യൂണിയൻ " | 1948 |
| 13 | പഞ്ചായത്ത് " | 1953 |
| 14. | പഞ്ചായത്ത് കെട്ടിടം സ്ഥാപിച്ചവർഷം | 1962 |
| 15. | പ്രൈമറി ഹെൽത്ത് സെന്റർ | 1965 |

III

# സാമൂഹിക സാംസ്കാരിക ചരിത്രം



**ഐ**തിഹ്യപരമായി ഏനാദിമംഗലം ഗ്രാമത്തിനു ചരിത്രാതീതകാലത്തോളം പഴക്കമുള്ളതായി വിശ്വസിക്കപ്പെടുന്നു. ചെന്നീർക്കര രാജവംശത്തിൻേറയും തുടർന്ന് കായകുളം രാജവംശത്തിൻെറയും അധീനതയിൽപ്പെട്ട പ്രദേശമായിരുന്നു ഇത് എന്ന് കരുതാൻതക്ക ചരിത്രാവശിഷ്ടങ്ങൾ ഈ സ്ഥലത്തു കാണുന്നുണ്ട്.

'ഏനാദിമംഗലം' എന്ന പേര് ഈ പ്രദേശത്തിനു ലഭിച്ചതിനെക്കുറിച്ചു രണ്ട് നിഗമനങ്ങൾ ഉണ്ട്. കേരളാ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച മലയാളമഹാനിഘണ്ടുവിൽ 'ഏനാദി' എന്ന പദത്തിനർത്ഥം കൊടുത്തിട്ടുള്ളത് 'ചാന്നാന്മാരിൽ (ഈഴവരിൽ) ഒരു വിഭാഗം' എന്നാണ്. അവരുടെ വാസസ്ഥലം ഏനാദി മംഗലം ആയെന്നും മറ്റൊന്ന് ഒരിക്കൽ ഈ നാടിൻെറ അധിപനായിരുന്ന കായംകുളം രാജാവിൻെറ സേനാനായകൻ ആയിരുന്ന 'ഏനാദി ഉണ്ണിത്താനിൽ'നിന്ന് ഏനാദിമംഗലം എന്ന പേരുണ്ടായി എന്നുള്ളതുമാണ് . കൊച്ചി രാജാവായിരുന്ന ശക്തൻതമ്പുരാൻെറ കൊട്ടാരമായ തൃപ്പൂണിത്തുറ ഹിൽപാലസിൽ ഏനാദിമംഗലത്തുനിന്നും കൊണ്ടുവന്ന ശിവക്ഷേത്രത്തിൻെറ ഒരു ഭാഗം പ്രദർശനത്തിനു വെച്ചിട്ടുള്ളതിൽനിന്നും ഏനാദിമംഗലം എന്ന പേര് ഈ ഗ്രാമത്തിനു ലഭിച്ചിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞുവെന്ന് അനുമാനിക്കാം.

എ.ഡി. ൯-ാം നൂറ്റാണ്ടിൽ ഈ പ്രദേശം ചെന്നീർക്കര രാജവംശത്തിൻെറ അധീശത്വത്തിലായി എന്നു കരുതുന്നു. ചെന്നീർക്കര രാജവംശത്തിൻെറ ഒരു തായ്‌വഴിയാണ് ഇവിടെയുള്ള ചേന്നമത്തഴികത്ത് ആദിക്കാട്ടു കുടുംബം എന്നാണ് വാമൊഴി. പട്ടാളക്കാരെ പരിശീലിപ്പിച്ചിരുന്ന കളരിയും ഭദ്രകാളി ക്ഷേത്രവും ആ കുടുംബത്തോടു ചേർന്നു നിർമ്മിച്ചതിൻെറ ശേഷിപ്പുകൾ കാണാം. കുതിരമൺ പാലത്തിന് പടിഞ്ഞാറുവശം കനാലിനു സമീപം അടുത്തകാലം വരെ ഒരു കോട്ടയുടെ അവശിഷ്ടമുണ്ടായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. പട്ടാളക്കാരുടെ ഉപയോഗത്തിനു വേണ്ടി കുതിരകളെ സൂക്ഷിച്ചിരുന്ന സ്ഥലത്തു നിർമ്മിച്ച പാലമായതുകൊണ്ടായിരിക്കാം സമീപത്തുള്ള പാലത്തിനു 'കുതിരമൺ' പാലം എന്ന പേര് ലഭിച്ചത്. ആ പാലത്തിനു വടക്കുള്ള പുരയിടത്തിൽ ഒരു ഡാണാവ് (പോലീസ് സ്റ്റേഷൻ) ഉണ്ടായിരുന്നതിൽനിന്നു് ആയിരിക്കാം അതിന് ഡാണാ പുരയിടം എന്നു പേരുണ്ടായതെന്നു കരുതുന്നു. ശാസ്താ ക്ഷേത്രങ്ങളിൽ സ്വയംഭൂവെന്നു സങ്കല്പിക്കുന്ന ക്ഷേത്രങ്ങളിൽ ഒന്നാണ് ഈ പഞ്ചായത്തിലെ പൂതങ്കര ധർമ്മശാസ്താക്ഷേത്രം. ക്ഷേത്രത്തിൻെറ പ്രതിഷ്ഠ ശാസ്താവിൻെറ ഭുജം ആണ്. 'ഭുജംകര'യിൽനിന്ന് 'ഭൂതംകര' ഉണ്ടായി എന്ന് അനുമാനിക്കുന്നു. ഈ ക്ഷേത്രത്തിലെ കല്പടവുകളിൽ ശിലായുഗകാലത്തെ ലിപികൾ കൊത്തിയിട്ടുള്ളതു് കാണാൻ കഴിയുന്നതാണ്, ഇത് ശിവക്ഷേത്രമായിരുന്നുവെന്നും പഴമക്കാർ പറയുന്നു. എരുമേലിപേട്ടതുള്ളലിനെ അനുസ്മരിപ്പിക്കുന്ന ചടങ്ങ് ഈക്ഷേത്രത്തിൽ നിന്നു പുറപ്പെട്ട് ഭൂതങ്കര പള്ളിമുരുപ്പേൽ കാണുന്ന വാവരുപള്ളിയിൽ എത്തി ആഘോഷിക്കുന്നുണ്ട്. പണ്ടുകാലം മുതലേ മതസൗഹാർദ്ദം നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു എന്നുള്ളതിൻെറ മകുടോദാഹരണമായി ഇതിനെ കരുതുന്നു.

ഈ പഞ്ചായത്തിലെ മാരൂർ പടിഞ്ഞാറ്റ് ആലപ്പുറത്തുകാവിനുതെക്കു കാണുന്ന പുരാതന ക്ഷേത്രത്തിലെ പ്രതിഷ്ഠയെ 'മായോൻ' എന്നാണു വിളിച്ചിരുന്നത്. മായോൻെറ ഊര് (നാട്) 'മാരൂർ' ആയി രൂപാന്തരപ്പെട്ടതായി കരുതുന്നു. 'ഇളയമായോൻെറ' മണ്ണുള്ള ഊര് 'ഇളമണ്ണൂർ' ആയി എന്നും അനുമാനിക്കുന്നു. മാരൂർ ക്ഷേത്രത്തിൻെറ തുടർച്ചയാണ് ഇളമണ്ണൂർ ശ്രീനാരായണപുരം ക്ഷേത്രമെന്നാണ് വിശ്വാസം. കൊല്ലിനും കൊലയ്ക്കും അധികാരം ഉണ്ടായിരുന്ന 'കുറുമ്പന്മാരായ' (മാത്സര്യമുള്ള) പ്രമാണിമാർ അധിവസിച്ചിരുന്ന കര എന്ന അർത്ഥത്തിൽ 'കുറുമ്പകര' ഉണ്ടായതായും അനുമാനിക്കപ്പെടുന്നു. മാരൂർ സ്ക്കൂൾ നിൽക്കുന്ന സ്ഥലത്തിനെ 'മേക്കോത്ത്' എന്നു വിളിച്ചിരുന്നു.. അതിനു തെക്കുള്ള ഏലായ്ക്ക് റിക്കാർഡിൽ കൊണ്ടിട്ടുള്ള പേര് മേൽക്കുന്നത്തു് ഏലാ എന്നാണ്. അതിൽനിന്നായിരിക്കാം 'മേൽക്കോത്ത്' എന്ന പേരുണ്ടായത്. കുന്നിട വാർഡിൽ പ്രസിദ്ധമായ അഞ്ചുമലയിൽപ്പെട്ട വേടമല, മുടിയാർ കോട്ടുമല, പുലിമല, വടക്കുപുറത്തുമല എന്നിവ സ്ഥിതി ചെയ്യുന്നു. പാറക്കൂട്ടങ്ങൾ നിരന്നു കണ്ടിരുന്ന പ്രദേശമായിരുന്നതിനാൽ മങ്ങാടിനു സമീപമുള്ള സ്ഥലത്തെ 'പാറക്കൽ' എന്നു വിളിക്കുന്നു.

കൊല്ലവർഷം 1080 തിനോടടുപ്പിച്ച് ശ്രീനാരായണഗുരു ഇളമണ്ണൂരിൽ സന്ദർശനം നടത്തിയതായി തെളിവുകളുണ്ട്. ഇളമണ്ണൂർ തെക്കേക്കരയിൽ ഇടയിലെപുരയിൽ അദ്ദേഹം താമസ്സിച്ചിരുന്നുവെന്നാണ് വിശ്വസിക്കുന്നത്.

കലഞ്ഞൂരും ഏഴകുളവും കൂടി ഉൾപ്പെട്ട വലിയ ഒരു പ്രദേശമായിരുന്നു ഏനാദിമംഗലം പകുതി. ഇത് പിന്നിട് വിഭജിച്ച് കലഞ്ഞൂർ, ഏഴകുളം, ഏനാദിമംഗലം എന്നീ വില്ലേജുകൾ ആയിത്തീർന്നു. ഏനാദിമംഗലം പ്രവൃത്തിക്കച്ചേരി (വില്ലേജാഫീസ്) കൊല്ലവർഷം 1102 ൽ ആണ് ഇളമണ്ണൂരിൽ ആരംഭിച്ചത്. ഇളമണ്ണൂരിലെ പഴയ പോസ്റ്റാഫീസ് കെട്ടിടത്തിലാണ് ഇത് പ്രവർത്തി

ച്ചിരുന്നത്. അതിനു മുമ്പ് പാറക്കോട് അറുകാലിക്കലിൽ പ്രവർത്തനം നടത്തിവന്നിരുന്നതായി രേഖകളിൽ കാണുന്നുണ്ട്.

A.D 1903-ൽ പ്രവർത്തനം ആരംഭിച്ച മാരൂർ ഗവ. സ്ക്കൂൾ നാലാംക്ലാസുവരെ മാത്രമായാണു തുടങ്ങിയത്. ഇന്നു ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ്ചെയ്യപ്പെട്ട ഈ സ്ക്കൂളിനു വേണ്ടതായ അറുപത്തിയഞ്ച് സെൻറ് സ്ഥലം സംഭാവനയായി നൽകിയത് വെള്ളയാംകോട്ട് കുഞ്ഞിപ്പെണ്ണ് എന്ന മഹതിയാണ്. അതിനുമുമ്പ് കൊച്ചുവിളയിൽ ഒരു വിദ്യാലയം പ്രവർത്തിച്ചിരുന്നതായി പറഞ്ഞുകേൾക്കുന്നു.

1910- ൽ ഒരു ഗവ. എൽ.പി.സ്ക്കൂൾ ഇളമണ്ണൂരിൽ ആരംഭിക്കുകയുണ്ടായി. സാഹിത്യനഭോമണ്ഡലത്തിൽ തൻേറതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമാൻ മുൻഷിപരമുപിള്ള ഈ സ്ക്കൂളിലെ അദ്ധ്യാപകൻ ആയിരുന്നു. സാഹിത്യചർച്ചകളും സംവാദങ്ങളും ഈ കാലത്ത് നടക്കുകയും പ്രസിദ്ധ ഹാസ്യസാഹിത്യകാരനായ ഈ.വി. കൃഷ്ണപിള്ള അദ്ദേഹത്തെ സന്ദർശിക്കുകയും ചെയ്യാറുണ്ടായിരുന്നു. 1920- ൽസ്വകാര്യ വിദ്യാലയങ്ങളിൽ പഴക്കമേറിയ N.M.U.P സക്കൂൾ ആരംഭിച്ചത് ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

മാരൂർ S.N.D.P ശാഖാ മന്ദിരത്തിൽ കൊല്ലവർഷം 1106 ൽ ഒരു സംസ്കൃത സ്ക്കൂൾ ആരംഭിക്കുകയും 1117 വരെ പ്രവർത്തിച്ച് വിജ്ഞാനവ്യാപനത്തിനു കൈത്തിരി കൊളുത്തുകയും ചെയ്തിരുന്നത് ഈ പ്രദേശത്തിൻെറ വിദ്യാഭ്യാസ തൃഷ്ണയെ എടുത്തു കാണിക്കുന്നു.

1955 നു ശേഷം മാത്രമാണ് തുടർന്ന് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ആരംഭിച്ചത്. ഇന്ന് L.P., U.P , H.S. വിഭാഗങ്ങളിലായി 13 സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യരംഗത്ത് ഈ ഗ്രാമത്തിൻെറ പ്രതീക്ഷയായ ഏനാദിമംഗലം സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രം ഇരുപത്തിമൂന്നിൽ ചന്തയ്ക്കു കിഴക്കുവശമുള്ള ഒരു സ്വകാര്യ കെട്ടിടത്തിൽ ആണ് പ്രവർത്തനം ആരംഭിച്ചത്. ഇന്നു സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ഈ ആശുപത്രിക്ക് അതു നിൽക്കുന്ന സ്ഥലം സംഭാവനയായി നൽകിയത് സ്ഥലത്തെ പ്രധാന പ്ലാൻററായിരുന്ന ഷെവലിയാർ A.M.J അന്ത്രപ്പേർ ആണ്. തുടർന്ന് 1968 ൽ ആരോഗ്യമന്ത്രിയായിരുന്ന ശ്രീ ബി. വില്ലിംഗ്ടൺ ആശുപത്രി കെട്ടിടത്തിനു തറക്കല്ലിടുകയും പണിപൂർത്തിയാക്കിയ കെട്ടിടത്തിൽ ഈ P.H.C പ്രവർത്തിച്ചു വരികയും ചെയ്യുന്നു. എന്നാൽ ചികിൽസാ രംഗത്തുണ്ടായ ആദ്യ സ്ഥാപനം ഡോ. പാപ്പച്ചൻ കൊ.വ. 1107- ൽ ഇരുപത്തിമൂന്നിൽ ചന്തമുക്കിൽ ആരംഭിച്ച ഹോമിയോ ആശുപത്രി ആയിരുന്നു. കൊ. വ 1115- ൽ ഇരുപത്തിമൂന്നിൽ ചന്തമുക്കിൽ ശ്രി. ബാങ്കർ നീലകണ്ഠൻ ആരംഭിച്ച ചിട്ടിസ്ഥാപനമാണ് ഈ പ്രദേശത്തുണ്ടായ ആദ്യത്തെ സാമ്പത്തിക സ്ഥാപനം അതിനുശേഷം 28-6-1116 (കൊ.വ) ൽ രജിസ്റ്റർ ചെയ്തു. 25-6-1117 (കൊ.വ.) ൽ പ്രവർത്തനം തുടങ്ങിയ വിവിധോദ്ദേശ സഹകരണ സംഘമാണ് പിന്നീട് വളർന്ന് ഏനാദിമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കായി തീർന്നത്. ഇന്നിത് ഗ്രാമത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു.

ഈ നാട്ടിലെ ക്രയവിക്രയത്തിനായി ഒരു സ്ഥലം ഇളമണ്ണൂരിൽ കണ്ടെത്തി 1943 ൽ ഇരുപത്തിമൂന്ന് ചന്ത തുടങ്ങുകയുണ്ടായി. 1920 ൽ അടൂർ നിവാസിയായ മുഹമ്മദ്ഖാൻ സാഹിബാണ് പുനലൂർ-കായംകുളം റോഡ് സഞ്ചാരയോഗ്യമായ നിലയിൽ പുതുക്കിപ്പണിയാനുള്ള കരാർ എടുത്ത് പണി നടത്തിയത്. ഈ

റോഡിൽകൂടി 1929 ൽ ആദ്യത്തെ ബസ് സർവ്വീസ് നടത്തി. അടൂർ പുനലൂർ റൂട്ടിൽ എട്ടു പേർക്കിരിക്കാവുന്ന 'എയിറ്റ് സീറ്റർ' എന്ന ബസ്സാണ് സർവ്വീസ് ആരംഭിച്ചത്. ഇതിനെതുടർന്നു കായംകുളം പുനലൂർ റൂട്ടിൽ കർത്തികേയൻ ബസും സർവ്വീസ് ആരംഭിക്കുകയുണ്ടായി. വാഹനങ്ങളുടെ ഒരു പ്രവാഹം തന്നെ തുടർന്നുള്ള കാലങ്ങളിൽ ഈ റൂട്ടിൽ ഉണ്ടായിട്ടുണ്ട്.

1943-ൽ ഇളമണ്ണൂർ അഞ്ചലാഫീസ് .കെ.പി.പി.എം. ഗ്രന്ഥശാല പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആരംഭിച്ചു.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്കിന്നർ സായിപ്പ് 50 ഏക്കർ വിസ്തൃതിയുള്ള സ്കിന്നർ പുരം തോട്ടത്തിൽ റബർ കൃഷി ആരംഭിക്കുകയുണ്ടായി. പിന്നീട് ഈ തോട്ടം കോട്ടയം സ്വദേശി ഫിലിപ്പോസ് വക്കീൽ വിലയ്ക്കു വാങ്ങുകയും തുടർന്ന് 1917-ൽ ഷെവലിയാൽ എ.എം.ജെ. അന്ത്രപ്പേരുടെ ഉടമസ്ഥതയിലെത്തുകയും ഉണ്ടായി. തൻെറ കാലത്ത് അദ്ദേഹം 1200 ഏക്കർ ആയി ഈ തോട്ടം വികസിപ്പിച്ചു.

18-9-1953-ൽ ഏനാദിമംഗലം പഞ്ചായത്ത് രൂപീകൃതമായി. അതിനുമുമ്പ് 1948 മുതൽ 1952 വരെ വില്ലേജ് യൂണിയൻ എന്ന പേരിൽ പ്രവർത്തിച്ചിരുന്നു. ഈ പഞ്ചായത്തിൻെറ ആരംഭദിശയിൽ മങ്ങാട്, കുന്നിട, കുറുമ്പകര, മാരൂർ തെക്ക്, മാരൂർ വടക്ക്, ഇളമണ്ണൂർ, പൂതങ്കര എന്നിങ്ങനെ ഏഴു വാർഡുകളാണ് ഉണ്ടായിരുന്നത്. കുറുമ്പകര വാർഡിൽ നിന്നും ജനറൽ റിസർവേഷൻ എന്നിങ്ങനെ രണ്ടു പേരെ തിരഞ്ഞെടുത്തിരുന്നു. ഈ സംവിധാനത്തിൽ ആദ്യകാല മെമ്പർമാർ സർവ്വശ്രീ കെ.ജോർജ് ആർ നാരായണപിള്ള, ആർ ജനാർദ്ദനനൻ ഉണ്ണിത്താൻ, ആർ രാഘവൻ, കെ വേലായുധൻ, ആർ. ഗോപാലൻഉണ്ണിത്താൻ, എം.കെ. പത്മനാഭക്കുറുപ്പ്, സി. ഗോവിന്ദൻ എന്നിവരായിരുന്നു.

പഞ്ചായത്തിലെ പ്രഥമ പ്രസിഡൻറ് ശ്രീ. കെ. പത്മനാഭക്കുറുപ്പായിരുന്നു. തുടർന്ന് പഞ്ചായത്തു പ്രസിഡൻറു സ്ഥാനം കാലാകാലം അലങ്കരിച്ചിട്ടുള്ളവർ സർവശ്രീ. തോമസ് കോശി. കെ.രാഘവൻ, ജി മാധവൻപിള്ള, അഡ്വ. കെ.ആർ. രാധാകൃഷ്ണൻനായർ, കെ.പി.ഉദയഭാനു. എന്നിവരാണ്. ഏനാദിമംഗലം പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ 10 സെൻറു സ്ഥലം അഡ്വ. ശ്രീ കെ.ആർ രാധാകൃഷ്ണൻനായർ സംഭാവനയായി നൽകിയിട്ടുള്ളതാണ്. സ്വന്തമായി പുതിയ കെട്ടിടത്തിൽ 7.6.1962-ൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

നമ്മുടെ പഞ്ചായത്തിൻെറ നാനാവിധത്തിലുള്ള പുരോഗതിക്കുവേണ്ടിയുള്ള അക്ഷീണ പരിശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും ക്ഷേമം കൈവരുത്തുന്നതിനുള്ള ശ്രമത്തിൽ ഈ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഒറ്റക്കെട്ടായിത്തന്നെ പ്രവർത്തിച്ചുവരുന്നു.



IV

# ഭൂപ്രകൃതിയും വിഭവങ്ങളും



പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ആണ്
ഏനാദിമംഗലം പഞ്ചായത്ത് സ്ഥതിചെയ്യുന്നത്.
ജില്ലയുടെ തെക്ക് കിഴക്ക് അരുകിലായി
കൊല്ലം ജില്ലയോടു ചേർന്നാണ് ഈ പഞ്ചായത്തിന്റെ കിടപ്പ്.
പടിഞ്ഞാറ് ഏഴംകുളം പഞ്ചായത്തും, തെക്കു് കിഴക്കു് പട്ടാഴി വടക്കേക്കര,
പത്തനാപുരം പഞ്ചായത്തുകളും,
വടക്കു് കലഞ്ഞൂർ കൊടുമൺ പഞ്ചായത്തുകളും,
അതിരുകളായുള്ള ഈ പഞ്ചായത്തിന് 30.77 ച.കി.മി. വിസ്തീർണ്ണം ഉണ്ട്.
പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ഉയർന്നമലകളും, ചെറുകുന്നുകളുമാണ്.
ഭൂപ്രദേശം പൊതുവേ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ചരിഞ്ഞുകിടക്കുകയാണ്.
അതുകൊണ്ടു തന്നെ തോടുകൾ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകുന്നു കേരളത്തിൽ
അത്യപൂർവ്വമായിക്കാണുന്ന ഒരു പ്രത്യേകതയാണിത്.
അൻപത് ശതമാനം മലകളും, കുന്നുകളും ഇരുപത്
ശതമാനം മലഞ്ചരിവുകളും പതിനഞ്ചുശതമാനം

ചെറുചരിവുപ്രദേശങ്ങളും പതിനഞ്ചു ശതമാനം സമതലങ്ങളുമാണ്, പഞ്ചായത്തിലെ കൃഷിയോഗ്യ ഭൂമിയുടെ വിവരം താഴെകൊടുക്കുന്നു.

**പട്ടിക I**

**കൃഷിയോഗ്യഭൂമി**

| ക്രമ നമ്പർ | ഭൂവിവരം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1. | നിലം | 200 |
| 2. | പുരയിടം | 2376 |
| 3. | കൃഷിയോഗ്യമായതരിശ് | 2 |
| 4. | കൃഷയോഗ്യമല്ലാത്തതരിശ് | 11 |
| | ആകെ | 2589 |

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം

1. മലകൾ
2. ഉയർന്ന സമതലം
3. കൊടുംചരിവ്
4. ചെറുചരിവ്
5. സമതലം

**ഇവയുടെ വിസ്തീർണം പട്ടികയായി താഴെ ചേർക്കുന്നു.**

**പട്ടിക II**

**ഭൂപ്രകൃതി.**

| ക്രമ നമ്പർ | മലകൾ | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | മലകൾ | 1230 | 40 |
| 2. | ഉയർന്നസമതലം | 615 | 20 |
| 3. | കൊടുംചരിവ് | 462 | 15 |
| 4. | ചെറുചരിവ് | 308 | 10 |
| 5. | സമതലം | 462 | 15 |
| | ആകെ | 3077 | |

ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ സ്കിന്നർപുരം, മലമുരുപ്പ്, അഞ്ചുമല, വേടമല, ഒഴുകുപാറ, സന്യാസിമുരുപ്പ്, ആറുവിലാ എന്നിവയാണ്. കിലോമീറ്ററുകളോളം നീളുന്ന മലകളും അവയ്ക്കിടയിൽ വീതികുറഞ്ഞ ഏലകളും അടങ്ങുന്ന ഈ പഞ്ചായത്തിൽ മലനിരകളും കുന്നുകളും താഴ്വാരങ്ങളും കിഴക്ക് -പടിഞ്ഞാറായി സ്ഥിതിചെയ്യുന്നു എന്നാണ് പഠനപര്യടനയാത്രയിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഉയർന്ന ചെറുചരിവുകളിലും ഏലാകളോട് ചേർന്ന സമതലങ്ങളിലും ആയി ഈ പഞ്ചായത്തിലെ 90% ആളുകൾ വസിക്കുന്നു. പ്രധാന കൃഷികൾ റബ്ബറും നെല്ലും ആണ്. മറ്റുകൃഷികൾ മരച്ചീനി, വാഴ, ഇഞ്ചി, വെറ്റില, പച്ചക്കറികൾ, കുരുമുളക്, തെങ്ങ്, കമുക്, കശുമാവ് എന്നിവയാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ കാർഷികവൃത്തിയെ ആശ്രയിച്ചാണ് പ്രധാനമായും ഉപജീവനം നടത്തുന്നത്. ജനങ്ങൾക്ക് പൊതുവെ റബ്ബർകൃഷിയിലാണ് താല്പര്യം. തരിശ് ഭൂമി കുറവണ്. തെങ്ങ് കൃഷി റബ്ബർ കൃഷിയെപ്പോലെ സംരക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ട് ആദായം കുറവാണ്.

**പട്ടിക III**

**ഭൂവിനിയോഗം**

| ക്രമ നമ്പർ | വിളകൾ | വിസ്തൃതി ഹെകറിൽ |
|---|---|---|
| 1. | നെല്ല് 1-ാം വിള | 150 |
| 2. | നെല്ല് 2-ാം വിള | 150 |
| 3. | പയർ | 10 |
| 4. | റബ്ബർ | 1850 |
| 5. | തെങ്ങ് | 216 |
| 6. | വാഴ | 75 |
| 7. | കുരുമുളക് | 74 |
| 8. | മരച്ചീനി | 45 |
| 9. | കമുക് | 20 |
| 10. | പച്ചക്കറികൾ | 10 |
| 11. | പ്ലാവ് | 10 |
| 12. | കശുമാവ് | 10 |
| 13. | എള്ള് | 2 |
| 14. | ഇഞ്ചി | 18 |

ഏനാദിമംഗലം പഞ്ചായത്തിൽ 65% ചരൽ കലർന്ന ചെമ്മണ്ണ് കാണുന്നു. 15% പ്രദേശത്ത് ചെളിമണ്ണ് 10% വെട്ടുകൽപ്രദേശവും 7% കറുത്ത ചരൽമൺ പ്രദേശവും 3% പാറയും ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ മണ്ണ് കൃഷിയോഗ്യമാണ്.

പ്രകടമായി മൂന്ന് കാലാവസ്ഥകൾ ആണ് പഞ്ചായത്തിൽ അനുഭവപ്പെടുന്നത്; മഴക്കാലം, മഞ്ഞുകാലം, വേനൽകാലം. ജൂൺ-ജൂലൈ -ഓഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ചൂട് (താപനില) മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലാണ് കൂടുതൽ അനുഭവപ്പെടുന്നത്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ശരാശരി താപനില $37.05^{0}C$ ഉം ഏറ്റവും കുറവ് $23.4^{0}C$ ഉം ആണ്. മഴയുടെ അളവും താപനിലയും പട്ടിക (IV, V)കളിലായി കൊടുത്തിരിക്കുന്നു.

## പട്ടിക IV
## മഴയുടെ അളവ് (മി.മീറ്ററിൽ)

| മാസങ്ങൾ | 1991 | 1992 | 1993 | 1994 | 1995 | ശരാശരി |
|---|---|---|---|---|---|---|
| ജനുവരി | - | - | - | 125.0 | - | 125.0 |
| ഫെബ്രുവരി | - | - | 7.0 | 49.0 | 11.5 | 22.5 |
| മാർച്ച് | 56.0 | - | 3.0 | 31.0 | - | 30.0 |
| ഏപ്രിൽ | 146.0 | 2.0 | 76.0 | 98.0 | 238.0 | 112.0 |
| മെയ് | 96.0 | 416.0 | 146.0 | 264.0 | 455.0 | 275.4 |
| ജൂൺ | 1191.0 | 633.0 | 927.0 | 536.0 | 562.0 | 769.0 |
| ജൂലായ് | 388.0 | 810.0 | 749.0 | 668.0 | 472.0 | 617.4 |
| ആഗസ്റ്റ് | 498.0 | 494.8 | 250.0 | 453.0 | 422.0 | 423.56 |
| സെപ്റ്റംബർ | - | 303.0 | 140.0 | 226.0 | 430.0 | 274.75 |
| ഒക്ടോബർ | 142.0 | 486.0 | 514.4 | 390.0 | 217.0 | 349.88 |
| നവംബർ | 12.0 | 307.0 | 415.0 | 479.1 | 385.7 | 319.88 |
| ഡിസംബർ | 2.0 | - | 53.0 | 365.0 | - | 140.0 |
| ആകെ | 2531.0 | 3531.8 | 3280.4 | 3684.1 | 3193.2 | 3244.1 |

## പട്ടിക V

### 5 വർഷത്തെ താപനില (ഡിഗ്രി സെൽഷ്യസ്)

| വർഷം | താപനില | JAN | FEB | MAR | APR | MAY | JUN | JUY | AUG | SEP | OCT | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | MAXIMUM | 32.2 | 38.4 | 36.5 | 36.7 | 32.5 | 31.1 | 30.1 | 30.8 | 32.9 | 32.6 | 32.3 | 33.1 |
| | MINIMUM | 19.8 | 22.8 | 23.3 | 25.9 | 23.3 | 24.2 | 23.6 | 23.3 | 23.6 | 24.2 | 21.8 | 20.2 |
| 1991 | MAXIMUM | 34.0 | 36.1 | 36.6 | 36.4 | 35.8 | 29.7 | 30.4 | 30.2 | 33.7 | 30.8 | 32.4 | 32.9 |
| | MINIMUM | - | - | - | - | - | - | - | - | - | - | - | - |
| 1992 | MAXIMUM | 33.7 | 36.4 | 38.5 | 37.5 | 33.6 | 30.5 | 29.7 | 30.1 | 31.3 | 31.7 | 31.5 | 32.5 |
| | MINIMUM | 19.8 | 21.4 | 21.6 | 24.2 | 28.7 | 23.3 | 22.5 | 22.9 | 28.8 | 22.5 | 22.1 | 20.6 |
| 1993 | MAXIMUM | 33.8 | 35.8 | 36.6 | 36.7 | 33.9 | 30.7 | 29.4 | 30.6 | 32.1 | 31.3 | 31.5 | 31.6 |
| | MINIMUM | 19.6 | 20.4 | 22.0 | 23.7 | 23.4 | 22.3 | 22.3 | 23.1 | 22.9 | 22.8 | 22.5 | 21.6 |
| 1994 | MAXIMUM | 34.0 | 35.9 | 37.1 | 35.4 | 33.6 | 30.4 | 30.3 | 30.6 | 32.7 | 31.9 | 32.4 | 34.2 |
| | MINIMUM | - | - | - | - | - | - | - | - | - | - | - | - |

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഈ പഞ്ചായത്തിൽ ലഭിച്ച മഴയുടെ ശരാശരി 3244.1 മില്ലിമീറ്റർ ആയിരുന്നു. വലിയ പുഴകളോ, ആറുകളോ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. പ്രധാനമായി ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക VI ലായി താഴെകൊടുക്കുന്നു. കല്ലട ഇറിഗേഷൻ പ്രൊജക്റ്റിന്റെ വലതുകരകനാൽ ഈ പഞ്ചായത്തിൽ എത്തുന്നുണ്ട്.

## പട്ടിക VI

| വാർഡ് | ക്രമ നമ്പർ | തോടുകളുടെ പേര് |
|---|---|---|
| I | 1 | ഏനാദിമംഗലം വലിയതോട് |
| | 2 | വാഴോട്ട് തോട് |
| II | 3 | വടക്കുപുറം-വാഴൂർ |
| | 4 | പെരുന്തോയിക്കൽ |
| | 5 | മുട്ടിയക്കോട് |
| | 6 | കണ്ണങ്കര-തിരുമങ്ങാട് |
| III | 7 | കുഴുവിളക്കാലാപടി- കഴുതക്കുഴി - ഇടപ്പുറം |
| IV | 8 | തിരുമങ്ങാട്-കൊല്ലോട്ട് |
| V | 9 | വലിയതോട് |
| VI | 10 | വലിയതോട് |
| | 11 | മാവിള-തോട്ടപ്പാലം |
| | 12 | വലിയപച്ച-ചാങ്കൂർ |
| VII | 13 | വലിയതോട് |
| | 14 | ഒഴുകുപാറ-വലിയതോട് |
| VIII | 15 | സൂസൻഫോഡ്-വലിയതോട് |
| | 16 | അമ്പലക്കുളം-ഒഴുകപാറ |
| IX | 17 | മൈലവേലിൽ-അടപ്പുപാറ |
| | 18 | പ്ലാന്റേഷൻ-ഈട്ടിവിള |
| X | 19 | വലിയതോട് |
| | 20 | S.I.P-മരുതിമൂട് |
| | 21 | ഇരപ്പൻപാറ തോട് |

കായംകുളം -പുനലൂർ റോഡിനു് സമാന്തരമായി പഞ്ചായത്തിനെ രണ്ടായി പകുത്തു് കൊണ്ട് കടന്നു പോകുന്ന ഏനാദിമംഗലംവലിയതോടിന് 11 കി.മി. നീളമുണ്ട്. ഇത് പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകുന്നു. പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ നിന്നും ആരംഭിക്കുന്ന നിരവധി നീർച്ചാലുകളും, ചെറുതോടുകളും, പ്രധാന ജലനിർഗമനമാർഗ്ഗമായ ഈ തോട്ടിലാണ് പതിക്കുന്നത്. അരികുകൾ ഇടിഞ്ഞിറങ്ങിയും, മണ്ണിടിഞ്ഞും തോടിന്റെ ആഴം കുറയുന്നു. സംരക്ഷണ പണികളുടെ അഭാവംനിമിത്തം തോടിന് വീതിയും കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ഉയർന്ന മലകളും, കൊടും ചരിവുകളും ആണ് ഭൂരിഭാഗം. മണ്ണുസംരക്ഷണപദ്ധതികളുടെ അഭാവംമൂലം മഴക്കാലത്ത് പെയ്ത്തുവെള്ളംമണ്ണിൽ താഴാതെ വേഗത്തിൽ കുത്തിയൊഴുകി ചെറുതോടുകളിലൂടെയും, ചാലുകളി ലൂടെയും നികന്നു കിടക്കുന്ന വലിയതോട്ടിൽ എത്തി അപ്രതീക്ഷിതമായ വെള്ളപ്പൊക്കത്തിനും തന്മൂലം ഉണ്ടാകുന്ന വൻകൃഷിനാശത്തിനും കാരണമാകുന്നു.

1991ലെ കാനേഷുമാരി കണക്കു പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 10443 സ്ത്രീകളും 9809 പുരുഷൻമാരും ഉൾപ്പടെ 20252 ആണ്. 0-6 വയസ് വരെ പ്രായമുള്ള 2327 കുട്ടികൾ ഉണ്ട്. ഈ പഞ്ചായത്തിലെ 13 സ്കൂളുകളിലായി ആകെ 3104 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 1527 പെൺകുട്ടികളും 1577 ആൺകുട്ടികളും പെടും. ഈ പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 90.26% ആണ്. 89.73% സ്ത്രീകളും 90.83% പുരുഷൻമാരും സാക്ഷരർ ആണ്. ഈ പഞ്ചായത്തിലെ ജനസാന്ദ്രത 658 ച.കി.മി. ആണ്. സ്ത്രീപുരുഷ അനുപാതം 1064 സ്ത്രീകൾക്ക് 1000പുരുഷൻമാർ എന്നകണക്കിനു നിൽക്കുന്നു.

പട്ടിക VII

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| L.P | 437 | 435 | 872 |
| U.P | 477 | 457 | 934 |
| H.S | 663 | 635 | 1298 |
| ആകെ | 1577 | 1527 | 3104 |

ഏനാദിമംഗലം ഒരു കാർഷികമേഖലയാണ് റബ്ബർകൃഷിയാണ് പ്രധാനം. മറ്റു തൊഴിൽ മേഖലകളും ചെറുതാണെങ്കിലും നിലവിലുണ്ട്. നിർമാണമേഖല, ചെറകിടവ്യസായമേഖല, എന്നിവയിൽ തൊഴിലെടുക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. വിദേശത്ത് ജോലിയുള്ളവരുടെ എണ്ണം ഈ പഞ്ചായത്തിൽ ചെറിയ ശതമാനം ആണ്. പഞ്ചായത്തിൽ തൊഴിലുള്ളവർ 6074 ആണ്. ജനസംഖ്യയുടെ 30% മാത്രമെ വരു. ഭാഗീകമായി തൊഴിലെടുക്കുന്നവർ 511(2.6%)ഉണ്ട്. 67.4% വരുന്ന തൊഴിലില്ലാത്തവരുടെ സംഖ്യ 13637 ആണ്. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.



# പഠനപര്യടനം

## ഗ്രൂപ്പ് 1

| സ്ഥലം | മൺതരം | ഇടവിള | മുഖ്യവിള |
|---|---|---|---|
| ലൂക്കോസ്പടി | | | റബ്ബർ |
| | ചരൽകലർന്ന ചെമ്മണ്ണ് | തെങ്ങ് | |
| ഉളിയന്നൂർഏല | | | നെല്ല് |
| | കളിമണ്ണ് | തെങ്ങ്, ഇഞ്ചി, കപ്പ, വാഴ, വെറ്റില, പഞ്ചകറി | റബ്ബർ |
| കുന്നട | | | നെല്ല് |
| | ചുവന്നചരൽ മണ്ണ് കളിമണ്ണ് | തെങ്ങ്, ഇഞ്ചി, കപ്പ,വാഴ, വെറ്റില | |
| മണ്ണാറ്റൂർ | | | നെല്ല് |
| | ചുവന്നചരൽ മണ്ണ് കളിമണ്ണ് | ഇഞ്ചി, കപ്പ വാഴ, | |
| സ്കിന്നർപുരം | | | റബ്ബർ |
| | ചുവന്നചരൽ മണ്ണ് പാറ | | |
| കുറ്റിക്കൽപടിഏലാ | | | നെല്ല് |
| | ചെളിമണ്ണ് | തെങ്ങ്, ഇഞ്ചി, കപ്പ, വാഴ, കമുക് | |
| മാവിള | | | റബ്ബർ |
| | ചരൽകലർന്ന ചെമ്മണ്ണ് | തെങ്ങ്, ഇഞ്ചി, കപ്പ വാഴ | |
| സന്ന്യാസിമുരുപ്പ് | | | റബ്ബർ |
| | ചരൽകലർന്ന കറുത്തമണ്ണ് | വാഴ, കുരുമുളക്, | |
| ചിറമുടിഏലാ | | | നെല്ല് |
| | ചെളിമണ്ണ് | ഇഞ്ചി, കപ്പ | |
| കരിമ്പിൽഭാഗം | | | റബ്ബർ |
| | ചുവന്ന ചരൽമണ്ണ് | തെങ്ങ്,കുരുമുളക്, വാഴ | |
| മുഴിയിൻ | | | റബ്ബർ |
| | വെട്ടുകല്ല് | | |

## ഗ്രൂപ്പ് II

| സ്ഥലം | മൺതരം | ഇടവിള | മുഖ്യവിള |
|---|---|---|---|
| ചാപ്പാലിൽ | | | റബ്ബർ നെല്ല് |
| | കളിമണ്ണ്, ചരൽകലർന്ന ചെമ്മണ്ണ് | കപ്പ, വാഴ, വെറ്റില, ഇഞ്ചി, പഞ്ചകറി | |
| മേക്കൊട്ടക്കാട്ട് | | | നെല്ല് |
| മാത്ത്യോട്ട് ഏല | കളിമണ്ണ് | കപ്പ, വാഴ, വെറ്റില, പഞ്ചകറി | |
| കുറ്റിനാൽതറ ഏല | | | നെല്ല് |
| | കളിമണ്ണ് | കപ്പ, വാഴ, വെറ്റില, പഞ്ചകറി | |
| താന്നിവിളപടി | | | |
| വത്സലാസദനം | | | റബ്ബർ |
| | ചരൽകലർന്ന ചെമ്മണ്ണ് | തെങ്ങ്, കപ്പ, വാഴ, | |
| ഭഗവതികുന്ന് | | | റബ്ബർ |
| | ചരൽകലർന്ന ചെമ്മണ്ണ് | തെങ്ങ്, ഇഞ്ചി, വാഴ, | |
| വെള്ളാരംകുന്ന് | | | റബ്ബർ |
| | ചരൽകലർന്ന ചെമ്മണ്ണ് | തെങ്ങ്, കമുക്, കപ്പ | |
| പാങ്ങോട്ട് ഏല | | | നെല്ല് |
| | കളിമണ്ണ് | തെങ്ങ്, ഇഞ്ചി, കപ്പ വാഴ, വെറ്റില | |

V1

# കൃഷിയും ജലസേചനവും



## കൃഷി

ഏനാദിമംഗലം പഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും കർഷകരാണ്.
പ്രധാന കൃഷികൾ നെല്ലും റബ്ബറുമാണ്.
ജലസേചനത്തിൻെറ അപര്യാപ്തതയും കർഷകത്തൊഴിലാളികളുടെ അഭാവവും തുണ്ടുതുണ്ടായ ഭൂമിവിഭജനവും ജൈവവള ഉപയോഗക്കുറവും കീടനാശിനി, നല്ലയിനംവിത്ത്, രാസവളം ഇവയുടെ ദൗർലഭ്യവും നെൽകൃഷി ആദായകരമല്ലാതിരിക്കാൻ കാരണമായിട്ടുണ്ട്. അതേസമയം റബ്ബർകൃഷി ആദായകരമായതിനാൽ കൂടുതൽ ആകർഷകമായിട്ടുണ്ട്.

എന്നാൽ വ്യക്തവും സമയബന്ധിതവുമായപരിപാടിയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കിയാൽ കൃഷിക്കാരനെ കൃഷിയിൽ ഉറപ്പിച്ചു

നിർത്താനും അതുവഴി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള എല്ലാ സാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്.

നെൽകൃഷികൂടാതെ ഈ പഞ്ചായത്തിലുള്ള മറ്റു കൃഷികൾ റബർ, വാഴ, ഇഞ്ചി, പയർ, വെറ്റില, ചേന, മരച്ചീനി, കുരുമുളക്, കശുമാവ്, കമുക്, പച്ചക്കറികൾ മുതലായവയാണ്. മേൽപ്പറഞ്ഞ കൃഷികൾ മെച്ചപ്പെടുത്തുന്നതിനും ആദായകരമാക്കുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്. പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വയംപര്യാപ്തത നേടുവാൻ ഈ പഞ്ചായത്തിൽ ഏറെ സാദ്ധ്യതകൾ ഉണ്ട്.

### പട്ടിക I

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നിലം | 200 |
| 2 | പുരയിടം | 2376 |
| 3 | കൃഷിയോഗ്യ തരിശ് | 2 |
| 4 | കൃഷിയോഗ്യമല്ലാത്ത തരിശ് | 11 |
| ആകെ | | 2589 |

## വിളചേരുവ

ഈ പഞ്ചായത്തിൽ കൃഷിചെയ്യപ്പെടുന്ന മുഖ്യ വിളകളും അവയുടെ വിസ്തൃതിയും ചുവടെയുള്ള പട്ടികയിൽ ചേർക്കുന്നു.

### പട്ടിക II

### വിളയും വിസ്തൃതിയും

| ക്രമനമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | നെല്ല് 1-ാം വിള | 150 |
| 2 | നെല്ല് 2-ാം വിള | 150 |
| 3 | നെല്ല് 3-ാംവിള | - |
| 4 | പയർ | 10 |
| 5 | റബ്ബർ | 1850 |
| 6 | തെങ്ങ് | 216 |
| 7 | വാഴ | 75 |
| 8 | കുരുമുളക് | 74 |
| 9 | മരച്ചീനി | 45 |
| 10 | കമുക് | 20 |
| 11 | പച്ചക്കറികൾ | 10 |
| 12 | പ്ലാവ് | 10 |
| 13 | കശുമാവ് | 10 |
| 14 | എള്ള് | 2 |
| 15 | ഇഞ്ചി | 18 |

## നെല്ല്

കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിൽ 25% നിലം നികത്തി കരയാക്കിമാറ്റി. വിസ്തീർണ്ണത്തിൽ വന്ന കുറവ് (200 ൽ നിന്ന് 150 ഹെ.) കീടശല്യം, അത്യാധുനിക വിത്തുകളുടെ ലഭ്യതക്കുറവ്, കീടനാശിനികളുടെയും വളങ്ങളുടെയും വിലവർദ്ധന, തൊഴിലാളികളുടെ കുറവ്, കൂലി വർദ്ധന, നെല്ലിൻെറവിലക്കുറവ്, പ്രതികൂല കാലാവസ്ഥ ഇവയെല്ലാം നെൽകൃഷിയുടെ കുറവിനു കാരണമായി. കീടനാശിനുകളുടെയും രാസവളങ്ങളുടെയും അത്യാവശ്യഉപയോഗവും യന്ത്രവൽക്കരണവും മറ്റുകാരണങ്ങളാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാടശേഖരസമിതികളുടെ വിവരം ചുവടേയുള്ള പട്ടികയിൽ കാണിക്കുന്നു.

## പട്ടിക III

### പാടശേഖര സമിതിയുടെ വിവരങ്ങൾ

| ക്രമനമ്പർ | പാടശേഖരസമിതിയുടെപേര് | കർഷക രുടെ എണ്ണം | വാർഡുൾപ്പെട്ട പ്രദേശം | വിളകളുടെ ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | മങ്ങാട് Reg.No171/90 | 80 | മങ്ങാട് | നെല്ല്, പയറ് | 20 |
| 2 | കുന്നിട Reg.No 207/90 | 100 | കുന്നിട | do | 22 |
| 3 | കുറുമ്പകര Reg.No497/90 | 130 | കുറുമ്പകര | do | 25 |
| 4 | ചാങ്കൂർ Reg.No747/90 | 80 | മാരൂർ | do | 18 |
| 5 | മാവിള Reg.No192/90 | 65 | do | do | 9 |
| 6 | ഇളമണ്ണൂർ Reg.No181/90 | 125 | ഇളമണ്ണൂർ | do | 25 |
| 7 | കുറ്റിനാൽത്തറ Reg.No187/90 | 35 | പൂതങ്കര | do | 8 |
| 8 | മൈലവേലിൽ Reg.No366/90 | 55 | do | do | 8 |

## പരിഹാര നിർദ്ദേശങ്ങൾ

1. നിലം നികത്തുന്നത് നിരുത്സാഹപ്പെടുത്തുക

2. ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുക

3. നല്ലയിനം വിത്തും നടീൽ വസ്തുക്കളും സർക്കാർ നേഴ്സറികളിൽനിന്നും സർക്കാർ അംഗീകാരമുള്ള നേഴ്സറികളിൽനിന്നും ലഭ്യമാക്കുക.

4. വളം, കീടനാശിനി ഇവയ്ക്കു സബ്സിഡി ഏർപ്പെടുത്തുക. എല്ലാവാർഡുകളിലും സഹകരണാടിസ്ഥാനത്തിൽ വളം കീടനാശിനി ഡിപ്പോകൾ തുടങ്ങുക

5. ട്രാക്ടർ, കൊയ്ത്തു യന്ത്രം, മെതിയന്ത്രം ഇവ സൗജന്യ നിരക്കിൽ ഏർപ്പാടു ചെയ്യുക.

6. ട്രാക്ടർ, ട്രില്ലർ എന്നിവ പാടത്തു ഇറക്കാൻ വേണ്ട പാതകൾ ഉണ്ടാക്കണം.

7. ഫാംക്ലബ് രൂപീകരിക്കണം.

8. കൃഷി ബോധവൽക്കരണ സെമിനാറുകൾ, ക്ലാസ്സുകൾ ഇവ നടത്തണം.

9. പ്രകൃതി ക്ഷോഭം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടത്തിനു പരിഹാരം നൽകണം.

10 വിള ഇൻഷുറൻസ് ഏർപ്പെടുത്തണം.

11. ജലസേചനസൗകര്യം കൃത്യമായി നൽകി ഇരുപ്പൂ നിലങ്ങളിൽ മൂന്നാം വിളയിറക്കാൻ സൗകര്യം നൽകണം.

12. ഏലാവികസനസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

13. ജൈവവളങ്ങൾക്കു പ്രചാരണം നൽകി ജീവാണു വളപ്രയോഗത്തിനു വേണ്ട നടപടികൾ സ്വീകരിക്കുക. (കമ്പോസ്റ്റ് ഉണ്ടാക്കുക.)

14. സംയോജിത കീടനിയന്ത്രണം നടപ്പാക്കുക.

15. പൊതുഞാറ്റടി തയ്യാറാക്കണം.

16 ഒരേ വിത്തുപയോഗവും കൃഷിപ്പണിയിൽ ഏകീകരണവും ഉണ്ടാക്കുക.

17. നെൽകൃഷിയുടെ ഇടയിൽ മറ്റുകൃഷികൾ ചെയ്യുന്നത് ഒഴിവാക്കണം.

18. ഔഷധഗുണമുള്ള ഞവര നെൽകൃഷി നടത്തുന്നതു നന്നായിരിക്കും. 80 ദിവസം മതിയായിരിക്കും ഈ കൃഷിക്ക് പട്ടാമ്പി നെൽഗവേഷണകേന്ദ്രത്തിൽ നിന്നും കൃഷിഭവൻ മുഖേനവിത്തു് ലഭ്യമാക്കണം. ലാഭകരമായ കൃഷിയാണ്. കരയ്ക്കും കൃഷി ചെയ്യാവുന്നതാണ്.

19. ബസ്മതി (ബിരിയാണി അരി) അരിയുടെ നെല്ലു കൃഷി ചെയ്യുന്നത് ആദായകരമാണ്. പരീക്ഷിക്കാവുന്നതാണ്. വിത്ത് കാർഷിക സർവ്വകലാശാലയിൽനിന്നും കൃഷിഭവൻ മുഖേന ലഭ്യമാക്കണം.

20. ആഗ്രോ ക്ലിനിക്കിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം.

# കൃഷികൾ

## നെല്ല് :

വിത്തുല്പാദിപ്പിക്കുന്നതിനു ഗ്രൂപ്പു ഫാമിംഗ് ഏലാകളിൽ കൂടുതൽ കൃഷിസ്ഥലമുള്ള കൃഷിക്കാരെ ഉൾപ്പെടുത്തി മേൽത്തരം നെൽവിത്ത് ഉല്പാദിപ്പിച്ച് സലഹകരണസംഘം വഴി വിത്തു ശേഖരിച്ച് സബ്സിഡിനിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ വേണ്ട പദ്ധതി നടപ്പാക്കണം. സഹകരണസംഘത്തിന് 15 ശതമാനം handling charge അനുവദിക്കാവുന്നതാണ്.

## ഇഞ്ചി :

മൂന്നുവർഷം വരെ പ്രായമുള്ള റബർ മരങ്ങളുടെ ഇടയിലും തെങ്ങിൻെറ ഇടയിലും ഇഞ്ചി കൃഷി ചെയ്യാവുന്നതാണ്. ഇഞ്ചി ഉണങ്ങി ചുക്കാക്കി വെയ്ക്കാവുന്നതാണ്.

## മഞ്ഞൾ:

തെങ്ങ്, പ്ലാവ് മുതലാവയുടെ തണലിൽ മഞ്ഞൾ കൃഷി ചെയ്യാവുന്നതാണ്.

ഇവയ്ക്കു രണ്ടിനും സഹകരണ മേഖലയിൽ വിപണനസൗകര്യം ഉണ്ടാക്കേണ്ടതാണ്.

## വെറ്റില :

ഏറ്റവും കുറഞ്ഞ സ്ഥലത്തുനിന്ന് വളരെക്കുറച്ചുസമയം കൊണ്ട് ഏറ്റവും നല്ല ആദായം ഉണ്ടാക്കേണ്ടതാണ് വെറ്റിലകൃഷി. ഈ കൃഷിവികസനത്തിനു സബ്സിഡിയും ലോണും ലഭ്യമാക്കണം. ആവശ്യമായ സമയത്ത് ഈറ്റ സൗജന്യനിരക്കിൽ ലഭിക്കാൻ ഏർപ്പാടു ചെയ്യണം.

## കുരുമുളക്:

പുരയിടങ്ങളിലെ പാഴ്മരങ്ങളിലും തെങ്ങിലും കുരുമുളക് വളർത്താവുന്നതാണ്. കൃഷിക്ക് ആവശ്യമായ വളവും കീടനാശിനിയും സബ്സിഡി നിരക്കിൽ കൃഷിഭവൻ മുഖേന ലഭ്യമാക്കണം. കൂടാതെ കുരുമുളക് സംസ്ക്കരണത്തിന് ബോധവൽക്കരണ ക്ലാസ് ഏർപ്പെടുത്തണം.

# വിപണികൾ

ഇവിടുത്തെ കർഷകർ തങ്ങളുടെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു പത്തനാപുരം പറക്കോട് മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്. ഇടത്തട്ടുകാരെ ഒഴിവാക്കി കാർഷികോല്പന്നങ്ങൾക്ക് ന്യായ

മായ വില ലഭിക്കാൻ സഹകരണ മേഖലയിൽ വേണ്ട ഏർപ്പാടുകൾ ഉണ്ടാകണം. (Marketing Society)

## എലിനശീകരണം.

നമ്മുടെ വിളവിന്റെ 30 ശതമാനം എലികൾ നശിപ്പിക്കുന്നുണ്ട്. ഈ വലിയ വിപത്തിൽനിന്നും ഈ പഞ്ചായത്തിലെ കർഷകരെ രക്ഷിക്കാൻ ഒരേസമയം തന്നെ കൃഷിക്കാർ എലിനശീകരണ പ്രവർത്തനം നടത്തണം. ആയതിനു പഞ്ചായത്തിലെ എല്ലാ കൃഷിക്കാരെയും ബോധവൽക്കരിക്കാൻ വേണ്ടി എലിനശീകരണവാരം നടത്തണം. കൂടാതെ മുഴുവൻ സബ്സിഡിയിൽ എലിനാശിനിയും ലഭ്യമാക്കണം. ഈ പദ്ധതി പഞ്ചായത്തിൻേറയും കൃഷിഭവൻേറയും സന്നദ്ധസംഘടനകളുടേയും സംയുക്തപരിപാടിയായി ഒരേ സമയത്തു നടത്തുന്നത് കൂടുതൽ പ്രയോജനപ്രദമായിരിക്കും

### റബ്ബർ :

ഈ പഞ്ചായത്തിലെ മുഖ്യകൃഷി റബ്ബറാണ് . അനുകൂലകാലാവസ്ഥ, വിപണസൗകര്യം, ജോലിക്കുറവ് മുതലായവ റബ്ബറിനെ മുഖ്യനാണ്യവിളയാക്കുന്നതിനു സഹായിച്ചു. റബ്ബറിനു സാധാരണ കണ്ടുവരാറുള്ള രോഗങ്ങൾ പട്ടമരവിപ്പ്, ചീക്ക്, പൊടിക്കുമിൾരോഗം മുതലായവയാണ്. ഈ രോഗനിവാരണത്തിനുവേണ്ട കീടനാശിനികൾ സൗജന്യനിരക്കിൽ നൽകണം.

## മറ്റുനിർദ്ദേശങ്ങൾ

1. നല്ലയിനം റബ്ബർ തൈ ഉല്പാദിപ്പിക്കുന്നതിനു സഹകരണാടിസ്ഥാനത്തിൽ നേഴ്സറികൾ ആരംഭിക്കുക.
2. ടാപ്പിംഗ് പരിശീലനസൗകര്യം ഉണ്ടാക്കുക.
3. റെയിൻഗാഡ്, റബ്ബർറോളർ, പുകപ്പുര എന്നിവയ്ക്കു കർഷകനു സാമ്പത്തികസഹായം നൽകുക.
4. റബ്ബർഷീറ്റ് അടിക്കുമ്പോൾ ഉണ്ടാകുന്ന മലിന ജലം ഉപയോഗിച്ച് പാചകവാതകമുണ്ടാക്കാനുള്ള സാധ്യതകൾ ഉണ്ടാക്കുക.
5. ആസിഡ് ഉല്പാദിപ്പിക്കാൻ ഫാക്ടറി ആരംഭിക്കുക.

### തെങ്ങ്:

ഈ പഞ്ചായത്തിൽ 216 ഹെക്ടറിൽ മാത്രമാണ് തെങ്ങുകൃഷി നടത്തിവരുന്നത്. ഇത് വർദ്ധിപ്പിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. തെങ്ങിനു നേരിടുന്ന കാറ്റുവീഴ്ച, മണ്ടചീയൽ മുതലായവ തടയുന്നതിനു വേണ്ട നടപടികൾ കൃഷിഭവൻ മുഖേന യഥാസമയം ചെയ്യണം.
2. വളം, കീടനാശിനി ഇവ കൃഷിഭവൻ മുഖേന കുറഞ്ഞ നിരക്കിൽ യഥാസമയം ലഭ്യമാക്കുക.
3. തെങ്ങുകയറ്റയന്ത്രം സബ്സിഡി നിരക്കിൽ ലഭ്യമാക്കുക. അതുപയോഗിക്കുന്നതിനു പരിശീലനസൗകര്യം ഏർപ്പെടുത്തുക.
4. ജലസേചന സൗകര്യം ഉണ്ടാക്കുക.
5. രോഗബാധയേറ്റ തെങ്ങ് വെട്ടിമാറ്റുമ്പോൾ അതിനു നൽകുന്ന വില വർദ്ധിപ്പിക്കുക. പകരം നല്ലയിനം തൈ സൗജന്യമായി നൽകുക.

### മരച്ചീനി :

ഈ പഞ്ചായത്തിൽ 45 ഹെക്ടറിൽ മാത്രമേ ഇപ്പോൾ മരച്ചീനി കൃഷി ചെയ്തുവരുന്നുള്ളൂ. ഒന്നാം വിളയ്ക്കുശേഷം നിലങ്ങളിലും തെങ്ങുകൾക്കിടയിലും മരച്ചീനി കൃഷി ചെയ്യാവുന്നതാണ്. ഈ കൃഷി ആദായകരമാണ്.

## പച്ചക്കറികൾ :

പച്ചക്കറികൾക്ക് നാം അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഈ പഞ്ചായത്തിലെ പുറമ്പോക്കുകളിലും തരിശുഭൂമികളിലും 1-ാം വിളയ്ക്കു ശേഷം നെൽപ്പാടങ്ങളിലും സ്ക്കൂൾ പരിസരങ്ങളിലും വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്താൽ പച്ചക്കറിയിൽ നമുക്ക് സ്വയംപര്യാപ്തത നേടാം. ഈ പഞ്ചായത്തിനെ ഒരു പച്ചക്കറിഗ്രാമമായി ഉയർത്താനും എല്ലാ സാധ്യതയും ഉണ്ട്.

ഫാമേഴ്സ് ക്ലബ് രൂപീകരിച്ച് കൃഷിക്കാരെ ക്കൊണ്ട് നല്ലയിനം വിത്തും നല്ലപച്ചക്കറികളും ഉല്പാദിപ്പിക്കണം. കൂടാതെ ഉല്പന്നങ്ങൾ ശേഖരിക്കാനും വിപണനം ചെയ്യാനും കൃഷിഭവൻ മുഖേനയോ സഹകരണമേഖലയിലോ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കി കൃഷിക്കാർക്ക് ഉല്പന്നങ്ങൾക്ക് നല്ല വില കിട്ടുവാൻ സഹകരണാടിസസ്ഥാനത്തിൽ വിപണനകേന്ദ്രം ഏർപ്പെടുത്തണം.

സുഗന്ധവിളകൾ, ഇഞ്ചി, വാഴ. കുരുമുളക്, വെറ്റില, ചേന, കാച്ചിൽ,കൂർക്ക, പയറുവർഗ്ഗങ്ങൾ, ചീര മുതലായവ കൃഷി. ചെയ്യുന്നതിനുവേണ്ട നല്ലയിനം വിത്ത്, വളം, കീടനാശിനി മുതലായവ സൗജന്യമായി ലഭ്യമാക്കുക.

## പുഷ്പകൃഷി :

മഹിളാ ഓർക്കിഡ് ക്ലബ്ബ് രൂപീകരിച്ച് നല്ല ഇനം നടീൽവസ്തുക്കൾ സബ്സിഡി നിരക്കിൽ പുഷ്പകൃഷി നടത്തുന്നവർക്ക് കൊടുക്കണം. നല്ല പുഷ്പങ്ങൾ ശേഖരിച്ച് വില്പന നടത്താൻ സഹകരണാടിസ്ഥാനത്തിൽ വേണ്ട മാർക്കറ്റ് ഉണ്ടാക്കണം

## നെല്ല് ഗവേഷണം

മിച്ചഭൂമി ഏറ്റെടുത്ത് കാർഷിക വികസനത്തിനാവശ്യമായ മാതൃകാ കൃഷിഫാമും ഗവേഷണ കേന്ദ്രവും തുടങ്ങുക. നെല്ലുഗവേഷത്തിനു പഞ്ചായത്തിൽ ഒരു സീഡ്ഫാം (Seed Farm) തുടങ്ങുക.

## ഇടവിളകൾ.

റബ്ബറിനു ഇടവിളയായി കൈത (HoneyDew Variety),മഞ്ഞൾ, കച്ചോലം, പുൽകൃഷി, (ഇഞ്ചിപ്പുല്ല്) ഓഷധച്ചെടികൾ ഇവ നടാവുന്നതാണ്. മണ്ണൊലിപ്പു തടയാനും ഇത് സഹായിക്കും.

വനിതകളെ ഉൾപ്പെടുത്തി പച്ചക്കറി, പയറുവർഗ്ഗങ്ങൾ എന്നിവ സംസ്ക്കരിക്കുന്നതിനും വിൽക്കുന്നതിനും ഫ്രൂട്ട്ജാം ഉണ്ടാക്കുന്നതിനും ഒരു Fruit Preservation Unit രൂപീകരിക്കണം. ഇത് തൊഴിൽ സാധ്യതയ്ക്കും ഉൽപ്പാദനങ്ങൾ ഉപയോഗപ്രദമാക്കാനും കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്കു കൊടുക്കാനും ഉപകരിക്കുന്നതാണ്.

## കൂൺകൃഷി.

കൂൺ വിത്ത് ഉല്പാദിപ്പിക്കുന്നതിന് ഒരു കേന്ദ്രം ഉണ്ടാക്കണം. തിരുവനന്തപുരം മിത്രനികേതനകേന്ദ്രത്തിൽ താല്പര്യമുള്ളവരെ അയച്ച് പരിശീലനം നേടാനുള്ള സൗകര്യം കൃഷിഭവൻ മുഖേന പഞ്ചായത്തു മുൻകൈയെടുത്ത് പ്രവർത്തനക്ഷമമാക്കി കൂൺകൃഷി നടപ്പിലാക്കണം. ഇത് ആദായകരവും തൊഴിൽ സാദ്ധ്യതയുമുള്ള ഒരു കാര്യമായതിനാൽ ശ്രദ്ധേയമാക്കണം.

## മത്സ്യകൃഷി.

പാറമടകളിലും ഇഷ്ടികയ്ക്കു മണ്ണെടുത്ത് കുഴിച്ച പാടങ്ങളിലും ജലസേചന സൗകര്യമുള്ള പക്ഷം മത്സ്യകൃഷി ആരംഭിക്കുന്നത് നന്നായിരിക്കും.

തേനീച്ചവളർത്തൽ നടത്താനും സൗകര്യമുണ്ട് ശ്രമിക്കേണ്ടതാണ്.

## വിളകളും അവയുടെ രോഗങ്ങളും

പട്ടിക IV

| ക്രമനമ്പർ | വിള | രോഗങ്ങൾ |
|---|---|---|
| 1 | നെല്ല് | പോളചീയൽ, ഓലകരിച്ചിൽ, ചാഴിശല്യം |
| 2 | തെങ്ങ് | മണ്ടചീയൽ, ചെന്നീരൊലിപ്പ്, ഓലകരിച്ചിൽ, കാറ്റുവീഴ്ച, ഓലമഞ്ഞളിപ്പ്, കൊമ്പൻചെല്ലി |
| 3 | ഇഞ്ചി | മൂടുചീയൽ |
| 4 | വാഴ | മണ്ടയടപ്പ്, കോക്കാൽ |
| 5 | മരച്ചീനി | മുരടിപ്പ് |
| 6 | റബർ | പട്ടമരവിപ്പ്, ചീക്ക്, പൊടിക്കുമിൾരോഗം |

ഈ പഞ്ചായത്തിലെ പ്രധാന വിളകൾക്ക് അനുഭവപ്പെടുന്ന രോഗങ്ങളേക്കുറിച്ചാണ് മേൽപട്ടികയിൽ കാണിച്ചിരിക്കുന്നത്.

## ഉല്പാദനക്ഷമത

ഈ പഞ്ചായത്തിലെ പ്രധാന വിളകളുടെ ഒരു ഹെക്ടറിലുള്ള ഉൽപാദനം സംസ്ഥാനത്തിൻേറതുമായി താരതമ്യം ചെയ്തു പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക V

## വിളകളും അവയുടെ ഉല്പാദനക്ഷമതയും

| ക്രമ നമ്പർ | വിള | ഏനാദിമംഗലം പഞ്ചായത്തിലെ ഉല്പാദനക്ഷമത Kg/Hec | സംസ്ഥാനത്തിൻെറ ഉല്പാദനക്ഷമത Kg / Hec |
|---|---|---|---|
| 1 | നെല്ല് 1-ാംവിള | 3200 | 1973 |
| | " 2-ാംവിള | 2900 | - - |
| 2 | റബ്ബർ | 2900 | 794 |
| 3 | മരച്ചിനി | 18800 | 19,112 |
| 4 | കശുമാവ് | 800 | 899 |
| 5 | വാഴ | 7600 | 7592 |
| 6 | കുരുമുളക് | 320 | 277 |
| 7 | തെങ്ങ് | 5600എണ്ണം | 5362എണ്ണം |
| 8 | പയർ | 4000 | - - |
| 9 | കമുക് | 1,90,000എണ്ണം | - - |

## മണ്ണിൻെറ ഫലഭൂയിഷ്ടത

മണ്ണിൻെറ ഫലഭൂയിഷ്ടത നിലനിർത്തുന്നതിന് ജൈവവളം, പച്ചില, കാലിവളം എന്നിവ ഉപയോഗിക്കണം. മണ്ണിൻെറ അമ്ലത മാറ്റുവാൻ നീറ്റുകക്കാ (കുമ്മായം) മണ്ണിൽ ചേർത്തു കൊടുക്കണം. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവളം ചേർക്കണം. ധാതുലവണങ്ങളുടെയും അമ്ല/ക്ഷാരസ്വഭാവത്തെയും, കുറിച്ചുള്ള വാർഡുതല മണ്ണു പരിശോധനയുടെ വിവരം പട്ടിക 6 ൽ ചുവടേ ചേർക്കുന്നു.

## പട്ടിക VI
## മണ്ണു പരിശോധനയുടെ വാർഡുതല വിവരണം.

| വാർഡ് | മണ്ണിൻെറ അമ്ല ക്ഷാര സ്വാഭാവം | ലയിച്ചു ചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ്/സെ.മീ | ഓർഗാനിക് കാർബണിൻെറശതമാനം നൈട്രജൻെറ മാനദണ്ഡം | പൊട്ടാസ്യം kg/Hec | ഫോസ്ഫറസ് kg/Hec |
|---|---|---|---|---|---|
| 1 | 5.5 | 0.1 | 1.2% | 96 | 30 |
| 2 | 5.5 | _ | 1.2% | 96 | 10 |
| 3 | 5.6 | _ | 1.0% | 96 | 10 |
| 4 | 5.6 | _ | 0.7% | 96 | 10 |
| 5 | 5.6 | _ | 1.0% | 96 | 10 |
| 6 | 5.5 | 0.1 | 0.8% | 96 | 10 |
| 7 | 5.9 | 0.1 | 0.9% | 96 | 10 |
| 8 | 5.5 | _ | 0.8% | 96 | 10 |
| 9 | 5.6 | _ | 0.8% | 96 | 10 |
| 10 | 5.6 | _ | 0.8% | 96 | 10 |

## പട്ടിക VII
## മണ്ണു സംരക്ഷണം.

| | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ എണ്ണം | ചെലവായ തുക | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | മങ്ങാട്ടു വാട്ടർ ഷെഡ് | 158.2442 ഹെ. | — | Rs. 37,82,000/- | 314 | 1.3.1995 | പൂർത്തിയായിട്ടില്ല | 30.70 ഹെ. | — | Rs. 2,02,809/- (31.3.96 വരെ) | — |
| 2 | തോട്ടപ്പാലം വാട്ടർഷെഡ് | 556 ഹെ. | 10 km. | Rs. 91,84,000/- | എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിയ്ക്കു അയച്ചിട്ടുണ്ട്. | | | | | | |

ഈ പഞ്ചായത്തിലെ കൃഷിക്ക് സമ്മിശ്രകൃഷിയിൽകൂടി മാത്രമേ കൂടുതൽ ആദായം ലഭിക്കുന്നുള്ളൂ അതിനാൽ സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കണം. 50% സബ്സിഡി നിരക്കിൽ രാസവളവും കീടനാശിനിയും ലഭ്യമാക്കണം. എല്ലാ വിളകൾക്കും തറവില (Support Price) നിശ്ചയിക്കണം. തൊഴിലാളികളുടെ ലഭ്യതക്കുറവും കൂലികൂടുതലുമാകയാൽ യന്ത്രവൽക്കരണം നടപ്പിലാക്കി കൂലിച്ചിലവു കുറച്ചു ആദായം വർദ്ധിപ്പിക്കണം. അങ്ങനെ ഏനാദിമംഗലം പഞ്ചായത്തു മാതൃകാ പഞ്ചായത്തായി കാർഷികരംഗത്ത് സ്വയം പര്യാപ്തമാകണം.

## ജലസേചനം

ഈ പഞ്ചായത്തിലെ കർഷകർ പ്രധാനമായി ജലസേചനത്തിനു ആശ്രയിക്കുന്നത് കല്ലട ജലസേചന കനാലും വലിയതോടും കുളങ്ങളും ആണ്. കല്ലട ജലസേചനപദ്ധതി പ്രകാരം മൈനർ കൺവേയൻസ് സിസ്റ്റത്തിന്റെ പൈപ്പും ടാപ്പും ഭൂരിഭാഗം വസ്തുക്കളിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിക്കുകയോ ജലസേചനം ഏർപ്പെടുത്തുകയോ ചെയ്തില്ല. അതുമൂലം കോടിക്കണക്കിന് രൂപാ ചെലവാക്കി നടപ്പിലാക്കിയ ഈ പദ്ധതിയുടെ പ്രയോജനം കരം കൊടുക്കേണ്ടിവരുന്ന. കൃഷിക്കാർക്കു ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ പൈപ്പു നീട്ടാൻ ബാക്കിയുള്ള സ്ഥലങ്ങളിൽ അതിനും ഏർപ്പാടുണ്ടാക്കണം. K.I.P. പൈപ്പുകളുടെ മെയിൻറനെൻസ് പഞ്ചായത്തു തന്നെ ഏറ്റെടുത്തു ചെയ്യുനന്നത് നന്നായിരിക്കും. K.I.P. കടന്നുപോകുന്ന പ്രദേശത്ത് ലിഫ്റ്റ്ഇറിഗേഷൻ സൗകര്യം ഉണ്ടാക്കി ഉയർന്ന പ്രദേശങ്ങളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

ജലസേചനത്തിനുപയോഗിക്കുന്ന തോടുകളുടെ വിവരം പട്ടിക 8 ൽ ചുവടേ ചേർക്കുന്നു.

**പട്ടിക VIII**

**തോടുകളുടെ വാർഡുതല വിവരണം.**

| വാർഡ് | തോടുകൾ |
|---|---|
| 1 | വാഴോട്ടുതോട് മങ്ങാടു്-മരുതിമൂടു തോട് |
| II | വടക്കുംപുറം പഴൂർ ഏലാതോട് |
| III | കണ്ണങ്കര-തിരുമങ്ങാട് കുഴിവിളക്കാലായിൽ പടി കഴുതനാകുഴി ഇടപ്പുറം തോട് |
| IV | കുളത്തുവയൽ കൊല്ലോട്ടുതോട് (കുറുമ്പകര), കാഞ്ഞവയൽ-കയനിത്തോട്, കുന്നിടവഴിമൂലവരെയുള്ള തോട്. |
| V | വലിയതോട് (വാർഡിൻെറ തെക്കുകിഴക്കേ ഭാഗത്തുനിന്നും കിഴക്കോട്ടൊഴുകുന്നത്) കൈത്തോടുകൾ |
| VI | വലിയതോട് (ഏനാദിമംഗലം) ചാങ്കൂർ-മാവിള തോട്ടപ്പാലം ചെറിയ തോട് |
| VII | അടപ്പുപാറ -തോട്ടപ്പാലം വലിയതോട്, കുതിരമൺതോട്, ഒഴുവുപാറ വലിയതോട്, തേൻ കുഴിഏലാ ഞക്കോട്ട് ഏലാത്തോട്, മുല്ലമ്പൂർ ഏലായിലെ ചെറിയ തോട്. |
| VIII | സൂസൻഫോർഡ്-അടപ്പുപാറ, അമ്പലക്കുളം പാങ്ങോട്ടു വയൽതോട്. |
| IX | മൈലവേലിൽ-അടപ്പുപാറതോട്, പ്ലാൻേറഷൻ മുതൽ ഈട്ടിവിളപടിവരെയുള്ള തോട്, പൂതങ്കര-കോട്ടൂർ ഏലാ വഴിയുള്ള തോട് |
| X | മാരുതിമൂട്- S.I.P-തോട്, പാലക്കോട് തോട് |

കാർഷികാവശ്യത്തിനുപയോഗിക്കുന്ന കുളങ്ങളുടെ വിവരം പട്ടിക 9-ൽ ചുവടേ ചേർക്കുന്നു.

### പട്ടിക -IX

### കുളങ്ങളുടെ വാർഡുതല വിവരണം

| വാർഡ് | കുളങ്ങൾ |
|---|---|
| I | ചായലോട്, മങ്ങാട് |
| II | വാർഡിൻെറ പടിഞ്ഞാറു ഭാഗത്തുതീർത്ത കുളം, വാഴൂർ ഏലായുടെ തലയ്ക്കൽ ഉള്ള കുളം, പുനയം കുളത്ത് ഏലായുടെ തലയ്ക്കൽ പകുതി തീർത്ത കുളം |
| III | കാഞ്ഞുവേലിൽ കുളം. |
| IV | പാറക്കാല കുളം. |
| V | ഭൂതപ്പാറ, പാറയിടുക്കിൽ, ഒഴുകുപാറ |
| VI | ആര്യക്കോട്, നെടുവേലിൽ, മാവിളമുകളിൽ, കരിമ്പുവിളപടി |
| VII | തേൻകുഴി, കുതിരമണ്ണ്, മഠത്തിൽകുളം. |
| VIII | സൂസൻഫോർഡ്, കീഴ്കൊട്ടയ്ക്കാട്, തോപ്പിൽക്കുളം, വാറുവിൽ കുളം. |
| IX | മുരുപ്പേൽതറ, ചാപ്പാലിൽ, മൈലവേലിൽ |
| X | പാറക്കോട്ടുമുകളിൽ, S.I.P. ബംഗ്ലാവിനു സമീപം. |

ഈ പഞ്ചായത്തിൽ പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതിയുടെ വിവരങ്ങൾ.

### പട്ടിക X

| ക്രമനമ്പർ | പ്രവൃത്തിയുടെപേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റുതുക | ആയക്കെട്ടു വിസ്തീർണ്ണം. | ന്യൂനതകൾ |
|---|---|---|---|---|---|---|
| 1 | കുറുമ്പകര മഞ്ഞപ്ര ഏലായിലുള്ള (കണ്ണങ്കരI.H.D.P) തോടിന് ഒരു ക്രോസ് ബാറും തോടിൻെറ സൈഡു ബണ്ടും കെട്ടി ബലപ്പെടുത്തുക | 2/96 | 3/96 | Rs.1,96,330/ | | |

## നിർദ്ദേശങ്ങൾ.

1. പട്ടിക 8ൽ കാണിച്ച തോടുകളുടെ സൈഡു കെട്ടി വീതിയും ആഴവും കൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുക. നിലവിലുള്ള ചീർപ്പുകളുടെ കേടുപാടുകൾ തീർക്കുക.

2. കുതിരമൺ ഏലായിൽ K.I.P. കനാലിൻെറ ഊറ്റു തടയാൻ ഏലായുടെ പടിഞ്ഞാറുഭാഗത്തുള്ള കൈത്തോടു് സൈഡുകെട്ടി ബലപ്പെടുത്തുക.

### വിശദമായ പണിനിർദ്ദേശങ്ങൾ

1. ഏനാദിമംഗലം വലിയ തോടിൻെറ വീതിയും ആഴവും കൂട്ടി സൈഡുകെട്ടി വൃത്തിയാക്കുകയും നിലവിലുള്ള തടയണകൾ പുനരുദ്ധരിക്കുകയും താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുകയും ചെയ്യുക.

1. പാറയ്ക്കൽ
2. കുതിരമൺ
3. വട്ടക്കാലാജംഗ്ഷനുസമീപം
4. P.H. സെൻററിനു സമീപം
5. തോട്ടപ്പാലം.
6 വലിയവീട്ടിൽപ്പടി.
7 25-ാം കുറ്റി.
8. പുതുവൽ
9 സൂസൻഫോർഡുഭാഗം
10 പാറേക്കാട് ജംഗ്ഷനു സമീപം
11. കുറ്റിനാൽതറ

2 മൈലവേലിൽ അടപ്പുപാറതോടിൻെറ സൈഡു കെട്ടിസംരംക്ഷിക്കുക. മൈലവേലിൽ ഭാഗത്തു തടയണ നിർമ്മിക്കുക.

3. പുതങ്കര-കോട്ടൂർ വഴിയുള്ള തോടിൻെറ ആഴവും വീതിയും കൂട്ടി സൈഡുകൾ കെട്ടി ബലപ്പെടുത്തുക.

4. തേൻകുഴി ഏലാ, ഞെക്കാട്ട് ഏലാ, മുല്ലമ്പൂർ ഏലാകളിലെ ചെറിയതോടുകൾ വീതികൂട്ടി സൈഡു കെട്ടി സംരക്ഷിക്കുക.

5. കാപ്പിത്തോട്ടം-മാവിള-തോട്ടപ്പാലം വഴിയുള്ള തോട് സൈഡുകെട്ടി സംരക്ഷിക്കുക.

6. ആര്യക്കോട് ചാങ്കൂർ ഏലായിലൂടെയുള്ള തോടിൻെറ ആഴവും വീതിയും കൂട്ടി സൈഡു കെട്ടുക.

7. ചിറമുടി ഭാഗത്തുകൂടി വലിയ തോട്ടിലേക്കുള്ള ചെറിയ തോടിൻെറ സൈഡു കെട്ടുക.

8. സോപ്പു ഫാക്ടറി മുതൽ ചാങ്കൂർവരെയുള്ള ചെറിയ തോടിൻെറ സൈഡുകെട്ടുക്.

9. ഭൂതപ്പാറ പുതുവൽ തോടിൻെറ സൈഡു കെട്ടുക

10 കുന്നിട-കുളത്തുവയൽ-കൊല്ലോട്ടിൽ (കുറുമ്പുകര) ഏലായിലൂടെയുള്ള തോടിൻെറ സൈഡുകെട്ടി നിലവിലുള്ള ചീപ്പുകൾ പുതുക്കി പുതിയ ചീർപ്പുകൾ നിർമ്മിക്കുക.

11. കുന്നിട മുട്ടിയക്കോടുനിന്നു കുന്നിട വഴിമൂലവരെയുള്ള തോടു സൈഡുകെട്ടി വൃത്തിയാക്കുക.

12. ചായലോട്-കടമ്പാട് ഏലാ-വഴിമൂല തോടു സൈഡു കെട്ടിസംരക്ഷിക്കുക.

13. തെങ്ങുവിളകുളം- വഴിമൂലറോഡിൻെറ സൈഡു കെട്ടി സംരക്ഷിക്കുക.

14. കാണവയൽ മുതൽ കയണിവരെയുള്ള തോടിൻെറ സൈഡുകെട്ടി സംരക്ഷിക്കുക.

15. ഇരവിൽ-കാലായിൽപടി തോട് സൈഡുകെട്ടി സംരക്ഷിക്കുക.
16 കരങ്ങോട്ടുപടി - മാധവപ്പണിക്കർപടി തോട് സൈഡു കെട്ടി സംരംക്ഷിക്കുക.

## കുളങ്ങൾ

പട്ടിക 9-ൽ കാണിച്ചിട്ടുള്ള കുളങ്ങളുടെ കേടുപാടുകൾ തീർത്തും കുഴിപ്പിച്ചും സൈഡുകൾ കെട്ടി ബലപ്പെടുത്തിയും വെള്ളം നിർത്തി പമ്പുസെറ്റുകൾ വച്ചും ജലസേചനത്തിനു ഉപയുക്തമാക്കുക. 2-ാം വാർഡിലെ പണിതീർന്ന രണ്ടു കുളങ്ങൾ ഉപയോഗപ്രദമാക്കുക.

### മൈനർ ഇറിഗേഷൻ (കെ.ഐ.പി)

വിതരണക്കുഴലുകളും വാൽവുകളും കേടുപാ

ടുതീർത്ത് ഉപയോഗപ്രദമാക്കുക. K.I.P.കനാലിൻെറ ചോർച്ചകൾ തടയുക.

വിതരണ കനാലുകൾ നീട്ടാവുന്ന സ്ഥലങ്ങളിലേക്ക് നീട്ടുക. ജലവാഹിനി കുഴലുകൾ നീട്ടാവുന്ന സ്ഥലത്തേക്കുനീട്ടുക.

കുന്നിടയിൽ ജലസേചനം മെച്ചപ്പെടുത്തുന്നതിനു 'വേടമല ലിഫ്റ്റ് ഇറിഗേഷൻ' പൂർത്തീകരിക്കണം. കുറുമ്പകരയിൽ കിണർകുഴിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.

30 സെൻറ് സ്വന്തമായി കൃഷിസ്ഥലം ഉള്ളവർക്ക് എല്ലാകൃഷികൾക്കും ജലസേചനം നടത്തുന്നതിനു 50% ശതമാനം സബസിഡി നിരക്കിൽ പമ്പുസെറ്റു സ്ഥാപിക്കുന്നതിനു പദ്ധതി നടപ്പിലാക്കണം.

മേൽപ്പറഞ്ഞ പണികൾ പൂർത്തീകരിച്ചാൽ ഈ പഞ്ചായത്തിലെ കൃഷികൾക്കു മതിയായ ജലസേചനസൗകര്യം ലഭ്യമാക്കാനും അതുവഴി ഏനാദിമംഗലം പഞ്ചായത്തിനെ കാർഷിക മേഖലയിൽ അസൂയാർഹമായ നിലയിൽ എത്തിക്കാനും സാധിക്കുന്നതാണ്.



V2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

ഏനാദിമംഗലം പഞ്ചായത്തിൻെറ ഭൂരിഭാഗവും ഉയർന്നകുന്നുകളും താഴ്വാരങ്ങളും ഉൾപ്പെടുന്ന വനപ്രദേശമായിരുന്നു. 30-40 വർഷം മുമ്പുവരെ ആടുമാടുവളർത്തൽ കൃഷി പോലെതന്നെ ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗമായിരുന്നു. ആടുമാടുകളെ പറ്റം പറ്റമായി ഈ പ്രദേശങ്ങളിൽ 'മേയ്ക്കുക' സാധാരണമായിരുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായി മാടുമേയ്ക്കുന്നതിനായി പ്രത്യേക സ്ഥലങ്ങൾ തിരിച്ചിട്ടിരുന്നു എന്നുള്ളത് ഈ പ്രദേശത്ത് ആടുമാടു വളർത്തലിന് പ്രാധാന്യം നൽകിയിരുന്നതിനു തെളിവാണ്. ജനസംഖ്യാവർദ്ധനവും വ്യാപകമായ റബ്ബർ കൃഷിയും ഈ സ്ഥിതിക്കു മാറ്റം വരുത്തി. ആടുമാടുവളർത്തൽ ഒരു ഉപതൊഴി ലായി വീട്ടുവളപ്പിലേക്ക് ഒതുങ്ങി. വയ്ക്കോലിന്റെയും തീറ്റപ്പുല്ലിന്റെ

**ഗ്രാമീണ കർഷകർക്ക്**
**ഒരു ഉപതൊഴിൽ,**
**അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കു തൊഴിൽ**

യും ദൗർലഭ്യവും കാലിത്തീറ്റയുടെ വിലവർദ്ധനവും ഈ തൊഴിലിനെ അനാകർഷകമാക്കി. യന്ത്രവൽക്കരണം വ്യാപകമായതോടെ ഉഴവുമാടുകളും വണ്ടിക്കാളകളും ഏതാണ്ട് അപ്രത്യക്ഷമായി. ഈ മാറ്റങ്ങൾ ഒരു കാലത്തു സജീവമായിരുന്ന ഇളമണ്ണൂർ കാളച്ചന്ത ഇല്ലാതാകുന്നതിനു കാരണമായി.

ഈ പഞ്ചായത്തിൽ 60 ശതമാനത്തോളം കുടുംബങ്ങളിൽ പാലിനുവേണ്ടി പശുക്കളെയും ആടുകളെയും വളർത്തുന്നുണ്ട്. എങ്കിൽപോലും ഇവിടുത്തെ ജനങ്ങൾക്ക് ആവശ്യമുള്ള പാലിൻെറ 30 ശതമാനം പോലും ഉൽപാദിപ്പിക്കുവാൻ കഴിയുന്നില്ല.

പട്ടിക I

വളർത്തു മൃഗസംഖ്യ

| വാർഡ് | കാള | പശു | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|
| 1 | 18 | 160 | 1 | 99 | 80 | - |
| II | 18 | 328 | 24 | 240 | 58 | - |
| III | 35 | 314 | - | 139 | 36 | - |
| IV | 37 | 197 | 4 | 132 | 24 | - |
| V | 44 | 172 | - | 112 | 14 | - |
| VI | 90 | 293 | - | 154 | 16 | - |
| VII | 62 | 297 | 2 | 104 | 64 | - |
| VIII | 68 | 201 | - | 184 | 80 | - |
| IX | 59 | 247 | 2 | 166 | 121 | 1 |
| X | 90 | 222 | - | 514 | 96 | - |
| ആകെ | 521 | 2431 | 33 | 1844 | 589 | 1 |

അവലംബം കന്നുകാലി സെൻസസ് 1996

| വർഷം | 1992 | 1993 | 94 | 95 | 96 |
|---|---|---|---|---|---|
| വൈക്കോൽ | 2.00 | 2.50 | 3.00 | 4.50 | 5.50 |
| പാൽ ലിറ്റർ | 6.00 | 7.00 | 8.00 | 9.00 | 10.50 |
| മുട്ട കോഴി | 0.80 | 1.00 | 1.00 | 1.50 | 1.80 |
| മുട്ട താറാവ് | 1.25 | 1.60 | 1.80 | 2.00 | 2.50 |

നമ്മുടെ പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ കാര്യമായ പങ്കുവഹിക്കുവാൻ കഴിയുന്ന ക്ഷീരോല്പാദനമേഖല വികസനത്തിന്റെ പാതയിൽ ഒരു കുതിച്ചുകയറ്റം തന്നെ നടത്തേണ്ടിയിരിക്കുന്നു. ഗ്രാമീണ കർഷകർക്ക് ഒരു ഉപതൊഴിൽ, അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കു തൊഴിൽ, പോഷകാഹാരകമ്മി നികത്തൽ അതിലൂടെ നമ്മുടെ സമ്പദ്ഘടനയുടെ അഭിവൃദ്ധി എന്നീ ലക്ഷ്യങ്ങളോടെ ആയിരിക്കണം ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ക്ഷീരവികസന മേഖലയെ സുസജ്ജമാക്കേണ്ടത്. ശാസ്ത്രീയമായി സംവിധാനം ചെയ്ത് നൂതന സാങ്കേതിക മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കി ക്ഷീരോല്പാദനം ലാഭകരമാക്കിയാൽ ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയും.

മിക്കവാറും എല്ലാ വീടുകളിലും ചെറിയ തോതിലെങ്കിലും കോഴി വളർത്തൽ ഉണ്ട്. നാടൻ കോഴികളായതിനാൽ മുട്ടയുടെ ദൗർലഭ്യം പഞ്ചായത്തിൽ അനുഭവപ്പെടുന്നു. 6 ഇറച്ചി ക്കോഴി വളർത്തൽ യൂണിറ്റുകൾ ഉണ്ടെങ്കിലും മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ഒന്നുംതന്നെ ഇല്ല. 7-ാം വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും 3-ാം വാർഡിൽ പ്രവർത്തിക്കുന്ന ICDP സബ്സെന്ററും മാത്രമാണ് മൃഗസംരക്ഷണത്തിനായി ഈ പഞ്ചായത്തിൽ ഉള്ളത്. മൃഗാശുപത്രിക്ക് വസ്തു ഉണ്ടെങ്കിലും കെട്ടിടം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ടു ക്ഷീരസംഘങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വിപണനമേഖല വിപുലപ്പെടുത്തുകയും ചെയ്യുക. പ്രവർത്തന മൂലധനഗ്രാന്റ് മാനേജീരിയിൽ സബ്സിഡി, ഫർണിച്ചർഗ്രാന്റ്, ബിൽഡിംഗ്ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്ന പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുക.

2. കർഷകർക്ക് കാലിത്തീറ്റ ന്യായമായ വിലയ്ക്ക് ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുക. K.I.P. കനാൽ പുറമ്പോക്കും, പഞ്ചായത്തിലെ മറ്റു പുറമ്പോക്കുകളും വാണിജ്യാടിസ്ഥാനത്തിൽ ധനസഹായത്തോടെ തീറ്റപ്പുൽകൃഷിക്ക് ഉപയുക്തമാക്കുക.

3. ഉൽപാദനക്ഷമതയുള്ള സങ്കരവർഗ്ഗ പശുക്കളുടെ ദൗർലഭ്യം, അമിതമായ വില ഇവ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ശാസ്ത്രീയ കന്നുകുട്ടി വളർത്തൽ കേന്ദ്രം സ്ഥാപിച്ച് സാമ്പത്തികസഹായം ചെയ്യുക.

4. വൃത്തിയുള്ള കാലിത്തൊഴുത്തിന്റെ അഭാവം പല കാലി രോഗങ്ങൾക്കും കാരണമാകും. കാലിത്തൊഴുത്തിന്റെ നിർമ്മാണം സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.

5. പാലുല്പാദനക്ഷമത കൂടുതലുള്ള കറവപ്പശുക്കളുടെ മരണനിരക്ക് കൂടുതലായതിനാൽ 'മാസ്സീവ് കാറ്റിൽ ഇൻഷുറൻസ്' നടപ്പാക്കുക.

6. പാലിന്റെ ഗുണനിലവാരം, സംഘം ഭരണ ചുമതല, വിവിധ പദ്ധതി നടത്തിപ്പ് ഇവയുടെ മേൽനോട്ടത്തിനും വിജ്ഞാനവ്യാപനം ഉറപ്പുവരുത്തുന്നതിനും ക്ഷീരവികസന യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക . കുറുമ്പകര ICDP സബ്സെന്റർ മൃഗാശുപത്രിയായി ഉയർത്തുക.

2. എല്ലാ വാർഡുകളിലും ICDP സബ്സെന്ററുകൾ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. ക്ഷീരസംഘങ്ങൾ രൂപീകരിക്കുക.

4. അത്യുൽപാദനശേഷിയുള്ള 2 പശുക്കൾ അടങ്ങുന്ന 75 യൂണിറ്റുകൾ ഓരോ വാർഡിലും ലഭ്യമാക്കുക.

5. മേൽത്തരം ആടുകളുടെ മൂന്നു വീതമുള്ള 50 യൂണിറ്റുകൾ ഓരോ വാർഡിലും ലഭ്യമാക്കുക.

6. മിൽക്ക് ചില്ലിംഗ് പ്ലാൻറ് പാൽഉല്പന്ന നിർമ്മാണ യൂണിറ്റുകൾ ഇവ ആരംഭിക്കുക.

7. കാലിവളർത്തലിലേക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ തൊഴുത്ത് , കിണർ, പമ്പുസെറ്റ് ഇവയുടെ ധനസഹായം ലഭ്യമാക്കുക.

8 ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ പ്രോ

ത്സാഹനം നല്കുക

9 പക്ഷിമൃഗാദികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

10. പഞ്ചായത്തിൽ ഒരു സ്ലോട്ടർഹൗസ് നിർമ്മിക്കുക, കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുക.

11 മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻവേണ്ട സഹായം ചെയ്യുക.

12 മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക

13 മുഴുവൻ പട്ടികൾക്കും പേയ് വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പു നടത്തുക. ലൈസൻസു സമ്പ്രദായം കർശനമാക്കുക. ലൈസൻസ് ഇല്ലാത്ത പട്ടികളെ നശിപ്പിക്കുക.

## മത്സ്യബന്ധനം

മത്സ്യബന്ധനത്തിനു സാദ്ധ്യതയില്ലാത്ത പഞ്ചായത്താണ് ഏനാദിമംഗലം. ഇവിടുത്തെ ജനങ്ങൾ പൂർണ്ണമായും പുറത്തുനിന്നും കൊണ്ടുവരുന്ന മത്സ്യത്തെ ആശ്രയിക്കുന്നു. മത്സ്യകൃഷിയൂണിറ്റുകൾ ഒന്നും തന്നെ ഇല്ല. നിലവിലുള്ള കുളങ്ങൾ വിപുലപ്പെടുത്തുകയും പുതിയകുളങ്ങൾ നിർമ്മിക്കുകയും ചെയ്താൽ മത്സ്യംവളർത്തൽ പ്രോത്സാഹിപ്പിക്കുവാൽ കഴിയും. കല്ലട ജലസേചന പദ്ധതിയുടെ ആയക്കട്ട് പ്രദേശത്ത് മത്സ്യകൃഷി ചെയ്യാൻപറ്റും.

## സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുള്ള കുളങ്ങൾ മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
2. ധനസഹായത്തോടെ പുതിയ കുളങ്ങൾ നിർമ്മിക്കുക.
3. മത്സ്യകുഞ്ഞുങ്ങളേയും തീറ്റയും വിതരണം ചെയ്യുക.
4. മത്സ്യ വിപണനസൗകര്യം ലഭ്യമാക്കുക.



**V3**

# വ്യവസായം



## കുടുംബത്തിൽ ഒരു വ്യവസായം

വ്യവസായികമായി
തീർത്തും പിന്നോക്കം നിൽക്കുന്ന
പഞ്ചായത്താണ് ഏനാദിമംഗലം.
പരിമിത വരുമാനക്കാരും സാധാരണക്കാരു മടങ്ങുന്ന
ഭൂരിഭാഗത്തോളം ജനവിഭാഗം അധിവസിക്കുന്ന മേഖലയാണ് ഏനാദിമംഗലം
ഗ്രാമപഞ്ചായത്ത്.
സ്ഥിരമായ വരുമാനം ഇല്ലാത്ത അവസ്ഥ ഈ പഞ്ചായത്തിലെ ജനങ്ങളുടെ
ജീവിതനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്.
പൂർണ്ണമായും കാർഷികമേഖലയെ (റബർകൃഷി ഉൾപ്പെടെ) ആശ്രയിച്ചു
കഴിയുന്ന ജനങ്ങളുടെ
സാമ്പത്തികഭദ്രതയ്ക്ക് പലപ്പോഴും കോട്ടം സംഭവിക്കുന്നു.
അപ്രതീക്ഷിതമായി ഉണ്ടാകുന്ന
കാലവർഷക്കെടുതികളും
പ്രകൃതിക്ഷോഭവും

നല്ലൊരളവോളം വരുമാനത്തിൻെറസ്ഥിരതയില്ലായ്മയ്ക്കും അതുവഴി ജീവിതനിലവാര ത്തകർച്ചക്കും കളമൊരുക്കുന്നു. തൊഴിൽ ലഭ്യതയ്ക്കും സ്ഥിരവരുമാനത്തിനും ജീവിത നിലവാരത്തിൻെറ ഉന്നതിക്കും വ്യവസായികപുരോഗതി ഈ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്

## ഇന്നലെകളിൽ വ്യവസായം

മുൻകാലങ്ങളിൽ പരമ്പരാഗതമായ വ്യവസായങ്ങൾ (ഈറ്റനെയ്ത്ത്, പർപ്പിട നിർമ്മാണം മുതലായവ) പലതും നല്ല രീതിയിൽ ഇവിടെ പ്രവർത്തിച്ചിരുന്നു. ഈ ഗ്രാമത്തിൻെറ ആവശ്യങ്ങൾക്കുശേഷം സമീപപ്രദേശങ്ങളിലേക്കും ഇതിൻെറ വിപണി വ്യാപിച്ചിരുന്നു. ഇത് പല കുടുംബങ്ങളുടേയും ജീവിതോപാധിയായിരുന്നു. യന്ത്രവൽക്കരണവും വിപണനരംഗത്തെ മത്സരസ്വഭാവവും വിപണികളുടെ അഭാവവും പരമ്പരാഗതവ്യവസായ രംഗത്തുനിന്നും ആളുകളെ അകറ്റി. അതിന്ന് മിക്കവാറും അപ്രത്യക്ഷമായിരിക്കുകയാണ്.

ഖാദിഗ്രാമവ്യവസായ ബോർഡിൻെറ നേതൃത്വത്തിൽ ചാങ്കൂരിൽ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സോപ്പുഫാകടറിയുടെ പ്രവർത്തനം നിലച്ചിട്ട് നാളുകളേറെയായി. കളയ്ക്കാട്ട് ശ്രീ. മാധവൻ ഉണ്ണിത്താൻെറ നേതൃത്വത്തിൽ നാട്ടുകാരുടെ ശ്രമഫലമായി 80 സെൻറ് സ്ഥലവും കെട്ടിടവും ഗാന്ധിസ്മാരക നിധിക്ക് സംഭാവനചെയ്ത് നല്ലരീതിയിൽ പൂതംങ്കരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തുണിനെയ്ത്തുശാലയുടെ പ്രവർത്തനം നിലച്ച് സ്ഥലം മുക്കാൽപങ്കും വിറ്റ് ഏതാണ്ട് പൂർണ്ണമായി നശിക്കുന്ന നിലയിൽ എത്തിയിട്ടുണ്ട്. 30 ഓളം കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിരുന്ന തൊഴിൽശാലയായിരുന്നു മേൽ വിവരിച്ചത്.

## വ്യവസായികരംഗം ഇന്ന്

വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ചെറുകിടവ്യവസായത്തിൻെറ സ്ഥിതിയും വളരെ പിന്നിൽ ആണ്. 45 ചെറുകിടവ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 36 യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പ്രവർത്തിക്കുന്നവതന്നെ കടുത്ത പ്രതിസന്ധിയെ നേരിടുന്നു.

### പ്രശ്നങ്ങൾ

1. പ്രവർത്തനമൂലധനത്തിൻെറ കുറവ്
2. സാങ്കേതികപരിജ്ഞാനത്തിൻെറ അഭാവം
3 വൈദ്യുതിയുടെ ദൗർലഭ്യം
4. വിപണനത്തിൻെറ ബുദ്ധിമുട്ടുകൾ

ചെറുകിടവ്യവസായ മേഖലയിൽ റബർ ബാൻറ് നിർമ്മാണം, ഫർണ്ണിച്ചർ നിർമ്മാണം., ആയുർവേദമരുന്ന് നിർമ്മാണം, ഇഷ്ടികനിർമ്മാണം, റെഡിമെയ്ഡ്വസ്ത്രനിർമ്മാണം, ക്രഷർയൂണീറ്റ്, ഫ്ലവർമിൽ , തടി അറപ്പുമിൽ, എൻജിനിയറിംഗ് വ്യവസായം, പ്രിൻറിംഗ് പ്രസ്, സോഡാ ഫാക്ടറി, കറിപൗഡർ, ചെരുപ്പുനിർമ്മാണം, റബർനേഴ്സറി, ഇറച്ചിക്കോഴിവളർത്തൽ, എന്നിവ നിലവിൽ ഉണ്ട്. ഇവയിലായി 121 തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു. റജിസ്റ്റർ ചെയ്ത മൊത്തം വ്യവസായങ്ങളും അവയിൽ തൊഴിലെടുക്കുന്നവരുടെ വിവരങ്ങളും പട്ടിക I, II എന്നിവയിലായി താഴെ കൊടുക്കുന്നു

## പട്ടിക I

| നമ്പർ | വ്യവസായം | യൂണിറ്റിൻെറ എണ്ണം | തൊഴിലാളികൾ | | ആകെ |
|---|---|---|---|---|---|
| | | | സ്ത്രീ | പുരു. | |
| 1 | കറിപൗഡർ | 3 | 10 | 5 | 15 |
| 2 | വനിതാ വ്യവസായം | 1 | 4 | - | 4 |
| 3 | ഇഷ്ടികനിർമ്മാണം | 1 | 10 | 7 | 17 |
| 4 | തടി വ്യവസായം | 2 | - | 4 | 4 |
| 5 | റെഡിമെയ്ഡ് ഗാർമെൻറ് | 4 | 8 | 4 | 12 |
| 6 | ടെയിലറിംഗ് വ്യവസായം | 26 | 36 | 8 | 44 |
| 7. | റൈസ് മിൽ | 2 | - | 3 | 3 |
| 8 | റബർ വ്യസായം | 1 | - | 2 | 2 |
| 9. | ബ്ലോക്ക് യൂണീറ്റ് | 1 | - | 4 | 4 |
| 10 | മറ്റുള്ളവ | 4 | 5 | 11 | 16 |
| | ആകെ. | 45 | 73 | 48 | 121 |

അവലംബം: താലൂക്ക് വ്യവസായ ഓഫീസ് റജിസ്റ്റർ

## പട്ടിക II

| വ്യവസായം | യൂണിറ്റ് |
|---|---|
| അലൂമിനിയം | 1 |
| റൈസ് മിൽ | 9 |
| ക്രഷർ | 3 |
| കാപ്പിപ്പൊടി നിർമ്മാണം | 1 |
| സോഡാ നിർമ്മാണം | 4 |
| കരകൗശലം | 1 |
| തടിഅറപ്പുമിൽ | 3 |
| എഞ്ചിനിയറിംഗ് | 1 |
| ഇഷ്ടിക നിർമ്മാണം | 3 |
| റബർബാൻറ് | 1 |
| ചെറുകിടവ്യവസായം | 45 |
| ആകെ | 72 |

അവലംബം: പഞ്ചായത്ത് റജിസ്റ്റർ

## മറ്റുതൊഴിൽ മേഖലകൾ

റബർ റ്റാപ്പിംഗ് , റബർമരം മുറിപ്പ്, ചുമട്, മരംകയറ്റം, എന്നീ മേഖലകളിൽ പണിയെടുക്കുന്നവർ ആണ് ഈ പഞ്ചായത്തിൽ കൂടുതൽ. കാർഷികമേഖലയെ ആശ്രയിച്ചു നിൽക്കുന്നവരും കുറവല്ല. കൂടാതെ സർക്കാർജീവനക്കാരും വിദേശത്തുതൊഴിൽ ചെയ്യുന്നവരും ചെറുകിടകച്ചവടക്കാരും നിർമ്മാണ തൊഴിലാളികളും മടക്കം തൊഴിലുള്ളവർ മൊത്തം ജനസംഖ്യയുടെ 40% ൽ താഴെയാണ്

### വിലയിരുത്തൽ

ഏനാദിമംഗലം പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 20252 ആണ്.

ചെറുകിടവ്യവസായരംഗം കൊണ്ട് കേവലം 121 പേർക്ക് മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. മറ്റുവ്യവസായങ്ങൾകൂടിയാകുമ്പോൾ അത് 175 ആയി ഉയരുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 0.86% ആണ്. വ്യവസായരംഗവും മറ്റു തൊഴിൽമേഖലകളും കൂടി ചേർന്നാലും 60% ലധികം തൊഴിലില്ലാത്തവരുടെ സംഖ്യ എത്തിനിൽക്കുന്നു. നല്ലൊരു ഭാഗത്തോളം വരുന്ന തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുന്ന പുത്തൻ വൻകിടവ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

## വൻകിട വ്യവസായങ്ങൾ

തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുന്നതിനും ജനങ്ങളുടെ ശരാശരി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിൻെറ പൊതു ധനസ്ഥിതിക്കു മാറ്റം ഉണ്ടാകുന്നതിനും, ഒരു നല്ലനാളേക്കുവേണ്ടിയുള്ള പുത്തൻ കുതിപ്പിനു ആക്കം വർദ്ധിപ്പിക്കുന്നതിനും, വൻകിട വ്യവസായസംരംഭങ്ങൾ ആരംഭിക്കണം.

## വ്യവസായ സാധ്യതകൾ

സ്വന്തമായി 20 സെൻറ് ഭൂമിയുള്ളവർ പോലും റബർ കൃഷി ചെയ്യുന്നതുകൊണ്ട് ഈ പഞ്ചായത്ത് ഒരു വൻകിട റബറുല്പാദനമേഖലയാണ്. ഈ മേഖല പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയുടെ 80% വരും ആയതിനാൽ ഈ പഞ്ചായത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് വളരെ സാധ്യതയുണ്ട്.

വൻകിട വ്യവസായശാലകൾ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം ഈ പഞ്ചായത്തിൽ നിലവിലുണ്ട്. സ്വകാര്യ ഉടമസ്ഥതയിലും പൊതുമേഖലയിലും ആയിരക്കണക്കിനു ഏക്കർ ജനവാസമില്ലാത്ത തോട്ടം നിലനിൽക്കുന്നു. ഇവിടെ വൻകിടവ്യവസായ ശാലകൾ തുടങ്ങുന്നതിനു കഴിയും.

## 1. റബർ അധിഷ്ഠിത വ്യവസായം.

റബർപാലിൽനിന്നും നേരിട്ട് ഉല്പാദിപ്പിക്കാൻ കഴിയുന്ന ഉല്പന്നങ്ങൾക്കുവേണ്ടി ഈ പഞ്ചായത്തിൽ ലാറ്റക്സ് പ്രോസസിംഗ് മദർയൂണിറ്റ് ആരംഭിക്കണം. ഇവിടെ നിന്നും പ്രോസസ്ഡ് ലാറ്റക്സ് അസംസ്കൃത വസ്തുവായി ഉപയോഗിച്ച് റബർബാൻറ്, ഗ്ലൗസസ്, ഫിംഗർക്യാപ്, ബലൂൺ തുടങ്ങിയ നിരവധി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഗാർഹിക യൂണിറ്റുകൾ രൂപീകരിക്കണം. ഇത് ഒരു <u>ഉപതൊഴിലായെങ്കിലും പഞ്ചായത്തിലെ ആയിരത്തോളം കുടുംബങ്ങളിൽ വ്യവസായം എത്തിക്കും.</u>

### കുടുംബത്തിൽ ഒരു വ്യവസായം

## II ഇലക്ട്രോണിക്സ് വ്യവസായം.

ഇലക്ട്രോണിക്സ് വ്യവസായരംഗത്ത് ജപ്പാൻ മാതൃകയിലുള്ള ഒരു മുന്നേറ്റം ഈ പഞ്ചായത്തിൽ സംഘടിപ്പിക്കാൻ കഴിയും. ഈ മേഖലയിൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കണം. ( ഉദാ. ടി.വി. സ്റ്റെബിലൈസർ, ക്ലോക്ക്, വാച്ച്, കാൽക്കുലേറ്റർ മുതലായവ). ഈ വ്യവസായശാലകളിൽ നിന്നും നൽകുന്ന അസംസ്കൃതസാധനങ്ങളുപയോഗിച്ച് ഉല്പന്നങ്ങളുടെ വിവിധ പാർട്സുകൾ നിർമ്മിച്ച് വ്യവസായശാലകൾക്ക് തന്നെ നൽകുന്ന ഗാർഹികയൂണിറ്റുകൾ രൂപീകരിക്കണം. ഇതും ഒരു <u>ഉപതൊഴിലായി പഞ്ചായത്തിലെ ആയിരത്തിലധികം കുടുംബങ്ങളിൽ എത്തും.</u>

### കുടുംബത്തിൽ ഒരു വ്യവസായം.

# III ചെറുകിട വ്യവസായങ്ങൾ

### I. റബർ അധിഷ്ഠിത വ്യവസായങ്ങൾ

1. റബ്ബർതടി സംസ്ക്കരണം.
2. റബ്ബർതടി ഫർണ്ണിച്ചർ നിർമ്മാണം.
3. റബ്ബർത്രഡ് വ്യവസായം
4. റബ്ബർകുരു സംസ്ക്കരണം.
5 റബ്ബർ ഫോംബെഡ് നിർമ്മാണം.
6. റബ്ബർ ചെരുപ്പ് നിർമ്മാണം.

### 2. എൻജിനിയറിംഗ് വ്യവസായങ്ങൾ.

സംസ്ഥാനത്തിനു വെളിയിലും രാജ്യത്തിനു പുറത്തുമായി വ്യവസായശാലകളിൽ ജോലിചെയ്ത് സാമ്പത്തികപുരോഗതിയോടൊപ്പം സാങ്കേതിക പരിജ്ഞാനം നേടിയവരും വിദ്യാഭ്യാസയോഗ്യതയുള്ള വരും (എൻജിനിയറിംഗ്) ആയ ധാരാളം ആളുകൾ ഈ പഞ്ചായത്തിൽ നിവസിക്കുന്നുണ്ട്. ഇവരുടെ അനുഭവസമ്പത്തും സാങ്കേതികപരിജ്ഞാനവും ഉപയോഗപ്പെടുത്തി ഈ പഞ്ചായത്തിൽ എൻജിനീയറിംഗ് വ്യവസായത്തിനു സാധ്യതയുണ്ട്.

1. ഗ്രില്ല്, ഗേറ്റ് മുതലായവയുടെ നിർമ്മാണം.
2. ആണി നിർമ്മാണം.
3. എൻജിനിയറിംഗ് ലെയ്ത്ത്.
4. ഇരുമ്പ് നാഗതൊട്ടികൾ
5. കെട്ടുകമ്പി നിർമ്മാണം.
6. മുള്ളുകമ്പി നിർമ്മാണം.

### 3. മറ്റു വ്യവസായങ്ങൾ

ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിനു താല്പര്യമുള്ളതും, വിപണനസാധ്യതയുള്ളതുമായ മറ്റു വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം.

1. സോപ്പുനിർമ്മാണം.
2. കാലിത്തീറ്റ ഫാക്ടറി
3. ഭക്ഷ്യവസ്തു സംസ്കരണ യൂണിറ്റ്.
4. ഫർണ്ണിച്ചർ വ്യവസായം
5. കുടനിർമ്മാണം.
6. ബേക്കറി വ്യവസായം.
7. പ്രിൻറിംഗ് പ്രസ്.
8. സ്വിച്ചസ് & ഇലക്ട്രോണിക്സ് യൂണിറ്റ്.
9. അലൂമിനിയപാത്ര നിർമ്മാണം.
10. ചന്ദനത്തിരി വ്യവസായം.
11. ചെടിച്ചട്ടി നിർമ്മാണം.
12. കറിപൗഡർ.
13. സ്വിച്ച്ബോർഡ് നിർമ്മാണം.
14. ഹോളോബ്രിക്സ്
15. ഇഷ്ടിക നിർമ്മാണം.
16. ധാന്യസംസ്ക്കരണം.
17. അച്ചാറുകളുടെ നിർമ്മാണം.
18. ക്രഷർ യൂണിറ്റ്.
19. ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം.

### വ്യവസായ സഹകരണസംഘങ്ങൾ

ഓരോ മേഖലയിലും വൈദഗ്ദ്ധ്യം ഉള്ളവരും താല്പര്യമുള്ളവരുമായ സമൂഹങ്ങളെയോ വ്യക്തികളെയോ തെരഞ്ഞെടുത്ത് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പുത്തൻ വ്യവസായസംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

1. ക്ഷീരവ്യവസായം.
2. ഇറച്ചിക്കോഴി വളർത്തൽ
3. കെട്ടിടനിർമ്മാണസാമഗ്രികൾ
4. കറിപൗഡർ നിർമ്മാണം.
5. റഡിമെയ്ഡ് ഗാർമെൻറ്സ്
6. തേനീച്ച വളർത്തൽ
7. കരകൗശല വ്യവസായം
8. ബീഡിതെറുപ്പ്.
9. റബ്ബർ നേഴ്സറി.
10. പ്രിൻറിംഗ് പ്രസ്.
11. ഫ്ലോറികൾച്ചർ.
12. മെഴുകുതിരി നിർമ്മാണം..

# പ്രശ്നങ്ങൾ

## I. ബോധവൽക്കരണത്തിൻെറ കുറവ്.

വ്യവസായ വകുപ്പിൻെറ നേതൃത്വത്തിൽ ശരിയായ ബോധവൽക്കരണം നടക്കുന്നു എന്നുള്ളത് മറച്ചു വച്ചുകൊണ്ടല്ല ഇത് അവതരിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ വ്യവസായരംഗത്തേക്ക് ആളുകൾ കടന്നുവരുന്നതിന് വിമുഖരാകുന്നു. ബോധവൽക്കരണം അത്യാവശ്യം വേണ്ടതുതന്നെ. അതിലുപരിയായി ഒരു 'വ്യവസായ സംസ്ക്കാരം' വളർത്തിയെടുക്കണം. നാളെകളിൽ തൊഴിലില്ലായ്മ ഇന്നുള്ളതിൻെറ പതിൻമടങ്ങ് രൂക്ഷമാകുമെന്നും അതുകൊണ്ട് ഓഫീസ് ജോലികളിൽ (വൈറ്റ്കോളർ) മാത്രം കണ്ണുംനട്ട് കഴിയാതെ അലസതയുപേക്ഷിച്ച് 'ഒരു കുടുംബത്തിൽ ഒരു വ്യവസായം' എന്ന നിലയിലേക്ക് വരുന്നതിനും അതുവഴി ഒരു വ്യവസായ സംസ്ക്കാരത്തിനു രൂപം നൽകുന്നതിനും കഴിയണം. ആയതിലേക്ക് സർക്കാരിനെയോ സർക്കാർ ഏജൻസികളെയോ മാത്രം ആശ്രയിക്കാതെ രാഷ്ട്രീയപ്പാർട്ടികൾ ഉൾപ്പെടെ മറ്റു സാമൂഹ്യസംഘടനകളും 'ഒരു കുടുംബത്തിൽ ഒരു വ്യവസായം' എന്നത് മുദ്രാവാക്യമാക്കണം

## II സാങ്കേതിക പരിജ്ഞാനക്കുറവ്.

ഉല്പാദന സംഭരണ വിപണന മേഖലകളിൽ സാങ്കേതിക പരിജ്ഞാനത്തിൻെറ അഭാവം.

കമ്പോള അഭിരുചികളിൽ വരുന്ന മാറ്റവും വ്യവസായ മേഖലകളിൽ ഉണ്ടാകുന്ന സാങ്കേതിക മികവുകളും പരിശീലിപ്പിക്കുവാൻ സംവിധാനം ഉണ്ടാകണം.

വ്യവസായരംഗത്തെ പുത്തൻ സാങ്കേതിക അറിവുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

## III. വായ്പാ രംഗം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും നൽകുന്ന വായ്പാവിതരണത്തിലെ അപാകത വ്യവസായികരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

1. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
2 വായ്പ ലഭിക്കുന്നതിനുള്ള ജാമ്യത്തിൻെറ രീതിയിൽ മാറ്റമുണ്ടാകണം. ആരംഭിക്കുന്ന യൂണിറ്റിൻെറ ജാമ്യത്തിൽത്തന്നെ വായ്പ ലഭ്യമാക്കണം.
3. വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലദൈർഘ്യ കുറവ്. അതുകൊണ്ട് ദീർഘകാലവായ്പ അനുവദിക്കണം.
4. വ്യവസായസംരംഭങ്ങൾക്കുള്ള പലിശനിരക്ക് കുറയ്ക്കണം.
5 വ്യവസായസംരംഭകരോടുള്ള ബാങ്കുകളുടെ സമീപനത്തിൽ കാതലായ മാറ്റം വരുത്തണം.

## IV. വൈദ്യുതിയുടെ ദൗർലഭ്യം

വ്യവസായങ്ങൾ വൈദ്യുതിയെ ആശ്രയിച്ചു നിൽക്കുന്നു. വൻകിട വ്യവസായങ്ങൾ വൈദ്യുതിക്ക് മറ്റു രീതികളെ അവലംബിക്കുമ്പോൾ ചെറുകിടവ്യവസായങ്ങൾക്ക് ഈ രംഗത്ത് പിടിച്ചുനിൽക്കുന്നതിനു കഴിയുന്നില്ല.

1. വൈദ്യുതി ആവശ്യാനുസരണം നൽകണം.
2. വൈദ്യുതിചാർജ് നിരക്കിൽ ഗണ്യമായ മാറ്റം ഉണ്ടാകണം

## V അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതസാധനങ്ങൾ ഏജൻസികൾ മുഖേനയോ, സഹകരണസംഘങ്ങൾ മുഖേനയോ ശേഖരിച്ച് ആവശ്യത്തിനനുസരിച്ച് വ്യവസായശാലകൾക്കു നൽകണം. ഇത് വിലകൾക്ക് ഏകീകൃത സ്വഭാവം നൽകും.

## VI. വിപണികളുടെ അഭാവം.

വ്യവസായികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ വിപണനസാധ്യതക്കുറവ് ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വൻകിടവ്യവസായങ്ങൾ പരസ്യത്തിനും വിപണനത്തിനുമായി വൻതുകകൾ ചെലവഴിക്കുമ്പോൾ അതുമായി കിടപിടിക്കുന്നതിനു ചെറുകിടവ്യവസായങ്ങൾക്ക് കഴിയുന്നില്ല. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ ശേഖരിക്കുകയും അവയ്ക്കു 'കോമൺ ബ്രാൻറ് നെയിം' നൽകി വിപണനം നടത്തുകയും ചെയ്താൽ ഇവയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. ഗാന്ധിസ്മാരകനിധിയുടെ വകയായുള്ള പൂതംകരയിലെ നെയ്ത്തുശാല പുനരുദ്ധരിക്കുക; മറ്റു വ്യവസായങ്ങൾ അവിടെ ആരംഭിക്കുക.

3. റബ്ബറധിഷ്ഠിത മേഖലയിലും ഇലക്ട്രോണിക്സ് മേഖലയിലും വൻകിടവ്യവസായങ്ങൾ ആരംഭിക്കുക.

4. റബ്ബർതടി സംസ്ക്കരണം, ഫർണ്ണിച്ചർ നിർമ്മാണം, റബർത്രഡ് വ്യവസായം, റബ്ബർകുരു സംസ്ക്കരണം, ഫോംബെഡ് നിർമ്മാണം, ചെരുപ്പ് നിർമ്മാണം എന്നീ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുക.

5. എൻജിനിയറിംഗ് വ്യവസായങ്ങളായ ഗ്രില്ല്, ഗേറ്റ് മുതലായവയുടെ നിർമ്മാണം, ആണി നിർമ്മാണം, എൻജിനിയറിംഗ് ലയിത്ത് വ്യവസായം ഇരുമ്പ്-നാഗത്തൊട്ടികളുടെ നിർമ്മാണം, എന്നിവ ആരംഭിക്കുക.

6. ചെറുകിടവ്യസായങ്ങളായ സോപ്പുനിർമ്മാണം, കാലിത്തീറ്റഫാക്ടറി, ഭക്ഷ്യവസ്തു സംസ്കരണ യൂണിറ്റ്, ഫർണ്ണിച്ചർവ്യവസായം, കുട നിർമ്മാണം, ബേക്കറി വ്യവസായം, പ്രിൻറിംഗ്പ്രസ്, ഇലക്ട്രോണിക്സ് യൂണിറ്റ് & സ്വിച്ച്ബോർഡ് നിർമ്മാണം, അലൂമിനിയം പാത്രങ്ങൾ, ചന്ദനത്തിരി നിർമ്മാണം, മൺപാത്രനിർമ്മാണം, ക്രഷർ, ഹോളോബ്രിക്സ്, ഇഷ്ടിക നിർമ്മാണം ഇവ ആരംഭിക്കുക.

7. വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് ക്ഷീരവ്യസായം, ഇറച്ചിക്കോഴി വളർത്തൽ, കെട്ടിട നിർമ്മാണസാമഗ്രികൾ, കറിപൈഡർ യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെൻറ്സ്, തേനീച്ചവളർത്തൽ, കരകൗശല യൂണിറ്റ്, ഫ്ലോറികൾച്ചർ, റബർനേഴ്സറി, പ്രിൻറിംഗ് പ്രസ് ഇവ ആരംഭിക്കുക.

8. വ്യവസായങ്ങൾ ആരംഭിക്കുന്നതിനു സാങ്കേതിക പരിശീലനം നൽകുക.

9. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

10 വായ്പാസൗകര്യം മെച്ചപ്പെടുത്തുക.

11. വൈദ്യുതിദൗർലഭ്യം പരിഹരിക്കുക.

12. അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുക

13. വിപണനസൗകര്യം വർദ്ധിപ്പിക്കുക.



V4A

# ഗതാഗതം



ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ (ആഹാരം, വസ്ത്രം, പാർപ്പിടം) പോലെതന്നെ ജനജീവിതത്തിനു അവശ്യം വേണ്ട ഘടകമാണ് ഗതാഗതം. ഈ പഞ്ചായത്തിൽ റോഡു ഗതാഗതം മാത്രമാണ് നിലവിലുള്ളത്. ഇവിടത്തെ പ്രധാന. റോഡുകൾക്ക് ജനജീവിതത്തോളം പഴക്കമുണ്ട്. ആര്യങ്കാവിൽനിന്നും ആരംഭിച്ച ഒരു മലമ്പാത ഇളമണ്ണൂർ- പൂതംങ്കര- മങ്ങാട് വഴി സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു പോയിരുന്നെന്ന് 1817 ലെ തിരുവിതാംകൂർ വാർഡ് & കോണർ സർവ്വേയിൽ പറഞ്ഞിട്ടുണ്ട്. ഈ മലമ്പാതയ്ക്കു സമാന്തരമായാണ് ഈ പഞ്ചായത്തിനെ രണ്ടായി പകുത്തുകൊണ്ട് ഒത്ത നടുവിലൂടെ കടന്നുപോകുന്ന കായംകുളം - പുനലൂർ(K.P) റോഡ് .

## കായംകുളം പുനലൂർ റോഡ്.

ജനസഞ്ചാരത്തിനായി ആദ്യകാല ബസ് സർവ്വീസ് 1929 ൽ ഈ പഞ്ചായത്തിൽ K.P. റോഡിലൂടെയാണ് ഓടിത്തുടങ്ങിയത്. എട്ട് സീറ്റു മാത്രമുള്ള 'എയ്റ്റ് സീറ്റർ' എന്ന ബസ് ആയിരുന്നു അത്. ഇതിനു വളരെ മുമ്പുതന്നെ ചരക്കു ഗതാഗതത്തിനു ഈ റോഡ് ഉപയോഗിച്ചിരുന്നു. പ്രധാന വാണിജ്യ കേന്ദ്രങ്ങളായ ചെങ്കോട്ട, പുനലൂർ, പറക്കോട്, കായംകുളം എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഈ റോഡിന് വാണിജ്യപരമായി വളരെ പ്രാധാന്യമുണ്ടായിരുന്നു.

ഈ റോഡിലൂടെ ദിനംപ്രതി ആയിരക്കണക്കിനു വാഹനങ്ങൾ ഇപ്പോൾ കടന്നുപോകുന്നുണ്ട്. കൂടാതെ അച്ചൻകോവിൽ- ആര്യൻകാവ് ക്ഷേത്രദർശനത്തിനുശേഷം പന്തളം കൊട്ടാരം വഴി ശബരിമലയിലേക്കും തിരിച്ചുമുള്ള തീർത്ഥാടകരുടെ ഏക സഞ്ചാരമാർഗമാണ് K.P.റോഡ്. ഈ സമയങ്ങളിലുള്ള വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവു കൂടിയാകുമ്പോൾ ഗതാഗതം നിയന്ത്രണാതീതമാകുന്നു.

54 കി.മീ. ദൈർഘ്യമുള്ള ഈ റോഡിൻെറ 11 കി.മീ ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത് ഏനാദിമംഗലം പഞ്ചായത്തിലെ ഏറ്റവും പഴക്കമാർന്നതും ഏറ്റവും കൂടുതൽ ബസ്സർവ്വീസ് ഉള്ളതും ഏറ്റവും പ്രധാന്യമർഹിക്കുന്നതുമായ ഈ റോഡിനു പരാധീനതകൾ ഏറെയുണ്ട്.

K.P. റോഡിനു പുറമെ കുന്നിട - പുതുവൽ, ചായലോട്- കിളിക്കോട്, ഇളമണ്ണൂർ മാർക്കറ്റ് ജംഗ്ഷൻ- കലഞ്ഞൂർ, ഇളമണ്ണൂർ പഞ്ചായത്തു ജംഗ്ഷൻ- കലഞ്ഞൂർ എന്നീ റോഡുകളിലൂടെയാണ് ബസ്സർവ്വീസുകൾ ഉള്ളത്. ജനബാഹുല്യം ഏറെയുണ്ടെങ്കിലും സർവ്വീസുകൾ പേരിനു മാത്രമാണ്.

## മറ്റു ഗതാഗത സൗകര്യങ്ങൾ.

ബസിനു പുറമെ പഞ്ചായത്തിലുള്ള മറ്റു ഗതാഗതസൗകര്യങ്ങൾ ടാക്സിക്കാറുകൾ, ഓട്ടോറിക്ഷകൾ, ജീപ്പുകൾ മുതലായവയാണ്. ചരക്കുഗതാഗത്തിനു ലോറി, ടെമ്പോ, ജീപ്പ് എന്നിവയും ഉപയോഗിക്കുന്നു. സ്വകാര്യ ഉടമസ്ഥതയിലുള്ള മേൽപറഞ്ഞ വാഹനങ്ങൾ ഏകദേശം 200 ഉണ്ട്. ഇളമണ്ണൂർ എൽ.പി എസ് ജംഗ്ഷനിൽ ആണ് ടെമ്പോ, കാറ്, ജീപ്പ്, ഓട്ടോറിക്ഷ എന്നിവയുടെ ഒരു സ്റ്റാൻറുള്ളത്. കൂടാതെ പുതുവലിൽ ഓട്ടോറിക്ഷാ സ്റ്റാൻറുണ്ട്. ലോറികൾ നിലവിലുണ്ടെങ്കിലും അവയ്ക്ക് പ്രത്യേകമായ സ്റ്റാൻറുകൾ ഇല്ല.

## റോഡുകളുടെ ഗതാഗതയോഗ്യത.

വരമ്പുകളും ഒറ്റയടിപ്പാതകളും വെട്ടുറോഡുകളും ഉൾപ്പെടെ പഞ്ചായത്തു റിക്കാർഡിൻ പ്രകാരം ആകെ റോഡുകളുടെ നീളം 235.7 കി. മീ. ആണ്. സഞ്ചാരയോഗ്യമല്ലാത്തവയാണ് ഏറിയപങ്കും. പഞ്ചായത്തിലെ ടാർചെയ്ത റോഡുകളുടെ ആകെ നീളം 37.2 കിമി. ആണ്. പഞ്ചായത്തിലെ ടാർചെയ്ത റോഡുകളുടെ ആകെ നീളവും ഉടമസ്ഥതയും പട്ടിക I ൽ താഴെ കൊടുക്കുന്നു.

### പട്ടിക I

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം km |
|---|---|---|---|
| 1 | കായംകുളം-പുനലൂർ | P.W.D | 11 |
| 2 | മങ്ങാട്-കുന്നിട-പുതുവൽ | " | 10.50 |
| 3 | ഇളമണ്ണൂർ മാർക്കറ്റ്ജംഗ്ഷൻ-കലഞ്ഞൂർ | " | 2.5 |
| 4 | ഇളമണ്ണൂർ പഞ്ചായത്ത് Jn-കലഞ്ഞൂർ | K.I.P | 3.5 |
| 5 | പുത്തൻചന്ത-തേപ്പുപാറ | പഞ്ചായത്ത് | 3.5 |
| 6 | തിരുമങ്ങാട്-മാലൂർകോളേജ് | " | 1.5 |
| 7 | ചാങ്കൂർ-കലഞ്ഞൂർ | " | 2.5 |
| 8 | പൂതംകര-പ്ലാൻേറഷൻ | " | 1 |
| 9 | പാറയ്ക്കൽ-മുരുകൻകുന്ന് | " | 1 |
| | ആകെ | | 37.00 |

മലകളും കുന്നുകളും, താഴ്‌വാരങ്ങളും അടങ്ങുന്ന പഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ജനജീവിതത്തെ ദുഃസഹമാക്കുകയും ജനങ്ങളെ പഞ്ചായത്തിൻെറ പ്രധാന ഭാഗങ്ങളുമായി ബന്ധപ്പെടുന്നതിൽ നിന്നും അകറ്റുകയും ചെയ്യുന്നു.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

ഈ പഞ്ചായത്തിൽ ഗ്രാമസഭാചർച്ചകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള റോഡുനിർമ്മാണത്തെപ്പറ്റിയുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

വാർഡ് 1

1. മേമനപടി - ലൂർദ്ദുപുരം
2. പാറയ്ക്കൽ - പുതുശ്ശേരിപടി
3 കൊച്ചുപറയൻകോട് - കൂമ്പല്ലൂർതോട്ടം
4. പാറയ്ക്കൽ - ആലവിളപടി
5 മങ്ങാട് - ജയചന്ദ്രഎസ്റ്റേറ്റ്
6 മങ്ങാട്പള്ളിപ്പടി - മുരുകൻകുന്ന്
7 കുറ്റിയിൽപടി - കുളമാക്കോട്.

വാർഡ് II

I വടക്കുംപുറം - കുളമാകുഴി
2 കുന്നിട - ലക്ഷംവീട്
3 നല്ലൂർപടി - സ്കിന്നർപുരം
4 മണ്ണാറ്റൂർപടി - ഉച്ചിക്കോട്ടുവിള
5 ചായലോട് - കണ്ണംകോട്ടുകുഴി
6 കുന്നിട - മഹാദേവർക്ഷേത്രം
7 ലക്ഷംവീട് - പെരുന്തോയിക്കൽ

വാർഡ് III

1 മാരൂർ H.S. നു തെക്കുമുതൽ കാട്ടുകാല
2. മാരൂർ എരപ്പിൻ കലുങ്ക് - കാട്ടുകാല
3 പാറവിള - മീനം
4. പൂവത്താംകുളം - മീനം
5. ഉച്ചിക്കോട്ടുപടി - തേങ്ങാമുരുപ്പ്
6. ചെമ്മണ്ണേറ്റം - കൂട്ടപ്പാറ
7 കൂട്ടപ്പാറ - കാട്ടുകാല
8. മഞ്ഞപ്പുറം - കണ്ണംകരഏലാ
9. vjfh¥eJ- heJbfä

വാർഡ് IV

1 മാരൂർഎച്ച്.എസ് - തിരുമങ്ങാട്
2. തടത്തിൽപടി - പാലമൂട്
3 പുലിപ്പാറത്തടം - കെ.പി.റോഡ്
4. കോലിയക്കോട് - കാരിഞ്ചക്കുഴി

വാർഡ് V

1. പുതുവൽ - കാരംവേലിൽ
2 മാധവമംഗലത്തുപടി - കാരംവേലിൽ
3 ചെങ്കിലാത്തു - പാലമുക്ക്
4 പട്ടാറ - കുഴൽകിണർജംഗ്ഷൻ
5 കിഴക്കേറ്റം - തുരുത്തിയിൽ
6 ചിറമുടി - ചിറമുടികിഴക്കേക്കര

വാർഡ് VI

1 താമരശ്ശേരിപ്പടി - പള്ളിപ്പുരപ്പടി
2 വൈക്കംപടി - കൊച്ചുകളീക്കൽപടി

3 ഒറ്റപ്ലാപ്പടി - കണ്ടത്തിൽപ്പടി

4 കുറ്റിക്കൽപടി - സെൻറ് തോമസ്പള്ളിപ്പടി

5 കിസാൻമുക്ക് - മലനട

6 ലക്ഷംവീട് - മാവിളഏലാ

## വാർഡ് VII

1. ഇളമണ്ണൂർഎച്ച്.എസ് - പഞ്ചായത്തുകുളം
2 അടപ്പുപാറ - കുതിരമൺ
3 കുതിരമൺ- തെക്കേക്കര
4 കൊട്ടക്കാട്ടുപടി - കരോട്ടുകോണിൽ
5 അമ്പലക്കുളം- ക്ഷേത്രംപടി
6 നൂറക്കാട്ട്പടി - ഭഗവതികുന്ന്ക്ഷേത്രം
7 ഇളമണ്ണൂർ എച്ച്.എസ്- പ്ലാവിനാൽകുഴി
8 ഇളമണ്ണൂർ - വെള്ളാരംകുന്ന്
9 ഇളമണ്ണൂർതെക്കേക്കര - ഞെക്കാട്ട്
10 ഇളമണ്ണൂർ എച്ച്.എസ്. - അംഗൻവാടി
11 ഇളമണ്ണൂർ എച്ച്.എസ് - ചെപ്പള്ളിത്തോട്ടംവഴി തോട്ടപ്പാലം
12 കൊട്ടക്കാട്ട്പടി - താന്നിക്കൽറോഡ്

## വാർഡ് VIII

1 പാറത്തുണ്ടിൽപടി - പുയപ്പള്ളിൽപടി
2 പള്ളിപടി - കനാൽപടി
3 കുന്നുംപുറത്തുപടി - മണ്ണിൽപടി
4 കരുണാലയം - വട്ടവിളപടി
5 കാവുതുണ്ടിൽപടി - കരഞ്ഞോട്ട്ഏലാ
6 ശ്രീധരവിലാസം - കാപ്പിത്തോട്ടം

## വാർഡ് IX

1. SIP - കൊല്ലായിക്കോട്
2 കടമാൻകുഴിപാലം - പാറക്കടവ്
3 മരുതിമുക്ക് - പാറക്കടവ്
4 കടമാൻകുഴി -ഇടശ്ശേരികോണം- എസ്.ഐ.പി
5 ചാപ്പാലിൽ - പാലക്കോട്ടുപടി

## വാർഡ് X

1 പാറയിൽപടി - കുറ്റിയിൽപടി
2 നാറാണത്തുപടി - ആശാരിപ്പടി
3 മരുതിമൂട് - ആഞ്ഞിലിമൂട് റോഡ്
4 മരുതിമൂട് - വലിയവിളപടി
5 വിളയിൽപടി - കാവിൻെറകിഴക്ക്
6 ആലയിൽപടി - പറുതലക്കുഴി
7 ആലയിൽപടി - വാഴോട്ട്
8 മുരുകൻകുന്ന് - എസ്.ഐ.പി. - പൂതംകര
9 കൊട്ടക്കാട് - കരോട്ടുകോണം.
10 സ്കിന്നർപുരം - വാഴോട്ടുപടി

**പാലം, കലുങ്ക്, റോഡുവീതികൂട്ടൽ, അതിരു ഭിത്തികൾ, നിർമ്മിക്കേണ്ട റോഡുകൾ.**

1 പനച്ചിവിള- ആലുവിള-പുല്ലാഞ്ഞിക്കാല- (കലുങ്ക്, സൈഡുകെട്ട്)
2 വാഴൂർമൂലയിൽ - (ഫുഡ് ബ്രിഡ്ജ്)
3 വേലൻെറ പടി - (ഫുഡ് ബ്രിഡ്ജ്)
4 നായിക്കനാമണ്ണ് -(പാലം)
5 വാഴൂർമൂല - പാലം ബലപ്പെടുത്തണം, റോഡു സൈഡുകെട്ടണം.
6 കുന്നിട ചായലോട് - ചിറക്കരോട്ട് (സൈഡുഭിത്തി)
7 " വടക്കും പുറം "
8 ലക്ഷംവീട് - വേലൻെറ പടി - സൈഡു ഭിത്തി കെട്ടണം
9 പാറയിൽപടി - കലുങ്ക്
10 തിരുമങ്ങാട് ഈട്ടിവിളപടി - (വീതികൂട്ടണം)
11 കോളേജ് റോഡ് കരണ്ടമൂല - (വീതികൂട്ടണം)

12 250ാംമൈൽ പുൽപാറതടം - പാലം
13 എം.എച്ച്.എസ്. തിരുമങ്ങാട് - പാലം
14 തിരുമങ്ങാട് കാട്ടുകാല - കലുങ്ക്
15 മാരൂർ എച്ച്.എസ്. തിരുമങ്ങാട് - (സൈഡ് ഭിത്തി കെട്ടണം.)
16 മാരൂർ എച്ച്,എസ്. കലഞ്ഞൂർ റോഡ് - (വീതി കൂട്ടണം)
17 വിളനിലം ചിറമുടികിഴക്കേക്കര - (കോൺക്രീറ്റ്)
18 പുതുവൽ തിരുവങ്ങാട് - (പാലം പുതുക്കിപണിയണം)
19 കരിമ്പിൽപടി കിഴക്കേറ്റം - (വീതി കൂട്ടണം)
20 കൊടിയിൽപടി - കലുങ്ക്
21 തടത്തിപടി- ഒഴുക്കുപാറ റോഡിൽ - കോൺക്രീറ്റ്)
22 തെയിലക്കട കാരംവയൽ - കോൺക്രീറ്റ്
23 ചാങ്കൂർ മലനട - (കയറ്റം വെട്ടിക്കുറയ്ക്കണം.)
24 പൂവണ്ണുംമൂട് ആര്യക്കോട് ഏല -(വീതികൂട്ടണം)
25 കുറ്റിക്കപടി ചക്കുകട - (വീതികൂട്ടണം)
26 ഫെയ്ത്ത്ഹോം കരിമ്പുവിള ഏലാ - (വീതികൂട്ടണം)
27 ചാങ്കൂർ കല്ലുവളയം - (നടപ്പാലം)
28 അമ്പലക്കുളം -പാറവിളപടി - (വീതികൂട്ടണം)
29 വലിയതോട് - (നടപ്പാലം)
30 തോട്ടപ്പാലം കണ്ണങ്കര - (കലുങ്ക്, സൈഡ് ഭിത്തി കെട്ടുക)
31 മേച്ചിരഴികത്തുപടി - വീതികൂട്ടണം
32 ഇളമണ്ണൂർ എച്ച്.എസ്- ലക്ഷംവീട് -വീതികൂട്ടണം
33 ഇളമണ്ണൂർ - വെള്ളാരംകുന്ന് - (സൈഡ് കെട്ടണം)
34 ഇളമണ്ണൂർ എൽ.പി.എസ് - മുക്കോണുവിള - (സൈഡുകെട്ടണം)
35 അടപ്പുപാറ - കുതിരമൺ - വീതികൂട്ടണം
37 പ്ലാവനാൽകുഴി - (വീതികൂട്ടണം)
38 കരയോഗം - സ്കിന്നർപുരം - (വീതികൂട്ടുക)
39 കൊട്ടയ്ക്കാട്ടുപടി - ചാണിക്കൽറോഡ് - (സൈഡ് കെട്ടി പാലം പണിയണം)
40 ഇളമണ്ണൂർ എച്ച്.എസ്. - പഞ്ചായത്തുകുളം - (വീതികൂട്ടണം)
41 അടപ്പുപാറ - കുതിരമൺ - (നടപ്പാലം)
42 ഇളമണ്ണൂർ പോസറ്റാഫീസ്- പാലമുറ്റംപടി - (കോൺക്രീറ്റ്)
43 തെക്കേക്കര - ഇളമണ്ണൂർ എച്ച്.എസ്- (കലുങ്ക്)
44 ഇഎച്ച്എസ്. - പ്ലാവിനാക്കുഴി - (വീതികൂട്ടണം)
45 കുതിരമൺ തെക്കേക്കര - (സൈഡ് കെട്ടണം)
46 കരുണാലയംപടി - മാവിള - (വീതികൂട്ടണം, കയറ്റം, വെട്ടികുറയ്ക്കണം)
47 ഇളമണ്ണൂർ - കുന്നിട - (കയറ്റം കുറയ്ക്കണം.)
48 ഇ.എച്ച്.എസ്. - അംഗൻവാടി - (വീതികൂട്ടണം)
49 മുകളഴികത്ത് - (സൈഡ് കെട്ടിപൊക്കണം)
50 ഭജനമഠംപടി - പ്ലാൻേറഷൻ - (പാലം)
51 പ്ലാൻേറഷൻ - കലഞ്ഞൂർ - (സൈഡുകെട്ടണം)
52 മുരുപ്പേൽത്തറ- സൂസൻഫോഡ് - (വീതികൂട്ടണം)
53 മരുതിമൂട് പാലക്കോട് - (വീതികൂട്ടണം,പാലം)
54 ആലേപ്പടി, - കോട്ടൂർപടി - (പാലം)
55 ആലേപടി - വാഴോട്ടുപടി - (അരുവിക്കര പാലം വേണം, സൈഡുകെട്ടിപൊക്കണം, കോൺക്രീറ്റ് വേണം)
56 എസ്.ഐ.പി. -വലിയവിളപടി - കലുങ്ക്
57 പാലവിളപടി - കുന്നിട - (സൈഡ് ഭിത്തി)
58 സി.എസ്.ഐ ജംഗ്ഷൻ - പെരിന്തോയിക്കൽ- വീതി കൂട്ടണം

## ടാർചെയ്യേണ്ട റോഡുകൾ

1 വാഴോട് - പുല്ലാഞ്ഞിക്കാല (ലൂർദ്ദുപുരം വഴി)
2 ചായലോടു സ്ക്കൂൾ - ഞക്കുവള്ളിക്കൽ
3 മങ്ങാട് - ജയചന്ദ്ര എസ്റ്റേറ്റ്

4 പാലനിൽക്കുന്നപടി - പ്ലാവിള എസ്റ്റേറ്റ്
5 പുല്ലാഞ്ഞിക്കാല - ചായലോട്
6 മേമനപടി - ലൂർദ്ദുപുരം
7 വട്ടക്കുന്ന് - വേടമല
8 കുന്നിട - കല്ലേത്ത്
9 ചായലോട് - ഇളമണ്ണൂർ
10 വാലൂർമല - വട്ടക്കുന്ന്
11 കുന്നിട യു.പി. സ്ക്കൂൾ - മംഗലത്തുപടി
12 മേൽപടി - പാലമുറ്റം
13 തോട് - മുളയംകോട്
14 മാര എച്ച്.എസ് - കാട്ടുകാല
15 കാഞ്ഞിരത്തുംപടി - തുറവൻവിള
16 ചെമ്മ റ്റം - കൂട്ടപ്പാറ
17 ഉച്ചിക്കോട്ടുപടി - പൂങ്കാവ് ഏലാ
18 പാറവിള മീനം എൽ.പി.എസ്
19 കുന്നട യു.പി.എസ് - കണ്ണംകര
20 പൂവത്താംകുളം - മീനം റോഡ്
21 മഞ്ഞപ്പുറം - കണ്ണങ്കര ഏലാ
22 നരിപ്പാറ - പാറവിളപടി
23 തോട്ടപ്പാലം കണ്ണങ്കര
24 കാഞ്ഞിരവിളപടി - മീനംറോഡ്
25 ഉടയോൻമുറ്റം - മണമ്പുവിള
26 തേക്കുവിളപടി കോലിയക്കോട്
27 ഉടയോൻമുറ്റം - കോളേജ്റോഡ്
28 തിരുമങ്ങാട് - ഈട്ടിവിളപടി
29 തിരുമങ്ങാട് ഏലാ- കാഞ്ഞിരവിളപടി
30 അയണിവിളപടി - തിരുമങ്ങാട്
31 ഐ.പി.സിഎലിംജംഗ്ഷൻ - കൊല്ലോട്ടുമണ്ണിൽ
32 പാറക്കാലജംഗ്ഷൻ - തിരുമങ്ങാട്
33 കോളേജ് റോഡ് - കരണ്ടാമൂല
34 മാരൂർ എച്ച്.എസ്. - കലഞ്ഞൂർ റോഡ്
35 പുതുവൽ - തുണ്ടുവിള - മൂഴി
36 തടത്തിൽപടി - ഒഴുകുപാറ - കല്ലുവളയം
37 പറമ്പൂട് - പട്ടാറ - ഐ.പി.സീഎലിംഹാൾ
38 ശാലേംപുരം - മരോട്ടിമുട്ടിൽ
39 മൂഴിയിൽ - മാധവമംഗലം
40 കടയിരുക്കിഴക്കേക്കര - വെള്ളയംകോട്
41 കാരംവേലിൽ - തുണ്ടുവിളയിൽ
42 കൊടിയിൽ - കൊട്ടംതറ
43 തേയിലക്കാട - കാരംവയൽ
44 തോണിച്ചാലിൽ - കല്ലുംപുറത്ത്
45 ശാലേംപുരം - എൻ.എം. യു.പി.എസ്
46 ഇളമണ്ണൂർ മാർക്കറ്റ് ജംഗ്ഷൻ - മാവിള (റീടാർ)
47 മാവിള - പൂതംകര
48 ചാങ്കൂർ - വലിയപച്ച - മാരൂർ എച്ച്.എസ്
49 കെ.പി.റോഡ് - പി.എച്ച്.സി. പിച്ചകശ്ശേരി
50 പൂവണ്ണുംമൂട് - ആലക്കോട്
51 കല്ലുവളയം - തടത്തിൽറോഡ്
52 കരിമ്പുവിളപടി - കരുണാലയംപടി
53 വട്ടക്കാല ജംഗ്ഷൻ - വെട്ടിപ്പുറം
54 ഇളമണ്ണൂർ - കലഞ്ഞൂർ റോഡ് (റീടാർ ചെയ്യണം)
55 നൂറക്കാട്ട് - ഭഗവതിക്കുന്ന്
56 വെട്ടിപ്പുറം - ഇളമണ്ണൂർ എച്ച്.എസ്
57 ഇളമണ്ണൂർ - കുന്നിട
58 പൂതങ്കര - തേപ്പുപാറ
59 വട്ടക്കാല - ഞെക്കാട്ട്
60 പോസ്റ്റാഫീസ്പടി - പാറവിളപടി
61 വലിയവിളപടി - മാവിളറോഡ്
62 അമ്പലമുക്ക് - കരിമ്പുവിള
63 പനച്ചിവിള - നെല്ലിവിള- ആലവിള
64 കാഞ്ഞിക്കൽ - കുളവയൽ - റീടാർ
65 വലിയവിളപടി - കിസാൻ മുക്ക്

66 ആഞ്ഞിലിമുക്ക് - പ്ലാൻേറഷൻ റോഡ്
67 കാരുവയൽ - പാറക്കട
68 മഠത്തിൽപടി - കനാൽറോഡ്
69 തേക്കുംകാട്ടിൽപടി - കനാൽറോഡ്
70 കരയോഗംപടി - കനാൽപടി
71 ഭജനമഠംപടി - കനാൽ
72 അയണിയാട്ടുപടി - കനാൽപടി
73 പ്രസാദ്ഭവനം - കാവിൻെറപടി
74 മുരുപ്പേൽതറ - പ്ലാൻേറഷൻ
75 മുരുപ്പേൽതറ - താന്നിവിളപടി
76 തോട്ടുകടവ് - പ്ലാൻേറഷൻ
77 കാഞ്ഞിക്കൽ - കുളവയൽ
78 പാറക്കട - കാഞ്ഞിരപ്പള്ളി ലക്ഷംവീട്
79 അടപ്പുപാറ - എസ്.ഐ.പി
80 പുത്തൻചന്ത - മുരുപ്പേൽതറ
81 ഖാദിബോർഡ് - മാവേലിൽ
82 മാരുതിമൂട് - കടമാൻകുഴി
83 എസ്.ഐ.പി. - കടമാൻകുഴി
84 എസ്.ഐ.പി. - തോപ്പുപാറ
85 മൂർത്തിവിളപടി - തേപ്പുപാറ
86 എസ്ഐ.പി. - മൂർത്തിവിളപടി
87 ചാപ്പാലിൽക്ഷേത്രം - പാലക്കോട്
88 മരുതിമൂട് - എസ്.ഐ.പി
89 മരുതിമൂട് - പാലക്കോട്
90 ആലേപ്പടി - കോട്ടൂർപടി എസ്.ഐ.വി.
91 കെ.ഐ.പി. കനാൽ റോഡുകൾ
92 കുന്നിട - മലനട - അഞ്ചുമല
93 ഈട്ടിവിളപ്പടി - ഉത്തമശ്ശേരിൽപടി

## പ്രശ്നങ്ങൾ

1 വീതിക്കുറവ്, കൊടുംവളവ്, സൈഡുഭിത്തിയുടെ അഭാവം , പ്രായംചെന്ന മരങ്ങൾ, വളരെ താഴ്ന്ന ഭാഗങ്ങൾ എന്നിവ റോഡിൻെറ സഞ്ചാര യോഗ്യ തയ്ക്ക് ക്ലേശങ്ങൾ ഉണ്ടാക്കുന്നു.

2 കാലപ്പഴക്കം ചെന്ന കലുങ്കുകൾ

3 ഓടകളുടെ അഭാവം

4 അറ്റകുറ്റപ്പണികളുടെ അഭാവം

5 വാഹനഗതാഗത വർദ്ധനവ്

6 സൈൻബോർഡുകളുടെ അഭാവം

7 വാഹനങ്ങളുടെ അമിതവേഗതയും ഡ്രൈവിംഗി ലുള്ള അശ്രദ്ധയും

8 റോഡിൻെറ വശങ്ങളിൽ ഇറക്കിയിട്ടിരിക്കുന്ന ഭവനനിർമ്മാണ സാമഗ്രികൾ

9 റോഡിൻെറ വശങ്ങളിൽ നിൽക്കുന്ന വൈദ്യുത ടെലിഫോൺ പോസ്റ്റുകൾ

മേൽവിവരിച്ച പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ നിർമ്മിക്കുകയും ടാർചെയ്യേണ്ടവ ടാർചെ യ്യുകയും സൈഡുഭിത്തി, കലുങ്ക്, പാലം, ചപ്പാത്ത് മുതലായവ പണിയുകയും റോഡിൻെറ വീതികൂട്ടുക യും ചെയ്യുക.

## ബസ് സർവ്വീസുകൾ

കായംകുളം- പുനലൂർ റൂട്ടിൽ ഓടുന്ന K.S.R.T.C. ബസുകളും സ്വകാര്യബസുകളും ഉണ്ടെ

ങ്കിലും തിരക്കുള്ള സമയങ്ങളിൽ (ഓഫീസ്, സ്ക്കൂൾ) ബസ് സർവീസുകൾ കുറവാണ്. രാത്രി എട്ടുമണിക്കു ശേഷം കിഴക്കുനിന്നും പടിഞ്ഞാറോട്ടു ബസുകൾ ഒന്നും തന്നെയില്ല. പത്തനംതിട്ട ജില്ലാ ആസ്ഥാനത്തേയ്ക്കുംതലസ്ഥാനത്തേയ്ക്കും ബസ് സർവ്വീസുകൾ നടത്തുന്നില്ല. രാവിലെ പത്തുമണിക്ക് തിരുവനന്തപുരത്ത് എത്തത്തക്കവണ്ണം അടൂരിൽനിന്ന് ഇളമണ്ണൂർവഴി പോയിരുന്ന കളിയിക്കവിള ഫാസ്റ്റ് പാസഞ്ചർ ഓട്ടം നിർത്തിയിട്ടും നാളേറെയായി. അടൂരിൽനിന്നും മലനട വഴി കലഞ്ഞൂർ, പത്തനാപുരം, അടൂർ- ചെളിക്കുഴി-കുന്നിട വഴി പത്തനാപുരം, അടൂർ- ഇളമണ്ണൂർ മാർക്കറ്റ് ജംഗ്ഷൻ- പാടം എന്നീ സർവ്വീസുകളും വളരെ കാലമായി ഓടുന്നില്ല. കായംകുളത്തുനിന്ന് ചായലോട് സ്റ്റേ ആയി വളരെക്കാലം ലാഭകരമായി സർവീസ് നടത്തിയിരുന്ന K.S.R.T.C.ബസിനുപകരം അടൂരിൽനിന്നും ഒരു ബസ് ചിലപ്പോഴൊക്കെ ചായലോട്ടു വന്നു പോകുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നുമുള്ള യാത്രയ്ക്ക് അല്പം പോലും ഉപകരിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. പത്തനംതിട്ടയ്ക്കുള്ള ബസ്സർവ്വീസ്
2. തിരുവനന്തപുരം ബസ്സർവ്വീസ്
3. തിരക്കുള്ള സമയങ്ങളിൽ കൂടുതൽ ബസ്
4. വൈകിട്ട് എട്ടുമണിക്കുശേഷം പടിഞ്ഞാറോട്ടു ബസുകൾ
5. നിലച്ചുപോയ ബസ്സർവ്വീസുകൾ പുനരാരംഭിക്കുക.
6. പുനലൂർ- കുന്നിട-കൊട്ടാരക്കര പുതിയബസ്
7. അടൂർ- മങ്ങാടു്-ചായലോട്-കുന്നിട പുതിയബസ്
8. അടൂർ-തേപ്പുപാറ- പൂതംകര- പത്തനാംപുരം പുതിയ ബസ്.

## മാർക്കറ്റ്

ഈ പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ മാർക്കറ്റ് ഒന്നും തന്നെ ഇല്ല. ഏനാദിമംഗലം സർവ്വീസ് സഹകരണബാങ്കിൻെറ വക സ്ഥലത്ത് ഇളമണ്ണൂർ ചന്ത പ്രവർത്തിക്കുന്നു. ഒരു കാലത്ത് സജീവമായിരുന്ന ഈചന്ത വൻകിട തോട്ടങ്ങൾ തുണ്ടുതുണ്ടായതോടെ പേരിനു മാത്രമായി അവശേഷിക്കുന്നു. ഞായർ, ബുധൻ ദിവസങ്ങളിലാണ് ചന്ത കൂടുന്നത്. പറക്കോട്, പത്തനാപുരം മാർക്കറ്റുകളെയാണ് കാർഷികവിളകളും നാണ്യവിളകളും വിൽക്കുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും പഞ്ചായത്തിലെ ആളുകൾ പ്രധാനമായി ആശ്രയിക്കുന്നത്. ഇളമണ്ണൂർ കേന്ദ്രമാക്കി ഒരു പൊതുമാർക്കറ്റ് പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇറച്ചി വ്യാപാരത്തിനു ലേലംചെയ്തു നൽകുന്നുണ്ടെങ്കിലും പഞ്ചായത്തിലെ വഴിയോരങ്ങളിലാണ് കച്ചവടം നടത്തുന്നതു . സ്വന്തമായി സ്ഥലം വാങ്ങി ഫിഷ് സ്റ്റാളുകൾ, മീറ്റ് സ്റ്റാളുകൾ എന്നീ സജ്ജീകരണങ്ങളോടുകൂടിയ ഒരു ചന്ത ആരംഭിക്കണം . ഷോപ്പിംഗ് കോംപ്ലക്സ് പണിത് വാടകയ്ക്ക് നൽകി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും. ഗ്രാമസഭകളിൽ നിന്നും കുന്നിട, തിരുമങ്ങാട്, മരുതൂർ, ചാങ്കൂർപൂതംകര, മങ്ങാടു്, മരുതിമൂക്ക് എന്നീ കേന്ദ്രങ്ങളിൽ അന്തിച്ചന്ത തുടങ്ങണമെന്ന് നിർദ്ദേശമുണ്ട്.



V4B

# ഊർജ്ജം



ജനജീവിതത്തിൻെറ അത്യാവശ്യഘടകമായ
വൈദ്യുതി ഈ പഞ്ചായത്തിലെ പകുതിയോളം വീടുകളിൽ
ഇനിയും എത്തേണ്ടിയിരിക്കുന്നു.
ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ
പത്തനാപുരം, കലഞ്ഞൂർ, ഏഴംകുളം എന്നീ മൂന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിലാണ്. അതിൽത്തന്നെ പത്തനാപുരം അടുത്ത ജില്ലയിലുമാണ്.
ഇളമണ്ണൂരിൽ ഒരു ഓവർസീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.രണ്ടായിരത്തിഅഞ്ഞൂറോളം വരുന്ന ഉപഭോക്താക്കളിൽ 92ശതമാനം ഗാർഹിക ഉപഭോക്താക്കളും, അഞ്ച് ശതമാനം വ്യാപാരസ്ഥാപനങ്ങളും, രണ്ട് ശതമാനംവ്യവസായ ഉപഭോക്താക്കളും, ഒരുശതമാനം കാർഷിക ഉപഭോക്താക്കളും ആണ്. ഈ മേഖലയിൽ മിക്കയിടത്തും വോൾട്ടേജ്ക്ഷാമം അതിരൂക്ഷമാണ്.
വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങൾ
എല്ലാ വാർഡിലുമുണ്ട്.

## പട്ടിക I
## വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

1. മങ്ങാടു മിച്ചഭൂമി
2. കുളമാക്കോട്
3. ചെറുവള്ളിമൂല വടക്കേക്കര
4. അഞ്ചുമല
5. വേടമല
6. വടക്കുംപുറം കല്ലാണിക്കൽഭാഗം
7. പാറയിൽഭാഗം
8. ലക്ഷംവീടു കോളനി
9. കണങ്കോട്ടുകുഴി
10. മുട്ടിയക്കോട്
11. മണ്ണാറ്റൂർ വടക്കുഭാഗം
12. തേങ്ങാമുകൾമുരുപ്പ്
13. കൈതോട് മുളയംകോട്
14. കമുകുംകോട് ഭാഗം
15. കാട്ടുകാല കോളനി
16. പുതുപ്പള്ളി ചന്തിലേത്ത്
17. കാഞ്ഞിവയൽ
18. കൊല്ലോട്ട്
19. മുകളിലഴികത്ത് വഴുതനിക്കോണം കിഴക്കേ ഭാഗം
20. കൊന്നക്കൽഭാഗം
21. ചിറമുടികിഴക്കേക്കര
22. ഒഴുകുപാറ
23 പട്ടാറമേപ്പുറം
24. മൈലാടുംപാറ
25. വലിയപച്ച
26. ഇളമണ്ണൂർ ലക്ഷംവീട്
27. പൂതംകര കിഴക്ക്
28. കാരങ്ങോടു ഭാഗം
29. പള്ളിമുരുപ്പ് കനാൽറോഡ്
30. കൊല്ലായിക്കോട് കടക്കുളം ഭാഗം
31. കടക്കുളം കിഴക്കേക്കര
32. ചെറുനിലം മുകൾഭാഗം
33. ഖാദിബോർഡ് പാറക്കടഭാഗം
34. ആശാരിപ്പടികോളനി
35. ആലയിൽപടി, ഇരപ്പൻപാറ
36. മരുതിമൂട്, ആഞ്ഞിലിമൂട്
37. S.I.P. കുറ്റിയിൽ പ്രദേശം
38. നാറാണത്ത് ആറുവില
39. വിളയിൽപടി കാവിൻെറകിഴക്കേതിൽ

വഴിവിളക്കുകൾ ഇല്ലാത്ത റോഡുകളാണ് അധികവും. പുതിയ സ്ട്രീറ്റ് ലൈറ്റുകൾ വേണം എന്ന ആവശ്യം പഞ്ചായത്തിൽ എല്ലാ വാർഡുകളിലും നിലനിൽക്കുമ്പോൾതന്നെ ഉള്ളവയെപറ്റി വ്യാപകമായ പരാതിയാണുള്ളത്. പ്രതിവർഷം ഒരുലക്ഷത്തോളം രൂപ സ്ട്രീറ്റുലൈറ്റു കത്തിക്കുന്നതിനു കറൻറു ചാർജായി പഞ്ചായത്തു ഫണ്ടിൽനിന്നും അടയ്ക്കുന്നുണ്ടെങ്കിലും അതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വളരെ കുറവായേ ഇപ്പോൾ അനുഭവപെടുന്നുള്ളു. 343 സാധാരണ ലൈറ്റുകളും 86 ട്യൂബു ലൈറ്റുകളും കത്തിക്കുന്നതിനാണ് ഈ തുക അടയ്ക്കുന്നതെങ്കിലും കത്തുന്നവ വിരളമാണ്.

## പട്ടിക II
### സ്ട്രീറ്റ് ലൈറ്റ്.

| ക്രമ നമ്പർ | ഇനങ്ങൾ | വോൾട്ടേജ് | എണ്ണം |
|---|---|---|---|
| 1 | ഓഡിനറി | 40 W | 184 |
| 2 | " | 60 W | 152 |
| 3 | " | 100 W | 7 |
| 4 | ട്യൂബ് | 2x40 W | 46 |
| 5 | " | 1x40 W | 40 |
| | ആകെ | | 429 |

### വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
### പട്ടിക നമ്പർ III

വാർഡ് നമ്പർ I

1 മങ്ങാടുമുതൽ വാഴോട്ടുവരെ
2 ആലുവിളപ്പടി - ചായലോട്
3 ഗോകുലംപടി - മുരുകൻകുന്ന്
4 പുല്ലാഞ്ഞിക്കാല-ചായലോട്
5 വാഴോട് - ലൂർദ്ദ്പുരം

## വാർഡ് II

1 കടമ്പാട് ചായലോട്
2 C.S.I പെരുന്തോയിക്കൽ
3 നല്ലൂർപടി മംഗലത്തുപടി
4 ആയിത്തിരിക്കൽപടി പാറയിൽപടി
5 വേലൻെറപടി ലക്ഷംവീട്
6 വേടമല ചെളിക്കുഴി
7 ലക്ഷംവീട് കുന്നിടക്ഷേത്രം

## വാർഡ് III

1 മാരൂർ എച്ച്.എസ് കാഞ്ഞിരവിളപ്പടി
2 ചെമ്മണ്ണേറ്റം മഞ്ഞപ്പുറം
3 മൈനാമൺ മഞ്ഞപ്പുറം
4 നരിപ്പാറമുക്ക് കണ്ണംകര
5 കാഞ്ഞിരവിള ചെമ്മണേറ്റം
6 തോട്ടപ്പാലം കണ്ണംകര

## വാർഡ് IV

1 ഉടയോൻമറ്റം കാഞ്ഞുവയൽ
2 പാറവിളപടി കാലായിൽപടി
3 തേക്കുവിളപടി കോലിയക്കോട്
4 തിരുമങ്ങാട് ഈട്ടിവിളപ്പടി
5 കോലിയക്കോട് കാരിഞ്ചക്കുഴി
6 25-ാം മൈൽ പുൽപ്പാറത്തടം
7 കോളേജ്റോഡ് കരണ്ടമൂല

## വാർഡ് V

1 C.A.M. H. S. - N. M. L.P.S
2 ശാലേംപുരം ചെങ്കിലാത്ത്
3 25-ാം മൈൽ പുതുവൽ
4 മാധവമംഗലം പൂതപ്പാറ
5 തുരുത്തിയിൽ കിഴക്കേയറ്റം
6 പാലമുക്ക് പട്ടാറ പൂതക്കുഴി
7 വിളനിലത്തുപടി കാരംവയൽ
8 കാരംവേലിൽ തുണ്ടുവിള
9 വെള്ളായംകോട് മാരൂർഎച്ച്.എസ്
10 മാരൂർഎച്ച്.എസ്.തടത്തിൽപടി ഒഴുകുപാറ
11 കിളിയൻമന്ത്ര തടത്തിൽപടി
12 മാരൂർഎച്ച്.എസ് പത്മാലയം
13 N.M.L.P.S മുഴിയിൽ

## വാർഡ് VI

1 ചാങ്കൂർ വലിയപച്ച
2 മാവിള പൂതംകര
3 മാവിളഏലാകാപ്പിത്തോട്ടം
4 പി.എച്ച്.സി. പിച്ചകശ്ശേരി
5 കല്ലുവളയം ഒഴുകുപാറ

## വാർഡ് VII

1 മുകളിലഴികത്ത്പടി ഭഗവതികുന്ന്
2 ഇളമണ്ണൂർ ചായലോട്
3 മുകളിലേത്തുപടി കോട്ടുരേത്തുപടി
4 വട്ടക്കാല പൂതംകര
5 ഇളമണ്ണൂർഎച്ച്.എസ് ലക്ഷംവീടുകോളനി

## വാർഡ്VIII

1 കാരുവയൽ പാറക്കട (കനാൽ റോഡ്)
2 ആഞ്ഞിലിമുക്ക് പ്ലാൻേഷൻ
3 സൂസൻഫോഡ് ചാവരുപാറ
4 മണ്ണിൽപടി വട്ടവിളപടി
5 തോട്ടുകടവുപടി നിരപ്പുതുണ്ടിൽ
6 ഷൺമുഖവിലാസം കനാൽക്കര
7 നേഴ്സറിസ്ക്കൂൾ തോപ്പിൽപ്പടി
8 ഈട്ടിവിള മാവിള
9 പാറത്തുണ്ടിൽപടി പൂയപ്പള്ളിൽ
10 പള്ളിപ്പടി കനാൽപടി
11 മുകളിലഴികത്തുപടി കോട്ടൂർപടി

## വാർഡ്IX

1 തേപ്പുപാറ മൂർത്തിവിളപടി
2 മുരുപ്പേൽതറ ചാപ്പാലിൽ
3 കടമാൻകുഴി ചാപ്പാലിൽ
4 മേലൂട്ട്പടി ഖാദിബോർഡ്
5 കടക്കുളത്തു കിഴക്കേകര

വാർഡ്X

| | |
|---|---|
| 1 | മരുതിമൂട് തേപ്പുപാറ |
| 2 | മരുതിമൂട് എസ്.ഐ.പി |
| 3 | മരുതിമൂട് പാലക്കോട് |
| 4 | എസ്.ഐ.പി. വലിയവിളപടി |
| 5 | ഗോകുലംപടി ആറുവിലപടി |
| 6 | മരുതിമൂട് - ഡിയവിഇപ്പടി |
| 7 | ആലയിൽപടി വാഴോട്ടുപടി |
| 8 | കോട്ടൂർപടി നാറാണത്തുപടി |
| 9 | വാഴോട്ടുപടി സ്കിന്നർപുരം |
| 10 | മരുതിമൂട് ആഞ്ഞിലിമൂട് |
| 11 | പാറയിൽപടി കുറ്റിയിൽപടി |

വൈദ്യുതി എത്തിയിട്ടുള്ള സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കപ്പാസിറ്റി കൂടിയവ സ്ഥാപിച്ചും ലൈനുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിയും പുതിയ ലൈനുകൾ വലിച്ചും ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കേണ്ടിടത്ത് സ്ഥാപിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സാധിക്കും.

മങ്ങാട്, കുന്നിട, കുറുമ്പകര, തിരുമങ്ങാട് ,മാരൂർ, മാവിള, ഇളമണ്ണൂർ, പൂതംകര, മുരുപ്പേൽതറ, എസ്.ഐ.പി. എന്നീ സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

ഈ പഞ്ചായത്തിലെ വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ വെളിച്ചത്തിനായി മണ്ണെണ്ണയെയാണ് ആശ്രയിക്കുന്നത്. പരക്കെ മണ്ണെണ്ണദൗർലഭ്യം അനുഭവപ്പെടുന്നു. മണ്ണെണ്ണ വിതരണം കാര്യക്ഷമമാക്കണം. കൂടുതൽ മണ്ണെണ്ണ അനുവദിക്കുകയും യഥാസമയം കാർഡുടമകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

പാചക ആവശ്യത്തിനു വിറകിനെയാണ് ആശ്രയിക്കുന്നത്. ഗ്യാസ് കണക്ഷൻ കിട്ടുക ദുഷ്കരമാണ്. കണക്ഷൻ ഉള്ള കുടുംബങ്ങളിൽതന്നെ സിലിണ്ടറുകൾ നിറച്ചുകിട്ടുന്നതിനു ബുദ്ധിമുട്ടനുഭവപ്പെടുന്നു. പഞ്ചായത്തുതലത്തിൽ ഒരു ഗ്യാസ് ഏജൻസി അനുവദിച്ചാൽ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയൂ.

## പാരമ്പര്യേതര ഊർജ്ജം

ഈ പഞ്ചായത്തിൽ പാചകരംഗത്ത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ദക്ഷത കൂടിയ അടുപ്പുകൾ പ്രചാരത്തിൽ വരുത്തുക എന്നതാണ്. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുക വഴി സാധാരണ അടുപ്പുകളേക്കാൾ നാലുമുതൽ അഞ്ചിരട്ടി വരെ വിറക് ലാഭിക്കാൻ കഴിയും. ഇതുവഴി ഒരു വീടിനു് 150 മുതൽ 250 രൂപവരെ പ്രതിമാസം ലാഭിക്കാൻ കഴിയും. മറ്റൊന്ന് ഗോബർ ഗ്യാസ് പ്ലാന്റുകളുടെ വ്യാപകമായ ഉപയോഗമാണ്. മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുകയും ഗോബർഗ്യാസ് പ്ലാൻറുകൾക്കു വേണ്ട ചാണകം ലഭ്യമാക്കുകയും വേണം. ഒരു പ്ലാൻറു പ്രവർത്തിപ്പിക്കുന്നതിനു് സാധാരണ നിലയിൽ രണ്ട് പശുക്കളുടെ ചാണകം മതിയാകും. ഗ്യാസിൻെറ ഉല്പാദനത്തിനുശേഷം ചാണകം വളമായി ഉപയോഗിക്കുന്നതിനും കഴിയും.

പഞ്ചായത്തിൽ ഒട്ടാകെ മേൽപറഞ്ഞ ഗോബർഗ്യാസ് പ്ലാൻറുകൾ സബ്സിഡിയോടുകൂടി വ്യക്തികൾക്കു നൽകുകയും കോളനികളിൽ കമ്യൂണിറ്റി ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയും ചെയ്താൽ ഈ രംഗത്തുള്ള അധിക ചിലവ് ലാഭിക്കുന്നതിനും ഊർജ്ജ പ്രതിസന്ധി ഒരുപരിധി വരെ പരിഹരിക്കുന്നതിനും സാധിക്കും. പുകയില്ലാത്ത അടുപ്പുകളും ഗോബർഗ്യാസ് ബയോഗ്യാസ് പ്ലാൻറുകളും മൂലമുള്ള ലാഭം പട്ടിക IV, V ഇവയിൽ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

1 പ്രഖ്യാപിത അപ്രഖ്യാപിത പവ്വർകട്ടുകൾ
2 വൈദ്യുതീകരിച്ചിട്ടില്ലാത്ത പകുതിയിലേറെ വീടുകൾ

3 വോൾട്ടേജ് ക്ഷാമം
4 വൈദ്യുതി എത്താത്ത പ്രദേശങ്ങളും കോളനികളും
5 കത്താത്ത വഴിവിളക്കുകൾ
6 വഴിവിളക്കുകൾ ഇല്ലാത്ത റോഡുകൾ
7 അറ്റകുറ്റപ്പണികൾ ഇല്ലാത്ത ലൈനുകൾ
8 ട്രാൻസ്ഫോർമറുകളുടെ അഭാവം, നിലവിൽ ഉള്ളതിൻറ കപ്പാസിറ്റി കുറവ്
9 പഞ്ചായത്തിൽ മൂന്ന് ഇലക്ട്രിസിറ്റിസെക്ഷൻ ഓഫീസുകളുടെ അധികാര പരിധി
10 ആവശ്യത്തിനു ജീവനക്കാരുടെ അഭാവം
11 മെറ്റീരിയൽസിൻെറ കുറവ്
12 മണ്ണെണ്ണയുടെ ദൗർലഭ്യം
13 മണ്ണെണ്ണയുടെ വിതരണത്തിൽ കാര്യക്ഷമത ഇല്ലായ്മ
14 എൽ.പി.ജി. കണക്ഷൻ ലഭിക്കുന്നതിനുള്ള താമസം
15 എൽ.പി.ജി. സിലിണ്ടർ ലഭിക്കുന്നതിനുള്ള താമസം



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1 നിലവിൽ കത്താത്ത വിളക്കുകൾ കത്തിക്കുക കൂടുതൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

2 വൈദ്യുതി എത്താത്ത വീട്ടുകളിലും സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കുക.

3 വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും കൂടുതൽ ഫേസ് ലൈനുകൾ വലിക്കുകയും ചെയ്യുക.

4 പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

5 ലൈനുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുക.

6 കോളനികൾ പൂർണ്ണമായും വൈദ്യുതീകരിക്കുക,

7 ആവശ്യാനുസരണം മണ്ണെണ്ണ വിതരണം ചെയ്യുക വിതരണം കുറ്റമറ്റതാക്കുക.

8 പഞ്ചായത്തിൽ എൽപിജി ഏജൻസി ആരംഭിക്കുക.

9 കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

10 ഇന്ധനക്ഷമതയുള്ള അടുപ്പുകൾ വിതരണം ചെയ്യുക.



## പുകയില്ലാത്ത അടുപ്പിൻെറ ഉപയോഗത്തിൽ ഉള്ള ലാഭം
### പട്ടിക IV

| | ഇനവിവരം | രൂപ |
|---|---|---|
| 1 | പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുന്നതിനുള്ള ചെലവ് | 300.00 |
| 2 | സാധാരണ അടുപ്പിനു വേണ്ടിവരുന്ന വിറകിൻെറ വില(പ്രതുമാസം 200K.G x 1.50 R.S) | 300.00 |
| 3 | പുകയില്ലാത്ത ദക്ഷതകൂടി.യ അടുപ്പിനു വേണ്ടിവരുന്ന വിറകിൻെറ വില (പ്രതുമാസം 50K.G x 1.50 R.S) | 75.00 |
| 4 | പ്രതിമാസ ലാഭം | 225.00 |
| 5 | പ്രതിവർഷ ലാഭം 225 x 12 | 2700.00 |
| 6 | ഒരു വർഷത്തെ അറ്റാദായം (2700-300) | 2400.00 |

### പട്ടികV

| ഗോബർഗ്യാസ്/ ബയോഗ്യാസ് പ്ലാന്റ് | രൂപ | സാധാരണ വിറക് അടുപ്പ് | | |
|---|---|---|---|---|
| സ്ഥാപിക്കുന്നതിന്റെ ചിലവ് | 10000.00 | സ്ഥാപിക്കുന്നതിനുള്ള ചിലവ് | | 400- |
| സബ്സിഡി | 2400.00 | പ്രതിമാസ വിറകിൻെറ ചിലവ് | | 300- |
| | | രണ്ടുവർഷത്തേക്ക് | 300x24 | 7200- |
| ആകെ ചിലവ് | 7600 | ആകെ ചിലവ് | | 7600- |

# V5

# പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് മുന്നേറുന്ന നാം ഒന്നു തിരിഞ്ഞു നോക്കുമ്പോൾ, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ പാർപ്പിടം ഇനിയും പരിഹൃതമാകേണ്ട പ്രശ്നമായി ഇന്നും നിലനിൽക്കുന്നു. കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ ഭവനനിർമ്മാണ രംഗത്ത് ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയെങ്കിലും വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് ആനുപാതികമായി അവ മതിയാകുന്നില്ല. ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ എണ്ണം മൊത്തം ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം വരും. പാർപ്പിടപ്രശ്നം ആ മേഖലയിൽ രൂക്ഷമായി തുടരുന്നു. ഈ നൂറ്റാണ്ടു പൂർത്തിയാകുന്നതോടെ 'എല്ലാവർക്കും പാർപ്പിടം' എന്ന സ്വപ്നം സാക്ഷാത്കരിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ മൊത്തം 6124 വീടുകൾ ഉണ്ട്. ഒന്നിൽ കൂടുതൽ നിലയുള്ള 76 വീടുകളും, കോൺക്രീറ്റ് ചെയ്ത ഒറ്റനിലയുള്ള 676 വീടുകളും ഓടിട്ട 3475 വീടുകളും ഓലമേഞ്ഞ 1897 കുടിലുകളുമാണ് ഉള്ളത്.

**പഞ്ചായത്തിൽആകെ 1897 കുടിലുകൾ**

**വീടുകളുടെ വാർഡുതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.**

| വാർഡ് | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | ആകെ |
|---|---|---|---|---|---|
| I | 12 | 90 | 378 | 213 | 693 |
| II | 1 | 7 | 407 | 289 | 704 |
| III | 3 | 8 | 334 | 187 | 532 |
| IV | 6 | 32 | 270 | 287 | 595 |
| V | 19 | 88 | 248 | 209 | 564 |
| VI | 11 | 168 | 468 | 116 | 763 |
| VII | 10 | 150 | 435 | 141 | 742 |
| VIII | 2 | 14 | 310 | 215 | 541 |
| IX | 3 | 95 | 395 | 134 | 627 |
| X | 9 | 24 | 230 | 106 | 369 |
| ആകെ | 76 | 676 | 3475 | 1897 | 6124 |

വിടുണ്ടാക്കുവാൻ സ്വന്തമായി ഭൂമിയില്ലാത്തവരും വസ്തുഉണ്ടായിരുന്നിട്ടും വീടുനിർമ്മിക്കുവാൻ സാഹചര്യം ഇല്ലാത്തവരും ഈ പഞ്ചായത്തിൽ അനവധിയാണ്. പഞ്ചായത്തിലെ ലക്ഷംവീടു കോളനികളിലും, K.I.P കനാൽപുറമ്പോക്കുകളിലും, റോഡിൻെറ വശങ്ങളിലും, അന്യരുടെ ആശ്രയത്തിലും കഴിഞ്ഞുകൂടുകയാണ് ഇവർ. ഈ പഞ്ചായത്തിൽ വാസയോഗ്യമായ വീടില്ലാത്തവരായി I R D P സർവ്വേപ്രകാരം (പട്ടിക II) 633 കുടുംബങ്ങളും, സ്വന്തമായി ഭൂമിയുള്ളവരും എന്നാൽ ഭവനരഹിതരുമായ 250 ൽ പരം കുടുംബങ്ങളും ഉണ്ട്. 1996 ലെ പഞ്ചായത്തുകണക്കുപ്രകാരം 1897 വീടുകൾ ഓല മേഞ്ഞതാണ്. ഒരുപരിധിയോളം പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഏകദേശം 2000 ത്തിലധികം വീടുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു

**ഏകദേശം 2000 ത്തിലധികം വീടുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു**

പട്ടിക II

| വാർഡ് | ആകെ വീടുകൾ | അതിൽ ഓല മേഞ്ഞത് | IRDPപദ്ധതിപ്രകാരം ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|
| I | 693 | 213 | 42 |
| II | 704 | 289 | 98 |
| III | 532 | 187 | 88 |
| IV | 595 | 287 | 74 |
| V | 564 | 209 | 84 |
| VI | 763 | 116 | 55 |
| VII | 742 | 141 | 60 |
| VIII | 541 | 215 | 40 |
| IX | 627 | 134 | 60 |
| X | 369 | 106 | 32 |
| ആകെ | 6124 | 1897 | 633 |

ഉയർന്ന വരുമാനക്കാർ വൻതുകകൾ മുടക്കി വൻ മാളികകൾ പണിതുയർത്തുന്ന പ്രവണത ഈ പഞ്ചായത്തിലും കണ്ടുവരുന്നു. എന്നാൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലും വേതനനിരക്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിയന്ത്രിതമായ വർദ്ധന സാധാരണക്കാരൻെറയും, താഴ്ന്നവരുമാനക്കാരൻെറയും 'അന്തിയുറങ്ങാൻ ഒരുകൊച്ചുവിട്' എന്നമോഹം തകർത്തുകൊണ്ടിരിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി അസംസ്കൃത സാധനങ്ങളുടെ വിലയിലും, തൊഴിലാളികളുടെ വേതന നിരക്കിലും താങ്ങാനാവാത്ത വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഈ വർദ്ധനവിനു പിന്നിൽ ഇടത്തട്ടുകാരുടെ അമിതമായ ലാഭേച്ഛ പ്രധാനകാരണമാണ്. കെട്ടിട നിർമ്മാണ

**അന്തിയുറങ്ങാൻ ഒരുകൊച്ചുവിട്**

പട്ടിക III

| ക്രമനമ്പർ | ഇനവിവരം | യൂണിറ്റ് | വില/കൂലി |
|---|---|---|---|
| 1 | സിമിൻറ് | 1 പാക്കറ്റ് | 185.00 |
| 2. | കമ്പി | ക്വിൻറൽ | 1650.00 |
| 3. | കട്ടിള തടി | പ്ലാവ് ഒന്ന് | 2350.00 |
| 4. | കതക് പലക | പ്ലാവ് ഒരുപാതിലിന് | 3500.00 |
| 5. | കതക് പലക | മാവ് ഒരുപാതിലിന് | 1000.00 |
| 6. | ചുടുകട്ട (നാടൻ) | ഒരു ലോഡ്(4000എണ്ണം) | 8000.00 |
| 7. | സിമിൻറ്കട്ട | 1000 | 8000.00 |
| 8. | പാറ | 1ലോഡ് | 1000.00 |
| 9. | മണൽ | " | 1200.00 |
| 10. | ചല്ലി (മെറ്റൽ) | " | 2500.00 |
| 11. | ഓട് | 1000 | 3000.00 |
| 12. | വിദഗ്ദ്ധതൊഴിലാളി | 1 | 125.00 |
| 13. | അവിദഗ്ദ്ധതൊഴിലാളി | പുരു. | 100.00 |
| | | സ്ത്രീ | 85.00 |

ഭവന നിർമ്മാണ രംഗത്ത് ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. സിമിന്റ്, കമ്പി, മണൽ, പാറ എന്നീ ഭവനനിർമ്മാണ സാമാഗ്രികളുടെ അമിതമായ വില വർദ്ധനവ് ഈ രംഗത്ത് ഒരു പ്രശ്നംതന്നെയാണ്. തൊഴിലാളികളുടെ വേതനവർദ്ധനവും സ്ഥലത്തിൻെറ ദൗർലഭ്യവും വിലകൂടുതലും പാർപ്പിടനിർമ്മാണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ ആണ്.

സാമാഗ്രികൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിലേക്ക് പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണസംഘത്തിനു രൂപം കൊടുക്കണം. ഉല്പാദന സംഭരണ വിതരണ ശൃംഖലയിൽ ഈ സംഘത്തിനു കാര്യമായ പങ്ക് വഹിക്കുവാൻ കഴിയും.

**ഭവന നിർമ്മാണ സഹകരണസംഘത്തിനു രൂപം കൊടുക്കണം.**

പട്ടിക IV

| ക്രമ നമ്പർ | ഇനം | 1994 | 1995 | 1996 |
|---|---|---|---|---|
| 1. | സിമിൻെറ | 135.00 | 160.00 | 185.00 |
| 2. | കമ്പി | 1150.00 | 1400.00 | 1650.00 |
| 3. | ചുടുകട്ട | 800.00 | 1200.00 | 2000.00 |
| 4. | മണൽ | 550.00 | 900.00 | 1200.00 |
| 5. | പാറ | 400.00 | 550.00 | 1000.00 |
| 6. | വിദഗ്ദ്ധ തൊഴിലാളി | 75.00 | 100.00 | 130.00 |
| 7. | അവിദഗ്ദ്ധർ | 60.00 | 80.00 | 100.00 |

വിവിധ എജൻസികളിൽനിന്നും ലഭിക്കുന്ന വായ്പാരംഗത്ത് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഭവനനിർമ്മാണ ചിലവുകളുമായി ഒരുതരത്തിലും പൊരുത്തപ്പെടുന്നതല്ല നിലവിലുള്ള വായ്പകളുടെപരിധി. വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസവും, നിയമങ്ങളുടെ സങ്കിർണ്ണതയും ഈ രംഗത്തിനു പ്രയാസമേറ്റുന്നു. ഒരോഘട്ടം പണികളും കഴിയുന്ന മുറയ്ക്കു വായ്പകൾ നൽകുന്ന ഇന്നത്തെ സവിധാനം നിർദ്ധനരെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള വാക്കുന്നു. ഭവനനിർമ്മാണ ഏജൻസികളുടെ പദ്ധതികളെക്കുറിച്ചും, ലഭിക്കുന്ന വായ്പകൾ യഥായോഗ്യം ചിലവിടുന്നതിനെക്കുറിച്ചുമുള്ള അറിവില്ലായ്മയും ചെലവു കുറഞ്ഞരീതിയിൽ വീടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പരിജ്ഞാനമില്ലായ്മയും ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഭവനനിർമ്മാണരംഗത്ത് ശരിയായ ബോധവൽക്കരണത്തിൻെറ അഭാവമാണ് ഇതിനു കാരണം

K.I.P കനാൽ പുറമ്പോക്കിലും, റോഡിൻെറ വശങ്ങളിലും, മറ്റിടങ്ങളിലും താമസിക്കുന്ന ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വീടുനിർമ്മിച്ചു നൽകുന്ന ബൃഹത്തായ പുനരധിവാസ പദ്ധതിക്കു ത്രിതലപഞ്ചായത്തു സംവിധാനങ്ങളിലൂടെ പരിഹാരം കണ്ടെത്തേണ്ടതാണ്. പഞ്ചായത്തിൽ 39.61ഏക്കർ സ്ഥലംപതിച്ചുനൽകാവുന്ന പുറമ്പോക്കായി രേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിയും. ഇതിൽനിന്നും ഭവനനിമ്മാണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂരഹിതർക്ക് വീടുനിർമ്മിച്ചു നൽകാവുന്നതാണ്. പതിച്ചു നൽകാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടികയിലായി താഴെ കൊടുക്കുന്നു.

പട്ടിക V

| വില്ലേജ് | വിസ്തീർണ്ണം (ഏക്കറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | തരിശ് | മുള്ളവ | ആകെ |
| എനാദിമംഗലം | 10.14 | - | 26.65 | 2.82 | 39.61 |

സർക്കാരിൻെറ വിവിധ ക്ഷേമപദ്ധതികളിലൂടെ നിർമ്മിച്ചുനൽകിയ വീടുകളുടെ സ്ഥിതിയും ശോചനീയമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടും സർക്കാർ ധനസഹായത്തിൻെറ അഭാവവുമാണ് ഈ സ്ഥിതിക്കുകാരണം. ആയതിനാൽ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം ലഭ്യമാക്കണം.

## പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലയും തൊഴിലാളികളുടെ വേതനവർദ്ധനവും.
2. വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം, നിയമങ്ങളുടെ നൂലാമാലകൾ, ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിജ്ഞാന കുറവ്.
3. സ്വന്തമായി സ്ഥലമില്ലാത്ത അവസ്ഥ.
4. ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ.
5. ഭവന നിർമ്മാണ സഹകരണസംഘം

നിലവിലില്ലാത്തത്.

6. ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ചുള്ള അറിവി ല്ലായ്മ.
7. ചെലവുകുറഞ്ഞ വീടു നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യയുടെ അഭാവം.
8. ഓലമേഞ്ഞ വീടുകളുടെ ആവർത്തനചിലവ്.
9. സ്ഥിരവരുമാനംമില്ലാത്തവർക്ക് കെട്ടിടം നിർമ്മി ക്കുന്നതിനുള്ള വായ്പയുടെ ബുദ്ധിമുട്ട്.
10. വിദഗ്ദ്ധതൊഴിലാളികളെ ലഭിക്കുന്നതിനുള്ള പ്രയാസം.
11. 1879 ഓലമേഞ്ഞ കുടിലുകൾ പഞ്ചായത്തിൽ ഉണ്ട്.

## നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
2. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.
3. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുക.
4. വിവിധ സഹായപദ്ധതികളിലൂടെ അനുവദിച്ച വീടുകൾക്ക് വാർഷിക അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുക.
5. ഭവനനിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
6. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താൻ പഞ്ചാ യത്തുതലത്തിൽ പരിശീലനം നൽകുക. കൂലി നിരക്ക് ഏകീകരിക്കുക.
7. വിവിധ ഏജൻസികളിൽകൂടി വിതരണം ചെയ്യുന്ന ഭവനനിർമ്മാണ സഹായപദ്ധതികൾ പഞ്ചായ ത്തുതലത്തിൽഏകോപ്പിക്കുന്നതിനും അർഹരായ വർക്ക്ലഭ്യമാക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സമിതി രൂപീകരിക്കുക.
8. സമയബന്ധിതമായിത്തന്നെ മുഴുവൻ ഓലമേഞ്ഞ വീടുകളും ഓടുമേയുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കു വീടുനിർമ്മിക്കുന്നതിന്നു ആവശ്യമായ സാമ്പത്തികസഹായം നല്കുക.
2. നിലവിലുള്ള കോളനികളിൽ വീട് ഇല്ലാതെ അവശേഷിക്കുന്നവർക്ക് വീട്വെച്ച് നൽകുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവന രഹിതരായവർക്ക് സ്ഥലവും വീടും നൽകു ന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. ഇടഭിത്തി കെട്ടി നിർമ്മിച്ചിട്ടുള്ള ലക്ഷം വീടുകളെല്ലാം ഒറ്റ വീടുകളായി പുതുക്കിപണയുന്നതിനുള്ള സഹായം നൽകുക.
5. കോളനികളോടു ചേർന്നു പൊതുശ്മശാനം ഉണ്ടാക്കുക.
6. ദുർബ്ബല വിഭാഗങ്ങൾക്ക് നിർമ്മിക്കുന്ന വീടുക ൾക്ക് സുരക്ഷിതത്വം ഉറപ്പുവരത്തുന്നതിലേക്ക് ആവശ്യമായ സ്ഥലങ്ങളിൽ മതിൽ നിർമ്മിക്കുന്ന തിനുള്ള ധനസഹായം ചെയ്യുക.
7. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

# സാമൂഹ്യ ക്ഷേമം

ഭാരതം വിദേശാധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ബഹുഭൂരിപക്ഷം ജനങ്ങളും മനുഷ്യൻ എന്ന പേരുപോലും ഉച്ചരിക്കുവാൻ കഴിയാത്ത തരത്തിൽ മൃഗതുല്ല്യ സാഹചര്യത്തിലാണ് ജീവിച്ചിരുന്നത് എന്ന സത്യം മറക്കാറായിട്ടില്ല. ജനസംഖ്യയിൽ 80% ഉം ദാരിദ്ര്യത്തിലും, നിരക്ഷരതയിലും, പകർച്ചവ്യാധി തുടങ്ങിയ ദുരിതങ്ങളിലും പെട്ട് നരകയാതന അനുഭവിച്ചിരുന്ന ആ കാലഘട്ടത്തിൽ നിന്നും വർത്തമാന ഇൻഡ്യയിൽ, ജനജീവിതനിലവാരത്തിലേക്കുള്ള മുന്നേറ്റം അസൂയാവഹമായ വളർച്ചയെയാണ് കാണിക്കുന്നത്. എങ്കിലും ഇനിയും ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായി നിലനിൽക്കുന്നു.

സാമൂഹ്യമായും, സാമ്പത്തികമായും, ജാതീയമായും പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്നവരും, വികലാംഗർ, വൃദ്ധജനങ്ങൾ, വിധവകൾ, മാറാരോഗികൾ പ്രായാധിക്യ കർഷകതൊഴിലാളികൾ, തൊഴിൽരഹിതർ, നിർദ്ധനരായ അവിവാഹിതകൾ, ഇവരൊക്കയും രാഷ്ട്രത്തിൻെറയും സമൂഹത്തിൻെറയും പ്രത്യേകമായ ദയയും, കരുണയും, സഹായവും അർഹിക്കുന്നു. ഇവർക്കായി നിലവിൽ ആവിഷ്ക്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ നാൾതോറും ഉയരുന്ന ജീവിതസൂചികയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ അപര്യാപ്തമാണ്.

മേൽപറഞ്ഞ കാര്യങ്ങളിൽ നമ്മുടെ പഞ്ചായത്തിൻെറ സ്ഥിതിയും വ്യത്യസ്ഥമല്ല. ചോർന്നൊലിക്കുന്ന ഓലപ്പുരകൾ, നിയമത്തിൻെറ നൂലാമാലകളിൽപെട്ട് ഉഴലുന്ന ഗുണഭോക്താക്കൾ, ക്ഷേമപദ്ധതികളെക്കുറിച്ച് അറിവില്ലാത്ത ദുർബല ജനത, ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ നിസ്സംഗത, ഒരാവശ്യത്തിനുവേണ്ടി വിവിധ ഓഫീസുകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ സമ്പാദിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഇവയൊക്കെയും അനുകൂല്യങ്ങൾ വൈകിക്കുന്നതിനും നിഷേധിക്കുന്നതിനും ഇടയാക്കുന്നു.

മഹത്തായ ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച അംഗൻവാടികളുടെ പ്രവർത്തനവും സ്ഥിതിയും ഈ പഞ്ചായത്തിൽ തൃപ്തികരമല്ല. ജനസംഖ്യാനുപാതികമായി ഇരുപത്തിയൊന്ന് അംഗൻവാടികൾ ഉണ്ടാകേണ്ടതാണെങ്കിലും പതിനാറെണ്ണം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഉള്ളവയ്ക്കുതന്നെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. പോഷകാഹാരക്കുറവും, മരുന്നുകളുടെ അഭാവവും നിലനിൽക്കുന്നു. വർക്കേഴ്സിനും, ഹെൽപ്പേഴ്സിനുമുള്ള വേതനം തീർത്തും അപര്യാപ്തമാണ്. ഇവയൊക്കെയും അഗൻവാടി സെന്ററുകളിലെ ഗുണനിലവാരം കുറയാൻ ഇടയാക്കുന്നുണ്ട്.

അനാഥക്കുട്ടികളുടെയും, നിരാലംബരായ വൃദ്ധജനങ്ങളുടെയും എണ്ണം നമ്മുടെ പഞ്ചായത്തിലും വിരളമല്ല. സമൂഹമനസാക്ഷിയോടുള്ള ഒരു ചോദ്യ ചിഹ്നമായി ഈ പ്രശ്നവും പഞ്ചായത്തുതലങ്ങളിൽ പരിഹരിക്കപ്പെടേണ്ടതാണ്.

കർഷകതൊഴിലാളിക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ചുമട്ടു തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലുകാർക്കുവേണ്ടിയുള്ള ക്ഷേമനിധി, മറ്റുക്ഷേമനിധികൾ ഒക്കെയും അർഹരായവർക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ ജനസംഖ്യ 20252 ഉം അതിൽ അഞ്ചിൽ ഒരുഭാഗം പട്ടികജാതിക്കാരുമാണ്. ഈ പഞ്ചായത്തിൽ കിട്ടുന്ന സാമൂഹ്യക്ഷേമപദ്ധതിയിൻ കീഴിൽ വരുന്ന പെൻഷനുകളുടെയും മറ്റ് ആനുകൂല്യങ്ങളുടെയും പട്ടിക പരിശോധിക്കുമ്പോൾ യഥാർത്ഥ ആവശ്യവുമായുള്ള അന്തരം ബോദ്ധ്യമാകും

പട്ടിക1

**പെൻഷനുകൾ**

| എണ്ണം | പെൻഷനുകൾ |
|---|---|
| Nil | അഗതി പെൻഷൻ |
| 19 | വിധവാ പെൻഷൻ |
| 10 | വികലാംഗ പെൻഷൻ |
| 5 | വാർദ്ധക്യ പെൻഷൻ |
| Nil | അവശകലാകാര പെൻഷൻ |
| Nil | അവശകായികതാര പെൻഷൻ |
| 2 | ക്ഷയരോഗ പെൻഷൻ |
| Nil | കുഷ്ഠരോഗ പെൻഷൻ |
| 3 | ക്യാൻസർരോഗ പെൻഷൻ |
| 39 | കർഷകതൊഴിലാളി പെൻഷൻ |
| 75 | തൊഴിലില്ലായ്മ വേതനം |

ഈ പഞ്ചായത്തിൽ ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം പൂർത്തിയാക്കിയ 17 പേർ ഉണ്ടെങ്കിലും ഒരാൾ പോലും ലഭിച്ച പരിശീലനം ഉപയോഗിച്ച് തൊഴിൽ നേടിയിട്ടില്ലായെന്നുള്ളത് പദ്ധതിയുടെ നിലവാരത്തകർച്ചയിലേക്ക് വിരൽ ചൂണ്ടുന്നു. ശരിയായ പരിശീലനം ഉറപ്പുവരുത്തുന്നതോടൊപ്പം തൊഴിൽ കണ്ടെത്തുന്നതിന് പഞ്ചായത്തുതലത്തിൽ സഹായം ഉണ്ടാകേണ്ടിയിരിക്കുന്നു. D W C R A പദ്ധതി പ്രകാരം മൂന്നു യൂണിറ്റുകളിലായി 30 പേർ പ്രവർത്തിക്കുന്നുണ്ടെങ്കിലും പറയത്തക്ക പ്രയോജനം ഇതിലെ അംഗങ്ങൾക്കു ലഭിക്കന്നില്ല. കുറ്റമറ്റ രീതിയിൽ കൂടുതൽ യൂണിറ്റുകൾക്ക് രൂപംകൊടുത്തു പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയാൽ നമ്മുടെ പഞ്ചായത്തിലെ വനിതാ തൊഴിൽസംരംഭകർക്ക് പ്രയോജനം ലഭിക്കും.

IRDP പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നിന്ന് 2248 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 1082 പേർക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളു. പ്രയോജനം ലഭിച്ചവരിൽ 386 പട്ടികജാതിക്കാരും ഉൾപ്പെടുന്നു. പകുതിയിലേറെ പേർക്കു ഈ പദ്ധതിയുടെ ഗുണഫലം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തുതലത്തിൽ അടിയന്തിര ശ്രദ്ധപതിയേണ്ട വിഷയമാണിത്.

## പ്രശ്നങ്ങൾ

1. ജനസംഖ്യാനുപാതികമായി അംഗൻവാടികൾ ഇല്ലാത്തത്.
2. നിലവിലുള്ള അംഗൻവാടികളുടെ ശോചനീയാവസ്ഥ.
3. വിവിധ ക്ഷേമപെൻഷനുകൾ യഥാസമയം ലഭിക്കാത്തത്
4. അപേക്ഷകളിന്മേൽ യഥാസമയം ബന്ധപ്പെട്ടവർ തീരുമാനം എടുക്കാത്തത്.
5. അർഹതപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
6. നിലവിലുള്ള ക്ഷേമപദ്ധതികൾക്കായി നൽകുന്ന സഹായത്തിന്റെ അപര്യാപ്തത.
7. ട്രൈസം പദ്ധതിപ്രകാരം പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിലില്ലായ്മ.

## സാദ്ധ്യതകൾ

1. അംഗൻവാടികൾ ആവശ്യമായ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി നിർമ്മിക്കാവുന്നതാണ്.
2. അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പൊതുജനസംഭാവനകളും സർക്കാർ സഹായവും പഞ്ചായത്തുചുമതലയിൽ സ്വരൂപിക്കാവുന്നതാണ്.

3. എല്ലാവിധ ക്ഷേമപെൻഷനുകളും പഞ്ചായത്തു ഏറ്റെടുത്തു വിതരണം ചെയ്യുകവഴി അർഹരായവർക്ക് ലഭിക്കുന്നതാണ്.

4. സർക്കാർ, അർദ്ധസർക്കാർ തൊഴിൽ ശാലകളിൽ ട്രൈസം പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ കൊടുക്കേണ്ടതാണ്.

5. അഗതിമന്ദിരത്തിന് പഞ്ചായത്തു വകയായുള്ള ശിശുമന്ദിരത്തിനോടു ചേർന്നുള്ള സ്ഥലം ഉപയോഗിക്കാവുന്നതാണ്.

6. ബന്ധപ്പെട്ടക്ഷേമവകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി സാമുഹ്യക്ഷേമ മാർഗ്ഗനിർദ്ദേശകസമിതി പഞ്ചായത്തുതലത്തിൽ രൂപികരിക്കുക വഴി ഈ രംഗത്തെ പോരായ്മകൾ പരിഹരിഹരിക്കുവാൻ കഴിയും.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

2. ബാലവാടികൾ ഉള്ളവയ്ക്ക് കളിസ്ഥലവും മതിലും നിർമ്മിക്കുക.

3. അംഗൻവാടികൾ വൈദ്യുതീകരിക്കുക.

4. ഒന്നാം വാർഡിൽ മങ്ങാട് കുരിശുംമൂടിന് തെക്കുവശവും മൂന്നാം വാർഡിൽ കാട്ടുകാല I.H.D.P കോളനിയിലും അഞ്ചാംവാർഡിൽ പുതുവൽഭാഗത്തും, ആറാം വാർഡിൽ കിസാൻമുക്ക് ഭാഗത്തും പത്താംവാർഡിൽ S.I.P ഭാഗത്തും ചായലോടുഭാഗത്തും പുതിയ അംഗൻവാടികൾ അനുവദിക്കുക.

5. ആറാം വാർഡിലെ C.K.K.M അഗൻവാടി I.C.D.S ഏറ്റെടുത്തു കെട്ടിടം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം.

6. ക്ഷേമവകുപ്പുകളുടെ കീഴിൽവരുന്ന പെൻഷനുകൾ, ആശ്വാസധനം എന്നിവ പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യുകയും മേൽപറഞ്ഞ ആവശ്യങ്ങൾക്കായുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുവാനുള്ള അവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക.

7. പഞ്ചായത്ത് അടിസ്ഥാനത്തിൽ അഗതി - വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കേണ്ടതാണ്.

8.. പഞ്ചായത്ത്തലത്തിൽ കർഷകത്തൊഴിലാളികളുടെയും നിർമ്മാണത്തൊഴിലാളികളുടെയും വേതനം ഏകീകരിക്കുക.

9. കോളനികളിൽ T.V കിയോസ്ക് സ്ഥാപിക്കേണ്ടതാണ്.

10 പഞ്ചായത്തിൽ പൊതുശ്മശാനം സ്ഥാപിക്കേണ്ടതാണ്.

11. അഞ്ചാം വാർഡിൽപ്പെട്ട ചിറമുടി, വെള്ളയാംകോട് ആറാം വാർഡിൽപ്പെട്ട വലിയപച്ച എന്നിവടങ്ങളിൽ കോളനികൾ ഉണ്ടാക്കണം.

12 എല്ലാവാർഡുകളിലും DWCRA യൂണിറ്റുകൾ ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കണം.

13. അംഗൻവാടികളിൽ അത്യാവശ്യം വേണ്ട കളിക്കോപ്പുകളും പഠനസാമഗ്രികളും ഉണ്ടാകണം.

14. പഞ്ചായത്തിലുള്ള വിവിധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

## പൊതുവിതരണകേന്ദ്രം

ഏനാദിമംഗലം പഞ്ചായത്തിൽ ആകെ 13 പൊതുവിതരണകേന്ദ്രങ്ങളും (റേഷൻകട) ഒരു മാവേലിസ്റ്റോറും നിലവിലുണ്ട്. 1995-96 വർഷത്തെ കണക്കുപ്രകാരം 12വയസ്സിനുമേൽ പ്രായമുള്ള 17396 പേരും 12 നു താഴെയുള്ള 3488 പേരും ഉൾപ്പടെ 20884 ഉപഭോക്താക്കൾ ആണ് നിലവിലുള്ളത്. വൈദ്യുതീകരിച്ച ഭവനങ്ങൾ 2342 ഉം വൈദ്യുതീകരിക്കാത്തവ 2137 ഉം കൂടി ആകെ 4479 കുടുംബങ്ങൾ ഉണ്ട്.

## പട്ടിക II

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | വൈദ്യുതീകരിച്ചവ | വൈദ്യുതീകരിക്കാത്തവ | ആകെ | മേജർ 12 വയസിന് മേൽ | മൈനർ 3-12 വയസ് വരെ | ആകെ |
| 91-92 | 1857 | 2048 | 13905 | 15422 | 3161 | 18583 |
| 92-93 | 1977 | 2307 | 4284 | 15881 | 3234 | 19115 |
| 93-94 | 2160 | 2221 | 4381 | 15987 | 3506 | 19493 |
| 94-95 | 2189 | 2258 | 4447 | 16021 | 3397 | 19418 |
| 95-96 | 2215 | 2274 | 4489 | 17396 | 3488 | 20884 |

### പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ

1. ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി വ്യാപകമായ പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

❋ ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുക.

2. കാര്യക്ഷമതയില്ലായ്മയും, ഉത്തരവാദിത്വമില്ലായ്മയും

❋ പൊതുവിതരണകേന്ദ്രങ്ങളുടെയും, മാവേലിസ്റ്റോറുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും, കൂടുതൽ ഉത്തരവാദിത്വ പൂർണ്ണമാക്കുകയും ചെയ്യുക.

3. പൊതുവിതരണകേന്ദ്രങ്ങളുടെ അഭാവം. പലവാർഡുകളിലും പൊതുവിതരണ കേന്ദ്രങ്ങൾ ഇല്ല.

❋ കൂടുതൽ പൊതുവിതരണകേന്ദ്രങ്ങൾ ആരംഭിക്കുക.

4. ഒരു മാവേലിസ്റ്റോർ മാത്രമേ നിലവിലുള്ളു.

❋ പഞ്ചായത്തിന്റെ തെക്കുമേഖലക്ക് ഉപകാരപ്രദമാകുംവിധത്തിൽ ഒരു മാവേലിസ്റ്റോർ കൂടി അനുവദിക്കുക.

5. പച്ചക്കറികളുടെ ദൗർലഭ്യം.

❋ പഞ്ചായത്തിൽ ഒരു സംഭരണ കേന്ദ്രവും വിതരണ കേന്ദ്രങ്ങളും ആരംഭിക്കുക.



V.6a

# കുടിവെള്ളം




കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ ജനങ്ങൾ കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നത്. മലകളും കുന്നുകളും കൂടുതലുള്ള ഈ പഞ്ചായത്തിൽ മഴക്കാലംകഴിയുന്നതോടെ കിണറുകൾ വറ്റിത്തുടങ്ങും. വേനൽ രൂക്ഷമാകുന്നതോടെ ചുരുക്കം ചില താഴ്‌വരകളിൽ പേരിനുമാത്രമേ കുടിവെള്ളം കിണറുകളിൽ ഉണ്ടാകൂ. വറ്റാത്ത പുഴകളോ തോടുകളോ ഈ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് ഈ പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു മേജർവാട്ടർസപ്ലേ സ്കീം നടപ്പിലാക്കുന്നതിനു സാധ്യതയില്ല. ഏക ആശ്രയം ആകുമായിരുന്ന 'കൂടൽ ഏനാദിമംഗലം വാട്ടർ സപ്ലൈസ്കീം' ഇനിയും കമ്മീഷൻ ചെയ്തിട്ടില്ല. ലോകബാങ്കിൻെറ സഹായത്തോടുകൂടിയുള്ള ഈ പദ്ധതി സമയബന്ധിതമായും ഉത്തരവാദിത്വത്തോടും നടപ്പിലാക്കിയിരുന്നെങ്കിൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുമായിരുന്നു.

**കൂടൽ - ഏനാദിമംഗലം വാട്ടർസപ്ലൈ സ്കീം കമ്മീഷൻ ചെയ്യുക**

പൈപ്പുകൾ കുഴിച്ചിട്ടിട്ടു വർഷങ്ങളേറെയായി. ടാങ്കിനു സ്ഥലം പോലും കണ്ടെത്തിയിട്ടില്ല. പൊതു ടാപ്പുകളും ഹൗസ് കണക്ഷനുകളും ഉദ്ദേശിച്ച് രൂപപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കു ശാപമോഷം ലഭിക്കുന്നതും കാത്ത് ഈ പഞ്ചായത്തു കഴിയുന്നു.

**കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ**

താഴ്‌വാരങ്ങൾ ഒഴികെയുള്ള ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വാസയോഗ്യമായ ഭൂമിയുടെ മുക്കാൽ പങ്കോളം ഉയർന്നപ്രദേശങ്ങളും കുന്നുകളും ആയതിനാൽ പഞ്ചായത്തിൽ കുടിവെള്ളം രൂക്ഷമായ പ്രശ്നം തന്നെയാണ്. ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ വാർഡു തിരിച്ച് താഴെക്കൊടുക്കുന്നു.

പട്ടിക I

**കുടിവെള്ള പ്രശ്നം രൂക്ഷമായ പ്രദേശങ്ങൾ**

**വാർഡ് I**

1. മുരുകൻകുന്ന്
2. മാടുമേപ്പ് കോളനി
3. ചായലോട്
4 കുളമാക്കോട്.
5 പനച്ചവിള
6 ലൂർദ്ദുപുരം

**വാർഡ് II**

1 വേടമല
2 അഞ്ചുമല
3 ലക്ഷംവീട്
4 മേപ്പുറം
5 കുന്നിട

**വാർഡ് III**

1. മഞ്ഞപ്പുറം
2. കണ്ണങ്കര
3. മൈനാമൺ
4 കാട്ടുകാല
5 കുറുമ്പകര.

**വാർഡ് IV**

1. തിരുമങ്ങാട്-ഷംസ്മുക്ക്
2. കാഞ്ഞുവേലിൽ
3 പുതുവൽ
4 പാറക്കാല
5 കാരിഞ്ചക്കുഴി
6 പട്ടാറ
7 പുൽപ്പാറത്തടം- വഴുതിനിക്കോണത്ത് കിഴക്കേക്കര

**വാർഡ് V**

1 ചിറമുടി കിഴക്കേക്കര
2 തടത്തിൽപ്പടി
3 ഒഴുകുപാറ
4 കിളിയൻമന്ത്ര
5 കൊടിയിൽ പടി
6 വെള്ളയാംകോട്ട്
7 മാരൂർ

**വാർഡ് VI**

1. മാരൂർ ലക്ഷംവീടു കോളനി
2 വലിയപച്ച
3 ചാങ്കൂർ
4 മാവിള

**വാർഡ് VII**

1 ഇളമണ്ണൂർ ലക്ഷംവീട്
2 വാലായത്തിൽപടി
3 എൽ.പി.എസ് ജംഗ്ഷൻ
4 മുക്കോണുവിളപടി
5 വഞ്ചേരിവിളപടി
6 കരയോഗംപടി

വാർഡ് VIII

1 വലിയവിളപടി
2 ആഞ്ഞിലിമുക്ക്
3 തടത്തിൽപ്പടി
4 സമതിപടി
5 പുഞ്ചലക്കാട്ടുപടി
6 വെട്ടിപ്പുറം
7 ചെമ്പോൻചിറ
8 മുരുപ്പേൽതറ
9 തോട്ടുകടവ്
10 പൂയപ്പള്ളിൽ
11 കിഴക്കേവെട്ടിപ്പുറം
12 താന്നിവിള

വാർഡ് IX

1 മുരുപ്പേൽതറ
2 മുരുപ്പേൽതറ വെണ്ടാറ്റുഭാഗം
3 അടുപ്പുപാറ
4 കടമാൻകുഴി
5 ചാപ്പാലിൽ

വാർഡ് X

1 പാലക്കോട്
2 കോട്ടൂർപടി
3 ആറുവില
4 എസ്.ഐ.പി
5 തെക്കേക്കര സ്ക്കിന്നർപുരം
6 തുറുന്നൻവിള

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുള്ളതും അടിയന്തിര പ്രാധാന്യം നൽകി നടപ്പാക്കേണ്ടതും പൊതുകിണർ കുഴൽകിണർ പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കേണ്ടതുമായ സ്ഥലങ്ങൾ വാർഡു തിരിച്ച് താഴെക്കൊടുക്കുന്നു.

പട്ടിക 2

| വാർഡ് | കുഴൽകിണർ/പൊതുകിണർ | പൈപ്പ്ലൈൻ |
|---|---|---|
| 1 | പുല്ലാഞ്ഞിക്കാലാപടി<br>മുരുകൻകുന്ന് കുഴൽകിണർ<br>കുളമാക്കോട്<br>മിച്ചഭൂമി<br>ചായലോട് പൊതുക്കിണർ | മുരുകൻകുന്ന് - പാറയ്ക്കൽ<br>മാട്ടുമേപ്പ്കോളനി<br>മങ്ങാട് - ചായലോട്<br>പുല്ലാഞ്ഞിക്കാലാ - ചായലോട്<br>പനച്ചവിള - നെല്ലിവിള - ആലുവിള<br>തേക്കുവിളപടി - ആറുവിലാ<br>വാഴോട് - ലൂർദ്ദുപുരം |
| 11 | അഞ്ചുമല<br>വേടമല കുഴൽകിണർ<br>മേപ്പുറം<br>കുന്നിട ലക്ഷംവീട് കോളനി | കുറുമ്പകര വഴി കുന്നിടയ്ക്കുള്ള പൈപ്പ് ലൈൻ |
| 111 | മഞ്ഞപ്പുറം<br>കണ്ണംകര<br>മൈനാമൺ<br>കാട്ടുകാല | മഞ്ഞപ്പുറം<br>കണ്ണംകര<br>മൈനാമൺ<br>കാട്ടുകാല<br>തേങ്ങാമുകൾമുരുപ്പ് |

| | | |
|---|---|---|
| IV | പാറക്കാല കുഴൽകിണർ<br>പുൽപാറത്തടം<br><br>പൊതുകിണർ രണ്ടെണ്ണം ആവശ്യമുണ്ട് | തിരുമങ്ങാട്-കോളേജ് റോഡ്, കാഞ്ഞിവേലിൽ<br>ഐ.എച്ച്.ഡി.പി കോളനി<br><br>പുതുവൽ - പാറക്കാല -<br>കാരിഞ്ചക്കുഴി - പട്ടാറ - കോലിയക്കോട് |
| V | ചിറമുടികിഴക്കേക്കര,<br>ഒഴുകുപാറ കുഴൽകിണർ<br>കിളിയൻമന്ത്ര<br><br>വെള്ളായാംകോട് കോളനി പൊതുകിണർ | ചിറമുടികിഴക്കേക്കര,<br>മാരൂർതടത്തിൽപടി - ഒഴുകുപാറ<br>തടത്തിൽപടി - കൊടിയിൽപടി<br>കിളിയൻമന്ത്ര |
| VI | മാരൂർ ലക്ഷംവീട് കോളനി<br>സന്യാസിമുരുപ്പ് | വലിയപച്ച<br>ലക്ഷംവീട് (സന്യാസിമുരുപ്പ്) |
| VII | ലക്ഷംവീട്, ഇളമണ്ണൂർ മാർക്കറ്റ്ജംഗ്ഷൻ<br>ഇളമണ്ണൂർ പഞ്ചായത്ത്ജംഗ്ഷൻ,<br>ഭഗവതികുന്ന് | മുല്ലമ്പൂർ കോളനി, ലക്ഷം വീടുകോളനി,<br>ഹൈസ്ക്കൂൾ -വാലായത്തിൽപടി<br>എൽ.പി.എസ്. ജംഗ്ഷൻ - മുക്കോണു വിളപടി<br>വഞ്ചേരിവിളപടി - കരയോഗംപടി |
| VIII | പൂയപള്ളിപ്പടി<br>വാർതൂണ്ടിൽപടി<br>വെട്ടിപ്പുറംപടി<br>ബാലവിലാസംപടി<br>തോപ്പിൽപടി | വലിയവിളപടി - മാവിളപടി<br>ആഞ്ഞിലിമുക്ക് - പ്ലാൻേറഷൻപടി<br>തടത്തിൽപടി - കനാൽപടി<br>സമതി പടി - കനാൽപടി<br>പുഞ്ചലക്കാട്ടുപടി - "<br>പ്രശാന്തീഭവനം - "<br>മുരുപ്പേൽതറ - പ്ലാൻേറഷൻ<br>വെട്ടിപ്പുറം - വാലായത്തിൽ<br>ചെമ്പോഞ്ചിറ - മാവിള |
| XI | മുരുപ്പേൽതറ - വേണ്ടാറ്റുഭാഗം<br>ഈട്ടിവിളപടി<br>അടപ്പുപാറ-ചെറുനിലത്തുഭാഗം<br>(ലിഫ്റ്റ് ഇറിഗേഷൻ)<br>പാലക്കോട്ടു ഭാഗം, വട്ടവിള | മുരുപ്പേൽതറ - പ്ലാൻേറഷൻപടി<br><br>തോട്ടുകടവ് പടി - താന്നിവിളപടി |
| X | എസ് ഐ. പി ജംഗ്ഷൻ<br>പാലക്കോട് ജംഗ്ഷൻ<br>ആറുവില<br>തുറുവുംവിള<br>തെക്കേക്കര പൊതുകിണർ<br>സ്കിന്നർപുരം | ആലയിൽപടി - തെക്കേക്കര<br>മരുതിമുക്ക് - എസ്.ഐ.പി<br>മരുതിമുക്ക് - പാലക്കോട്<br>മങ്ങാട് - അറുവിലറോഡ്<br>ആലയിൽപടി - കോട്ടൂർപടി - എസ.ഐ.പി |

പട്ടിക I&II എന്നിവയിലായി വിവരിച്ചിരിക്കുന്ന പ്രദേശങ്ങളിലാണു കുടിവെള്ളക്ഷാമം പ്രധാനമായും നേരിടുന്നത്. ഈ പഞ്ചായത്തിൽ കൂടുതൽ പൊതുകിണറുകൾ കുഴിച്ചും നിലവിലുള്ള കിണറുകളുടെ ആഴംകൂട്ടിയും അറ്റകുറ്റപ്പണികൾ ചെയ്തും കിണറുകൾ കുഴിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചും നല്ലൊരളവോളം ഈ പ്രശ്നത്തിനു പരിഹാരം കാണാവുന്നതാണ്.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിൽ പൊതു കിണറുകൾ പുനരുദ്ധരിക്കുന്നതിനും കാലാകാലങ്ങളിൽ ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3 പഞ്ചായത്തിൽ കിണറുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനു ധനസഹായം നൽകുക.

4 ഉപയോഗശൂന്യമായ കുഴൽകിണറുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.

5 കുടിവെള്ളത്തിൻെറ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും കിണറുകൾ നിർമ്മിക്കുന്നതിന് സാധ്യതയില്ലാത്തതുമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുക

6. ഭൂഗർഭജലത്തിൻെറ വിതാനം ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുന്നത് തടയുന്നതിന്, ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

7. കൂടൽ-ഏനാദിമംഗലം വാട്ടർസപ്ലേ സ്കീം അടിയന്തിര പ്രാധാന്യം കൊടുത്തു പൂർത്തീകരിക്കുക.

8. പഞ്ചായത്തിൻെറ മുഴുവൻ ഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ പൈപ്പുലൈനുകൾ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ പൈപ്പുലൈൻ നീട്ടി കൂടൽ-ഏനാദിമംഗലം വാട്ടർസപ്ലേസ്കീം പ്രയോജനപ്പെടുത്തുക.

9. പൊതുകിണറുകളുടെ ആഴം വർദ്ധിപ്പിക്കുക.

10 വേടമല വാട്ടർ സപ്ലെ സ്കീം കമ്മീഷൻ ചെയ്യുക.





V6B

# പൊതുജനാരോഗ്യം



ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്ത്

ആരോഗ്യമുള്ള ജനത രാഷ്ട്രത്തിൻെറ സമ്പത്താണ്. 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം' എന്നലക്ഷ്യത്തിലേക്ക് നമ്മുടെ രാജ്യം മുന്നേറുമ്പോൾ മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളം ബഹുദൂരം മുന്നിലാണെന്ന വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും ആരോഗ്യരംഗത്ത് ദീർഘവീക്ഷണത്തോടു കൂടിയ ഒരു മുന്നേറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. പുത്തൻ രോഗങ്ങളുടെ കടന്നാക്രമണം നാം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെയെല്ലാം നിഷ്പ്രഭമാക്കുന്നുവോ എന്നു തോന്നിപ്പോകുന്നു...... അതിനൂതന ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വൈദ്യശാസ്ത്ര ഗവേഷണരംഗത്തേക്ക് പ്രതിഭകളെ ആകർഷിച്ച് ഒരു കുതിച്ചുചാട്ടം നടത്തേണ്ടിയിരിക്കുന്നു. കൃഷിക്കുംവ്യവസായത്തിനും ഊന്നൽ നൽകിക്കൊണ്ട് നാം ആവിഷ്കരിച്ചു വിജയിപ്പിച്ച പഞ്ചവത്സരപദ്ധതികൾ പോലെതന്നെആരോഗ്യ വിദ്യാഭ്യാസ രംഗങ്ങൾക്ക് തുല്യപ്രാധാന്യം നൽകുന്ന ഒരു പഞ്ചവത്സര ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിക്കണം.

ആരോഗ്യ വിദ്യാഭ്യാസ
ജനകീയ ആസൂത്രണ-പഞ്ചവത്സരപദ്ധതിക്കു
രൂപംനൽകണം

ഈ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്ര വും 3 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും സ്വകാര്യമേ ഖലയിൽ പ്രവർത്തിക്കുന്ന 5 ആയുർവേദ ഡിസ്പൻസ റികളും 2 പാരമ്പര്യ ചികിത്സാലയങ്ങളും മാത്രമാണ് ഉള്ളത്. സ്വകാര്യ ആശുപത്രികൾ ഒന്നും തന്നെയില്ല.

ഏനാദിമംഗലം പ്രാഥമികാരോഗ്യകേന്ദ്രം 1965 ൽ പ്രവർത്തനമാരംഭിച്ച ഏനാദിമംഗലം പി.എച്ച്.സി യ്ക്ക് എ.എം. ജോസഫ് അന്ത്രപ്പേർ സൗജന്യമായി നൽകിയ ഒരേക്കർ സ്ഥലത്ത് 1988 ൽ സ്വന്തമായി കെട്ടിടം ഉണ്ടായി. ഡോക്ടർമാർക്കുള്ള രണ്ട് ക്വോർട്ടേഴ്സു കൾ ഉൾപ്പെടെ ആറു കോർട്ടേഴ്സുകളും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകളും ഓപ്പ റേഷൻ തീയറ്ററും പ്രധാന കെട്ടിടത്തിനു പുറമേയുണ്ട്. പൊതുജനങ്ങൾ സംഭാവനയായി നൽകിയ 12 കിട ക്കകൾ ഉപയോഗപ്പെടുത്തി ഇൻപേഷ്യന്റ് വിഭാഗം

പട്ടിക 1

| ക്രമനമ്പർ | സ്ഥാപനം | ആശുപത്രി | | ഡിസ്പൻസറി | | മാതൃശിശു സംരക്ഷണ കേന്ദ്രം | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | അലോപ്പതി (പി.എച്ച്.സി) | 1 | | | | | | 28 |
| 2 | ആയുർവേദം | | | | 5 | | | 7 |
| 3 | ഹോമിയോ | | | | 1 | | | 1 |
| 4 | മാതൃശിശുസംരക്ഷണം | | | | | 3 | | 3 |
| | ആകെ | 1 | | | 6 | 3 | | 39 |

ആരംഭിച്ചെങ്കിലും അത്യാവശ്യം വേണ്ട ജീവനക്കാരുടെ കുറവു മൂലം അധികകാലം പ്രവർത്തിക്കുവാൻ കഴി ഞ്ഞില്ല. ഈ പഞ്ചായത്തിൽനിന്നും ചികിത്സക്കായി രോഗികൾ 20 കി. മീ. അകലെയുള്ള അടൂർ താലൂക്ക് ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഇവിടുത്തെ പരി മിത വരുമാനക്കാരും സാധാരണക്കാരുമായ ഭൂരിപക്ഷം ജനങ്ങൾക്കും ഈ പഞ്ചായത്തിൽത്തന്നെ ചികിത്സാസൗകര്യം ലഭിക്കുക എന്ന അടിയന്തിര ആവ ശ്യം നിറവേറ്റാൻ ഇന്നത്തെ നിലയിൽ ഏനാദിമംഗലം പി.എച്ച്.സി. ക്ക് കഴിയുന്നില്ല.

പട്ടികനമ്പർIIൽ നിന്നും പ്രതിവർഷം ഈ പ്രാഥ മിക ആരോഗ്യകേന്ദ്രത്തിൽ എത്തുന്ന രോഗികളുടെ ചിത്രം വ്യക്തമാകും. 1995-96 സാമ്പത്തികവർഷ ത്തിൽ ശരാശരി 12 രോഗികൾ മാത്രമാണ് ദിനംപ്രതി ഇവിടെ ചികിത്സയ്ക്കായി എത്തിയത്. വിവിധ വിഭാഗ ങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുടെ അഭാവവും മരുന്നുകളുടെ ദൗർലഭ്യവുമാണ് രോഗി കൾ എത്താത്തതിനുള്ള പ്രധാനകാരണം. അടിസ്ഥാ നസൗകര്യങ്ങൾ ആവശ്യത്തിനുള്ള ഈ പി.എച്ച്.സി

പട്ടിക II

| വർഷം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം) | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്രോഗം | വാതരോഗം | പകർച്ചവ്യാധികൾ | മറ്റുള്ളവ | ആകെ |
| 1992-93 | | 3872 | 195 | 690 | 79 | 2098 | 3872 |
| 1993-94 | | 4762 | 235 | 846 | 92 | 3589 | 4762 |
| 1994-95 | | 14575 | 725 | 2905 | 167 | 10778 | 14575 |
| 1995-96 | | 4547 | 225 | 903 | 123 | 3296 | 4547 |

അവലംബം പി.എച്ച്.സി. ഏനാദിമംഗലം

രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തണം.

**പി.എച്ച്.സി ആശുപത്രിയായി ഉയർത്തണം**

അഞ്ചുവയസും അതിൽ താഴെയുമുള്ള ഈ പഞ്ചായത്തിലെ ആകെ കുട്ടികളുടെ എണ്ണം അംഗൻവാടി കണക്കു പ്രകാരം 1333 ആണ്. 1996- ൽ നടന്ന ആകെ ജനനം 257. ആകെ ജനസംഖ്യ 21232. പുരുഷന്മാർ 10778 സ്ത്രീകൾ 10454 പോഷകാഹാരകുറവുമൂലം ആരും തന്നെ മരിച്ചിട്ടില്ല. ഗുരു

### പട്ടിക III

| നമ്പർ | അംഗൻവാടി നമ്പർ | ഒരു വയസിനു താഴെയുള്ളത് | 1-2 വയസു വരെയുള്ളത് | 2-3 വയസുവരെ പ്രായമുള്ളത് | 3-5 വയസുവരെ പ്രായമുള്ളത് | ആകെ |
|---|---|---|---|---|---|---|
| 1 | 34 | 19 | 11 | 20 | 30 | 80 |
| 2 | 35 | 19 | 16 | 20 | 31 | 86 |
| 3 | 36 | 21 | 13 | 9 | 20 | 63 |
| 4 | 37 | 20 | 8 | 15 | 16 | 59 |
| 5 | 38 | 17 | 17 | 11 | 25 | 70 |
| 6 | 39 | 11 | 14 | 17 | 32 | 74 |
| 7 | 40 | 20 | 24 | 30 | 20 | 94 |
| 8 | 41 | 20 | 13 | 22 | 46 | 101 |
| 9 | 42 | 24 | 19 | 20 | 29 | 92 |
| 10 | 43 | 11 | 12 | 14 | 37 | 74 |
| 11 | 44 | 16 | 20 | 22 | 21 | 79 |
| 12 | 45 | 27 | 21 | 22 | 41 | 111 |
| 13 | 46 | 18 | 19 | 17 | 25 | 79 |
| 14 | 98 | 14 | 24 | 10 | 49 | 97 |
| 15 | 65 | 15 | 17 | 15 | 27 | 74 |
| 16 | 152 | 15 | 20 | 15 | 50 | 100 |
| | ആകെ | 287 | 268 | 279 | 499 | 1333 |

അംഗൻവാടികളിൽനിന്നും ശേഖരിച്ചത്.

തരമായ പോഷകകുറവുള്ളവരും ആരും തന്നെയില്ല. ആരോഗ്യപോഷണ നിലവാരം താഴെ പട്ടികയിൽ ചേർക്കുന്നു.

### പട്ടിക IV

| പ്രായം | നോർമൽ | | ലഘുവായ പോഷണക്കുറവുള്ളവർ | | മിതമായ പോഷണക്കുറവുള്ളവർ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസിനു താഴെ | 104 | 89 | 55 | 72 | 19 | 15 |
| 1-3വയസ് | 139 | 139 | 82 | 70 | 32 | 27 |
| 3-6വയസ് | 167 | 159 | 91 | 76 | 32 | 27 |

1996- ൽ പഞ്ചായത്തിൽ രജിസ്റ്റർചെയ്ത ആകെ മരണം 78 ആണ്. പഞ്ചായത്തിലെ മരണനിരക്ക് ആയിരത്തിനു 3.67 ആണ്. ഇത് 5.9 എന്ന സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ഒരു വയസിനു താഴെയുള്ള മരിച്ച കുട്ടികളുടെ എണ്ണം 6 ആണ്. ശിശുമരണ നിരക്ക് 4.3 ആണ്. കേരളശരാശരിയാകട്ടെ 16ഉം, ജനനനിരക്ക് 12.9. ഗർഭസംബന്ധമായ രോഗങ്ങളാൽ ആരും മരിച്ചിട്ടില്ല. പഞ്ചായത്തിൻെറ ശരാശരി ആയൂർദൈർഘ്യം69 ആണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നടന്ന മരണവും ശരാശരി ആയൂർദൈർഘ്യവും പട്ടികകളായി താഴെകൊടുക്കുന്നു.

### പട്ടിക V

| വർഷം | ജനനം | മരണം | ശരാശരി ആയൂർദൈർഘ്യം |
|---|---|---|---|
| 1993-94 | 251 | 84 | 68 |
| 1994-95 | 254 | 94 | 70 |
| 1995-96 | 262 | 78 | 69 |

ഈ പഞ്ചായത്തിൽ പതിനഞ്ചു മുതൽ 44 വയസുവരെയുള്ള 2772 ദമ്പതിമാർ ഉണ്ട്. ഒരു കുട്ടിയുള്ള 650 പേരും രണ്ടുകുട്ടികളുള്ള 1529 പേരും 2-ൽ കൂടുതൽ കുട്ടികൾ ഉള്ള 426 പേരും ഇതിൽപെടും. കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവർ 1999 ഒരു കുട്ടിയുള്ള 138 പേരും രണ്ടു കുട്ടികളുള്ള 1493 പേരും 2-ൽ കൂടുതൽ കുട്ടികളുള്ള 368 പേരും ഉൾപ്പെടുന്ന ആകെ കണക്കാണ് മേൽവിവരിച്ച 1999. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ വിവരം താഴെ ചേർക്കുന്നു.

### പട്ടിക 6

| പ്രായം | എണ്ണം |
|---|---|
| 15-19 | 37 |
| 20-24 | 438 |
| 25-29 | 817 |
| 30-34 | 753 |
| 35-39 | 519 |
| 40-44 | 211 |
| ആകെ | 2772 |

## രോഗങ്ങൾ

പരിസരമലിനീകരണം കൊണ്ട് ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ എണ്ണം ഈ പഞ്ചായത്തിൽ കുറവാണ്. ആളുകൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിലാണ് ഇതിനു സാദ്ധ്യതകൂടുതൽ. 1995-96- ൽ ജലജന്യരോഗങ്ങൾ 27ഉം വായുജന്യരോഗങ്ങൾ 51ഉം പ്രാണിജന്യരോഗങ്ങൾ 45ഉം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ പകർച്ച വ്യാധികളുടെ വിവരങ്ങൾ പട്ടിക VII ആയികൊടുക്കുന്നു.

### പട്ടിക VII
### പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 37 | 43 | 12 |
| 1994-95 | 32 | 48 | 87 |
| 1995-96 | 27 | 51 | 45 |

ഏനാദിമംഗലം പി.എച്ച്.സി യിൽ നിന്നും ശേഖരിച്ച വിവരം അനുസരിച്ച് 950 രക്തസമ്മർദ്ദ രോഗികളും 11കുഷ്ഠരോഗികളും 13 ക്ഷയരോഗികളും ഉണ്ട്. മറ്റു രോഗങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

### മലിനീകരണം

പരിസരമലിനീകരണം ആരോഗ്യരംഗത്തെ ദോഷകരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ആളുകൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിൽ വിശേഷിച്ചും കോളനിപ്രദേശങ്ങളിൽ ആണ് പകർച്ചവ്യാധികൾ പിടിപെടാനും പടർന്നു പിടിക്കാനും സാധ്യതകൾ കൂടുതൽ ഉള്ളത്. അവരുടെ ജീവിതസാഹചര്യങ്ങളും പരിസരശുചിത്വമില്ലായ്മയും ആണ് ഇതിനു പ്രധാന കാരണം. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജനം നടത്തുന്നത് പല സാംക്രമിക രോഗങ്ങൾക്കും ഇടയാക്കും. കിണറുകളോട് വളരെ അടുത്തുള്ള കക്കൂസുകളും കാലിത്തൊഴുത്തുകളും കുടിവെള്ളത്തെ മലിനമാക്കുകയും രോഗങ്ങളുടെ കടന്നുകയറ്റത്തിനു ഇടയാക്കുകയും ചെയ്യും. വെള്ളം കെട്ടിനിൽക്കുന്ന ഓടകളും തുറസ്സായ സ്ഥലത്തേയ്ക്ക് മലിനജലം ഒഴുകുന്ന റബർ റോളറുകളും കൊതുകു പെരുകുന്നതിനും തന്മൂലമുള്ള പകർച്ച വ്യാധികൾ പിടിപെടുന്നതിനും ഇടയാകും. പഞ്ചായത്തിൽ പെരുകി വരുന്ന പാറപൊട്ടിപ്പ്, മെറ്റൽക്രഷിംഗ് യൂണീറ്റുകളും ആരോഗ്യരംഗത്തു പ്രശ്നങ്ങൾ ആണ്.

### പ്രശ്നങ്ങൾ

1 കക്കൂസുകൾ ഇല്ലാത്ത വീടുകൾ.
2 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
3 കക്കൂസുകൾ നിർമ്മിക്കന്നതിനുള്ള സഹായധനത്തിന്റെ അപര്യാപ്തത.
4 പൊതുശ്മശാനങ്ങളോ മറ്റു സൗകര്യങ്ങളോ നിലവിലില്ല.
5 ശാസ്ത്രീയമായി പണിയാത്ത കാലിത്തൊഴുത്തുകൾ.
6 പകർച്ചവ്യാധികൾ.
7 പരിസര മലിനീകരണം.
8 കുട്ടികൾക്കുള്ള പോഷകാഹാരങ്ങളുടെ കുറവ്.
9 അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾ ഇല്ല.
10 റബർ റോളറുകളിൽ നിന്നുള്ള മലിനജലം.
11 ഓടയിലും മറ്റും മലിനജലം കെട്ടിക്കിടക്കുന്നു.
12 കൊതുകു നിവാരണ മാർഗങ്ങളുടെ അഭാവം.
13 പഞ്ചായത്തിൽ വ്യാപകമായ കുടിവെള്ള ക്ഷാമം.



### ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. ഏനാദിമംഗലം പി.എച്ച്.സി പ്രവർത്തനം കാര്യക്ഷമമാക്കുക.

2 പി.എച്ച്.സി ആശുപത്രിയായി ഉയർത്തുക. ഇൻപേഷ്യൻറ് വിഭാഗം പ്രവർത്തനം പുനരാരംഭിക്കുക.

3 വാർഡുകൾതോറും പി.എച്ച്.സി യുടെ സബ് സെന്ററുകൾ സ്ഥാപിക്കുക.

4 പഞ്ചായത്തിൽ ഹോമിയോ, ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.

5 വാർഡുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സബ് സെൻററുകൾക്ക് സ്വന്തമായി കെട്ടിടം പണിയുക.

6 പഞ്ചായത്തിൽ കൂടുതൽ കക്കൂസുകൾ നിർമ്മിക്കുന്നതിനു ധനസഹായം നൽകുക.

TUTE OF LOCAL ADMINISTRATION

7 പൊതുശ്മശാനം സ്ഥാപിക്കുക.

8 പഞ്ചായത്തിൽ ഇറച്ചി വ്യാപാരത്തിനു സ്ലോട്ടർ ഹൗസുകൾ സ്ഥാപിക്കുക.

9 അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുക. വളർത്തു നായ്ക്കൾക്കു പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക.

10 പഞ്ചായത്തുതലത്തിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കുക.

11 പരിസരശുചിത്വത്തെ കുറിച്ചും മലിനീകരണത്തിനെതിരായും ബോധവൽക്കരണംനടത്തുക

12 പ്രതിരോധകുത്തിവയ്പുകൾ യഥാസമയം നടത്തുക

13 മാതൃശിശു സംരക്ഷണകേന്ദ്രങ്ങളിലൂടെ പോഷകാഹാരങ്ങൾ ആവശ്യമുള്ളവർക്കു വിതരണം ചെയ്യുക

14 ആരോഗ്യപ്രവർത്തകരുടെ ഭവന സന്ദർശനപരിപാടി ഊർജ്ജിതപ്പെടുത്തുക

15 കൊതുകു നിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.

V7

# വിദ്യാഭ്യാസം.



വ്യക്തിത്വ വികാസത്തിലൂടെ
മെച്ചപ്പെട്ട പൗരന്മാരെ വാർത്തെടുക്കുകയും അതിലൂടെ
രാഷ്ട്രപുരോഗതി കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ്
വിദ്യാഭ്യാസത്തിനുള്ളത്.സാക്ഷരതയിലും വിദ്യാഭ്യാസ
സൗകര്യങ്ങളുടെ കാര്യത്തിലും മുമ്പിലായിരുന്ന കേരളത്തിൽ
'എല്ലാവർക്കും വിദ്യാഭ്യാസം'
എന്ന ആശയം പ്രാവർത്തികമായതോടുകൂടി സമൂഹത്തിൻെറ എല്ലാ മേഖലകളിലും ഉള്ളവർക്ക് അതിൻെറ ഗുണഫലം അനുഭവവേദ്യമായി. എന്നാൽ സംസ്ഥാന ബഡ്ജറ്റിൻെറ മൂന്നിലൊന്നോളം വരുന്ന തുക വിദ്യാഭ്യാസ ആവശ്യത്തിനു മാത്രമായി ചെലവഴിച്ചുകൊണ്ടിരുന്നിട്ടും ഇന്ന് ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന നിലവാരത്തകർച്ച ആശങ്കാ ജനകമാണ്. ഇതിനൊരു പരിഹാരം കണ്ടെത്തുന്ന ഭാരിച്ച ഉത്തരവാദിത്വം സമൂഹം ഏറ്റെടുത്തേ മതിയാവൂ. വിദ്യാലയങ്ങളിൽ ജനകീയ ഇടപെടൽഉറപ്പാക്കുന്ന ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയണം.

**ജനകീയ വിദ്യാഭ്യാസ സമിതിയ്ക്ക് രൂപംനൽകുക**

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം 1903ൽ സ്ഥാപിതമായ മാരൂർ പ്രൈമറി സ്കൂളാണ്. 1910 ൽ ആരംഭിച്ച ഇളമണ്ണൂർ L.P.S ഉം 1920 ൽ ആരംഭിച്ച കലഞ്ഞൂർ N.M.U.P.S ഉം ആണ് മറ്റു രണ്ട് ആദ്യകാല വിദ്യാലയങ്ങൾ.1930 ൽ ഒരു സംസ്കൃത വിദ്യാലയം ചാങ്കൂരിൽ ആരംഭിച്ച് കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ 4 ഹൈസ്ക്കൂളുകളും 6 അപ്പർ പ്രൈമറി സ്ക്കൂളുകളും 3 ലോവർ പ്രൈമറി സ്ക്കൂളുകളും ഉണ്ട്. ഇളമണ്ണൂർ ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗവും മാരൂർ ഗവ. ഹൈസ്ക്കൂളിൽ L.B.S കംമ്പ്യൂട്ടർ സെൻററും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ 13 സ്ക്കൂളുകളിലായി ലോവർ പ്രൈമറി വിഭാഗത്തിൽ 1044 കുട്ടികളും അപ്പർ പ്രൈമറി വിഭാഗത്തിൽ 1111 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 959 കുട്ടികളും ഉൾപ്പെടെ ആകെ 3114 കുട്ടികൾ പഠിക്കുന്നു. 138 അധ്യാപകരും സേവനം അനുഷ്ഠിക്കുന്നു.

## പട്ടിക I

| നമ്പർ | സ്ക്കൂളിന്റെ പേര് | വിഭാഗം | വാർഡ് | പഠിക്കുന്ന കുട്ടികൾ | | | | അധ്യാപകർ |
|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | SC | |
| 1 | St.ജോർജ്ജ് ആശ്രമംHS | H.S | 1 | 60 | 35 | 95 | 33 | 6 |
| 2 | St. ജോർജ്ജ് ആശ്രമം U.P.S. ചായലോട് | U.P.S | 1 | 45 | 40 | 85 | 21 | 9 |
| | | L.P.S | 1 | 38 | 52 | 90 | 19 | |
| 3 | ഗവ. U.P.S കുന്നിട | U.P.S | II | 55 | 60 | 115 | 39 | 8 |
| | | L.P.S | II | 69 | 48 | 117 | 39 | |
| 4 | കുറുമ്പകര U.P.S | U.P.S | III | 104 | 115 | 219 | 76 | 8 |
| 5 | ഗവ. H.S.മാരൂർ | L.P.S | V | 82 | 90 | 172 | 46 | 24 |
| | | U.P.S | V | 88 | 79 | 167 | 44 | |
| | | H.S | V | 69 | 74 | 143 | 37 | |
| 6 | N.M.G. L.P.S കലഞ്ഞൂർ | L.P.S | V | 32 | 45 | 77 | 11 | 4 |
| 7 | NM UPS കലഞ്ഞൂർ | UPS | V | 75 | 87 | 162 | 30 | 8 |
| 8 | സെന്റ്ബ്രോക്കാഡ്സ് എൽപിഎസ് കുറുമ്പകര | L.P.S | V | 74 | 76 | 150 | 29 | 4 |
| 9 | CAMHS കുറുമ്പകര | H.S | V | 132 | 140 | 272 | 78 | 12 |
| 10 | ഇളമണ്ണൂർ L.P.S | L.P.S | VII | 118 | 127 | 245 | 46 | 9 |
| 11 | K.P.P.M UPS ഇളമണ്ണൂർ | U.P.S | VII | 106 | 87 | 193 | 43 | 8 |
| 12 | ഇളമണ്ണൂർ H.S | H.S | VII | 232 | 217 | 449 | 116 | 23 |
| 13 | G.P.M. UPS പൂതങ്കര | U.P.S | IX | 92 | 78 | 170 | 52 | 15 |
| | | L.P.S | IX | 106 | 87 | 193 | 41 | |
| | ആകെ | | | 1577 | 1537 | 3114 | 800 | 138 |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശിശു മന്ദിരത്തിൽ മൂന്നു വയസ്സിനും അഞ്ചു . വയസ്സിനും ഇടയിൽ പ്രായമുള്ള 8 പെൺകുട്ടികളും 14 ആൺകുട്ടികളും പഠിക്കുന്നു. ഒരു ടീച്ചറും ആയയും ജീവനക്കാരായുണ്ട്. ശിശുമന്ദിരത്തിന്റെ കെട്ടിടവും 55 സെൻറു സ്ഥലവും പൂതങ്കരയിലെ 'ഏനാദിമംഗലം മഹിളാ സമാജം' സംഭാവനയായി പഞ്ചായത്തിനു നൽകിയിട്ടുള്ളതാണ്.

ഈ പഞ്ചായത്തിൽപ്പെട്ട കലഞ്ഞൂർ N.M.L.P സ്ക്കൂളിനോടു ചേർന്ന് ഒരു പ്രീപ്രൈമറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. മങ്ങാട് ഗ്രീൻ ഫീൽഡ് ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് സ്ക്കൂളിനും പുതുവൽ ബിഷപ്പ് ജേക്കബ് മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് സ്ക്കൂളിനും അംഗീകാരം ലഭിച്ചിട്ടില്ല. പഞ്ചായത്തിൽ 16 അംഗൻവാടികളും 4 ജന വിദ്യാകേന്ദ്രങ്ങളും 7 വായനശാലകളും വിദ്യാഭ്യാസപരിപോഷകങ്ങളായി പ്രവർത്തിക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനം നടത്തുക വഴി 610 നിരക്ഷരരെ നവസാക്ഷരരാക്കുവാൻ കഴിഞ്ഞു. പാരലൽ കോളേജുകൾ ഒന്നും തന്നെ ഇല്ല. 4 ട്യൂഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

പഞ്ചായത്തിൽ നിന്നും ധാരാളം കുട്ടികൾ പഞ്ചായത്തിനു പുറത്ത് അടൂരും പത്തനാപുരത്തുമുള്ള സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട്. ഈ സ്ക്കൂളുകൾ കൂടുതൽ ആകർഷകമായിരിക്കുന്നു എന്നതാണ് രക്ഷാകർത്താക്കൾ കുട്ടികളെ ഇവിടെ പഠിപ്പിക്കുന്നതിനുള്ള പ്രധാന കാരണം. പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടേയും ഭൗതികസാഹചര്യങ്ങളുടേയും കാര്യത്തിൽ മേൽപ്പറഞ്ഞ സ്ക്കൂളുകളേക്കാൾ പിന്നോക്കാവസ്ഥയിലാണ്.

## പട്ടിക II
### ഒരു താരതമ്യപഠനം

| | പൊതുവിദ്യാഭ്യസ സ്ഥാപനങ്ങൾ | | ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ |
|---|---|---|---|
| 1. | ഭൗതിക സാഹചര്യക്കുറവ് | 1. | മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ |
| 2 | മതിയായ ക്ലാസു മുറികളുടേയും കെട്ടിടങ്ങളുടേയും അപര്യാപ്തത | 2. | നല്ല കെട്ടിടം, നല്ല ക്ലാസ് മുറികൾ |
| 3. | യാത്രാപ്രശ്നം (മൂന്നു നാലുംകിലോമീറ്ററുകൾ നടന്നാണ് കുട്ടികൾ എത്തുന്നത്) | 3. | വാഹനലഭ്യത (വീട്ടുപടിക്കൽസ്ഥാപനത്തിന്റെ വാഹനം എത്തും.) |
| 4 | കേരളാ സിലബസ് | 4. | CBSE, ICSE തുടങ്ങിയ പാഠ്യ പദ്ധതികളുടെ സൗകര്യം |
| 5 | സാമൂഹ്യ മാന്യത പോരെന്ന തോന്നൽ | 5 | 'സോഷ്യൽ സ്റ്റാറ്റസിന്റെ' ഭാഗമാണെന്നുള്ള മിഥ്യാ ധാരണ |
| 6 | കലാ കായിക പരിശീലനത്തിലുള്ള പോരായ്മ | 6. | കലാ കായിക മേഖലകളിൽ കാര്യമായ ശ്രദ്ധയുംവേണ്ടപരിശീലനവും |

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും കെട്ടിടങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഉള്ളവ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചുറ്റുമതിൽ കെട്ടുകയും സ്ക്കൂൾ ലൈബ്രറികൾ സജീവമാക്കുകയും പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും കേരളാ സിലബസിൽ തന്നെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ സൗകര്യമുള്ള സ്ക്കൂളുകളിൽ ആരംഭിക്കുകയും സമൂഹത്തിൽ കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത് ഒരു പരിധിവരെ ഈ പിന്നോക്കാവസ്ഥയ്ക്കു മാറ്റം വരുത്തി ഇംഗ്ലീഷ് മീഡിയം സ്ക്കൂ

പട്ടിക III
S.S.L.C വിജയശതമാനം

| നമ്പർ | സ്ക്കൂളിന്റെ പേര് | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1. | Govt.H.S മാരൂർ | 28.8% | 40.4% | 47% | 39.2% | 52.5% |
| 2. | CAM HS കുറുമ്പകര | 55% | 57% | 89% | 83% | 79.4% |
| 3. | H.S ഇളമണ്ണൂർ | 42% | 41% | 40% | 39% | 38% |
| 4. | St. george ആശ്രമം H.S.ചായലോട് | 90% | 55% | 84% | 55% | 93% |

ളുകളിലേയ്ക്കുള്ള ഒഴുക്കു തടയാനാവും.

സാമൂഹ്യമായും സാമ്പത്തികമായും പിന്നിൽ നിൽക്കുന്ന ബഹുഭൂരിപക്ഷം കുട്ടികളേയും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ S.S..L.C. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി താഴ്ന്ന ക്ലാസ്സുകളിലെ പ്രൊമോഷനിൽ നിയന്ത്രണം ഒന്നുംതന്നെ പാലിക്കാതിരുന്നിട്ടും കഴിഞ്ഞ വർഷത്തെ ശരാശരി S.S.L.C. വിജയശതമാനം 65.6 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ 20% കൂടുതൽ ആണ്. വിദ്യാഭ്യാസരംഗത്ത് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി നല്ല അദ്ധ്യയനഅന്തരീക്ഷം ഉണ്ടാക്കുകയും അദ്ധ്യയനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്താൽ പഞ്ചായത്തിൽ കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനു കഴിയും.

ഈ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇല്ലായ്മകളേറെയുണ്ട്. ആവശ്യത്തിനു ക്ലാസുമുറികൾ, ഫർണ്ണിച്ചർ, പഠനോപകരണങ്ങൾ, ലൈബ്രറി, ലാബോറട്ടറി, കളിസ്ഥലം, മൂത്രപ്പുര, ചുറ്റുമതിൽ, കുടിവെള്ളം എന്നിങ്ങനെ ആവശ്യങ്ങളുടെ പട്ടിക ഏറുന്നു. ഗവൺമെൻറു മേഖലയിൽ ഒരു ഹൈസ്ക്കൂളും ഒരു U.P.S.ഉം രണ്ട് L.P.S.ഉം ആണ് ഉള്ളത് ഇവയുടെ സ്ഥിതി വളരെ ശോചനീയമാണ്. മാരൂർ ഗവ. ഹൈസ്ക്കൂളിൽ ചുറ്റുമതിൽ കെട്ടുകയും ആവശ്യത്തിനു ഫർണ്ണിച്ചർ ഉണ്ടാക്കുകയും കളിസ്ഥലം ഉപയോഗയോഗ്യമാക്കുകയും ക്ലാസു മുറികൾ ഉണ്ടാക്കുകയും ഒരു മൂത്രപ്പുരകൂടി നിർമ്മിക്കുകയും ചെയ്താൽ ഭൗതിക സാഹചര്യങ്ങളുടെ കുറവു പരിഹരിക്കാൻ കഴിയും . എന്നാൽ കുന്നിട ഗവ. യു.പിഎസ്ന്റെ സ്ഥിതി ഇതല്ല.ഒരേക്കർ വസ്തു വേണം എന്ന നിബന്ധന പാലിക്കണമെങ്കിൽ ഇനിയും 48 സെൻറു കൂടി വേണ്ടിയിരിക്കുന്നു. സിദ്ധനർ സർവീസ് സൊസൈറ്റിയുടെ വക കെട്ടിടത്തിലാണ് രണ്ടു ക്ലാസുകൾ നടത്തുന്നത്. സ്ക്കൂളിനു പുതിയ കെട്ടിടം പണിത് ഇതു വിട്ടു കൊടുക്കേണ്ടിയിരിക്കുന്നു. P.W.D റോഡിനോടു ചേർന്നാണ് സ്ക്കൂൾ കെട്ടിടം നിൽക്കുന്നത്. ചുറ്റുമതിൽ കെട്ടേണ്ടത് അത്യാവശ്യമാണ്. ആവശ്യത്തിനു ഫർണ്ണിച്ചർ ഉണ്ടാക്കുകയും കുടിവെള്ളത്തിനു പമ്പു സെറ്റു സ്ഥാപിക്കുകയും ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തെങ്കിലേ കുന്നിട യു.പി.എസ്. ന്റെ പരാധീനതകൾ അവസാനിക്കൂ. 86 വർഷം മുമ്പ് ഇളമണ്ണൂരിൽ ആരംഭിച്ച എൽ.പി.എസ് ആണ് മറ്റൊരു ഗവൺമെൻറു സ്ക്കൂൾ. പ്രധാനകെട്ടിടത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. ഒരു പുതിയ കെട്ടിടത്തിന്റെ ആവശ്യം ഇവിടെയുണ്ട്. കെ.പി. റോഡിനോടു ചേർന്നാണ് സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഒരു ചുറ്റു മതിലിന്റെ ആവശ്യം ഉണ്ട്. അത്യാവശ്യം വേണ്ട ഫർണ്ണിച്ചർ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഗവ. എൻ.എം.എൽ. പി. എസിനു ചുറ്റുമതിൽ ഭാഗികമായേ ഉള്ളു. ആവശ്യത്തിനു ഫർണ്ണിച്ചറും കുടിവെള്ളത്തിനു പമ്പുസെറ്റും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ എൽ.പി.എസിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി കോഴ്സിൽ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും ഫർണ്ണിച്ചറും ലഭ്യമാക്കേണ്ടതാണ്. ഗവൺമെൻറു സ്ക്കൂളുകളുടെ സ്ഥിതിയിൽനിന്നും ഒട്ടും വിത്യസ്തമല്ല സ്വകാര്യമേഖലയിലെ സ്ക്കൂളുകളുടേയും സ്ഥിതി..

# പട്ടിക IV

| നമ്പർ | സ്ക്കൂളിൻെറ പേര് | സ്ഥലത്തിൻെറ വിസ്തിർണ്ണം | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കുടിവെള്ളം | ഫർണ്ണിച്ചർ | ചുറ്റുമതിൽ | ലൈബ്രറി | ലാബോറട്ടറി |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Govt.LP.S ഇളമണ്ണൂർ | 57സെൻറ് | 30 സെൻറ് | 1 | 1 | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല |
| 2 | സെൻറ് ബ്രേക്കാഡ്സ് എൽപിഎസ് കുറുമ്പകര | 3 ഏക്കർ | 2ഏക്കർ | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | സി.എ.എം.എച്ച്.എസ് കുറുമ്പകര | | | | | | | | | | |
| 4 | എൻ.എം.ജി.എൽ.പി.എസ് കലഞ്ഞൂർ | 50സെൻറ് | 20സെൻറ് | 2 | 1 | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല |
| 5 | എൻ.എം.യു.പി.എസ് കലഞ്ഞൂർ | 1.35സെൻറ് | 85സെൻറ് | 1 | 1 | ഉണ്ട് | കിണർ | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | ഗവ: യു.പി.എസ് കുന്നിട | 52 സെൻറ് | - | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | യു.പി,എസ് കുറുമ്പകര | 3 ഏക്കർ | 80സെൻറ് | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് |
| 8 | മാരൂർ Govt: H.S | 3 ഏക്കർ | 11/2 ഏക്കർ | 2 | 1 | ഉണ്ട് | ഉണ്ട് | ഭാഗികം | ഭാഗികം | ഉണ്ട് | ഉണ്ട് |
| 9 | സെൻറ്ജോർജ്ജ്ആശ്രമംഎച്ച്.എസ് ചായലോട് | 3ഏക്കർ | 21/2ഏക്കർ | 2 | – | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് |
| 10 | സെൻറ്ജോർജ്ജ്ആശ്രമംയു.പി.എസ് ചായലോട് | 1ഏക്കർ | - | 1 | – | ഉണ്ട് | കിണർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11 | കെ.പി.പി.എം.യു.പി.എസ് ഇളമണ്ണൂർ | 11/2ഏക്കർ | 50സെൻറ് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല | ഇല്ല |
| 12 | ജി.പി.എം യു.പി.എസ് പൂതങ്കര | 1.44 സെൻറ് | 1 ഏക്കർ | 3 | 1 | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല | ഇല്ല |
| 13 | എച്ച്.എസ്. ഇളമണ്ണൂർ | 3 ഏക്കർ | 21/2ഏക്കർ | 4 | 2 | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് |

## പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

അധ്യാപക രക്ഷാകർതൃസമിതി, മാതൃസമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും ചില സ്ക്കൂളുകളിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ചില സ്ക്കൂളുകളിലേയും ഇവരുടെ പ്രവർത്തനം അനുകരണീയമാണ്.

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ വിവിധ ക്ലാസുകളിലായി തോറ്റു പഠിക്കുന്നവരുടെ എണ്ണം 175ആണ്. ഇത് ആകെ കുട്ടികളുടെ എണ്ണത്തിന്റെ 5ശതമാനത്തിലധികം വരും. തോറ്റുപഠിക്കുന്ന കുട്ടികളുടെ എണ്ണം സ്ക്കൂൾ തിരിച്ച് പട്ടികVൽ കൊടുക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സ്കൂൾ വർഷത്തിന്റെ ആരംഭത്തിൽ തന്നെ കണ്ടുപിടിച്ച് സ്പെഷ്യൽ കോച്ചിംഗ് നടത്തി അവരെ വിജയത്തിൽ എത്തിക്കാവുന്നതാണ്.

പട്ടിക V

| സ്ക്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. ഗവ. എൽ.പി.എസ് ഇളമണ്ണൂർ | 118 | 127 | 245 | 4 | 2 | 6 |
| 2. സെന്റ്ബ്രോക്കാഡ്സ് എൽ.പി.എസ് | 74 | 76 | 150 | 4 | 5 | 9 |
| 3. സി.എ.എം.എച്ച്.എസ്. കുറുമ്പകര | 132 | 140 | 272 | 14 | 7 | 21 |
| 4 എൻ.എം.ജി.എൽ.പി.എസ്. കലഞ്ഞൂർ | 32 | 45 | 77 | 1 | 5 | 6 |
| 5 എൻ.എം.യു.പി.എസ്. കലഞ്ഞൂർ | 75 | 87 | 162 | 2 | 8 | 10 |
| 6. ഗവ.യു.പി.എസ്. കുന്നിട | 125 | 108 | 232 | 4 | 1 | 5 |
| 7. യു.പി.എസ്. കുറുമ്പകര | 104 | 115 | 219 | 18 | 6 | 24 |
| 8 മാരൂർ ഗവ. എച്ച്.എസ് | 239 | 243 | 482 | 29 | 15 | 44 |
| 9. സെന്റ്ജോർജ്ജ് എച്ച് എസ് ചായലോട് | 60 | 35 | 95 | 9 | - | 9 |
| 10 സെന്റ്ജോർജ്ജ് യു.പി.എസ്, ചായലോട് | 83 | 92 | 175 | 12 | 3 | 15 |
| 11 കെ.പി.പി.എം യു.പി.എസ് ഇളമണ്ണൂർ | 106 | 87 | 193 | 7 | 5 | 12 |
| 12 ജി.പി.എം.യു.പി.എസ്. പൂതങ്കര | 198 | 165 | 363 | 15 | 7 | 22 |
| 13 എച്ച്.എസ്. ഇളമണ്ണൂർ | 232 | 217 | 449 | 1 | - | 1 |

പല കാരണങ്ങളാൽ പഠനം ഇടയ്ക്കുവെച്ചു നിർത്തി പോകുന്നവർ എണ്ണത്തിൽ കുറവെങ്കിലും സാധാരണമാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി പഠനം ഉപേക്ഷിച്ചവർ 36 ആണ് പട്ടിക താഴെ ചേർക്കുന്നു.

## പട്ടിക VI

| സ്കൂളിന്റെ പേര് | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|
| | ആകെ | | | എസ്.സി | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. സിഎ.എം.എച്ച്എസ്. കുറുമ്പകര | 1 | 8 | 9 | - | 2 | 2 |
| 2 എൻ.എം.ജി.എൽ.പി.എസ്. കലഞ്ഞൂർ | 1 | 4 | 5 | - | - | - |
| 3 എൻ.എം.യു.പി.എസ്. കലഞ്ഞൂർ | 2 | 1 | 3 | 1 | - | 1 |
| 4 ഗവ.യു.പി.എസ്. കലഞ്ഞൂർ | 2 | 1 | 3 | 2 | 1 | 3 |
| 5 യു.പി.എസ്. കുറുമ്പകര | 1 | 3 | 4 | 1 | 2 | 3 |
| 6 ഗവ. എച്ച്.എസ്. മാരൂർ | 5 | 1 | 6 | 3 | 1 | 4 |
| 7 സെന്റ് [illegible]ജ്ജ് എച്ച്. എസ്. ചായലോട് | 2 | - | 2 | 2 | - | 2 |
| 8. ജി.പി.എം.യു.പി.എസ്. പൂതംങ്കര | - | 1 | 1 | - | 1 | 1 |
| 9 എച്ച്.എസ്. ഇളമണ്ണൂർ | 3 | - | 3 | - | - | - |
| ആകെ | 17 | 19 | 36 | 9 | 7 | 16 |

പഠനം നിർത്തിപ്പോയവരേയും പഠനത്തിനു വേണ്ടി സ്ക്കൂളിൽ എത്തിയിട്ടില്ലാത്തവരേയും കണ്ടെത്തി ഇവരെ സ്ക്കൂളിലെത്തിച്ചു പഠിപ്പിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പദ്ധതിക്കു രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ഇവിടേയും ജനകീയ വിദ്യാഭ്യാസ സമിതിക്ക് പ്രവർത്തന മേഖല കണ്ടെത്താൻ കഴിയും.

### ജനകീയ വിദ്യാഭ്യാസ സമിതികൾക്കു രൂപം നൽകുക.

ഇത് എസ്.എസ്എൽ.സി വരെയുള്ള കുട്ടികളുടെ ചിത്രമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് പരാധീനതകൾ ഏറെയാണ്. എസ്.എസ്.എൽ.സി കൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവരാണ് അധികം . ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പ്രീഡിഗ്രി വിദ്യാഭ്യാസത്തിനായി. അടൂർ, പത്തനാപുരം കോളജുകളെയാണ് കൂടുതൽ പേരും ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിനായി മറ്റു സ്ഥലങ്ങളിലുള്ള ഐ.റ്റി.ഐ കളിലും ഐ.റ്റി സി കളിലും പഠിക്കുന്നവരും പോളിടെക്നിക്കുകളിൽ പഠിക്കുന്ന ചുരുക്കം ചിലരും കഴിഞ്ഞാൽ മെറിറ്റ്ലിസ്റ്റിൽ കടന്നുകൂടാൻ വേണ്ട യോഗ്യതാ മാർക്കു നേടാൻ കഴിയാതെ പഠനം നിർത്തേണ്ടിവരുന്നവരാണ് ഈ പഞ്ചായത്തിൽ കൂടുതൽ. യാതൊരുവിധ തൊഴിലുകളും വശമില്ലാത്തവരും ഉപരിപഠന സാദ്ധ്യതയില്ലാത്തവരുമായ ഇക്കൂട്ടർക്ക് ഭാവി ജീവിതത്തിനുപകരിക്കുന്ന തൊഴിൽ സമ്പാദിക്കുന്നതിനു വിവിധ സാങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കുന്ന ഹൃസ്വകാല സർട്ടിഫിക്കറ്റു കോഴ്സുകൾ ആരംഭിക്കണം.

### ഹ്രസ്വകാല തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുക.

ദീർഘനാളത്തെ വിദ്യാഭ്യാസത്തിലൂടെ നേടിയെടുത്ത ബിരുദബിരുദാനന്തര സർട്ടിഫിക്കറ്റുകളുമായി

വർഷംതോറും പുറത്തിറങ്ങുന്നവർ തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു. ഇത് ലാഘവബുദ്ധിയോടെ കാണുവാൻ കഴിയില്ല. ഉദ്യോഗം നേടാനായില്ലെങ്കിലും ജീവിക്കാനുതകും വിധത്തിൽ ഇവരെ പരിശീലിപ്പിക്കണം.

## തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.

## പ്രശ്നങ്ങൾ

1. ഭൂമിശാസ്ത്രപരമായി സൗകര്യത്തിലല്ല പല സ്ക്കൂളുകളും സ്ഥിതി ചെയ്യുന്നത്.
2. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
3. ചില സ്ക്കൂളുകളിലെ P.T.A യുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. മെയിൻറനൻസ് ഗ്രാൻറ് അപര്യാപ്തമാണ്.
5. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
6. അംഗൻവാടികളിൽ പലതിനും കെട്ടിടങ്ങളില്ല.
7. വായനശാലകൾ എല്ലാ വാർഡിലും ഇല്ല.
8. സാക്ഷരതാ തുടർ-വിദ്യാഭ്യാസം നടക്കുന്നില്ല.
9 അൺ എയിഡഡ് സ്ക്കൂളുകളുടെ എണ്ണം വർദ്ധിക്കുന്നത് പൊതു വിദ്യാലയങ്ങളെ ദോഷകരമായി ബാധിക്കുന്നു.
10 സ്ക്കൂളുകൾക്കു സമീപം പബ്ലിക്ക് റോഡുകളിൽ സൈൻ ബോർഡുകളുടെ അഭാവം അപകട സാദ്ധ്യത വർദ്ധിപ്പിക്കുന്നു.
11. നിർദ്ധനരായ കുട്ടികൾക്കുള്ള സഹായങ്ങൾ തൃപ്തികരമല്ല.
12. സ്ക്കൂൾ രാഷ്ട്രീയം പഠനനിലവാരത്തെ ബാധിക്കുന്നു.
13. അദ്ധ്യാപകർക്കുവേണ്ടി കാലാകാലങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളുടെ അഭാവം.
14. ചില സ്ക്കൂളുകളിൽ കുട്ടികൾ കുറവായതുകൊണ്ട് ഡിവിഷനുകൾ ഇല്ലാതാകുന്നു.

## സാദ്ധ്യതകൾ

1. ദൂരം കൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെടുന്നിടത്ത് സ്ക്കൂൾ അനുവദിക്കുക..
2. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുക. ക്ലാസ്മുറികൾ ഒഴിവുള്ള സ്ക്കൂളുകളിൽ സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുക.
3. P.T.A കളുടേയും മാതൃസമിതികളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുക.
4. മെയിന്റനൻസ് ഗ്രാൻറ് കാലോചിതമായി വർദ്ധിപ്പിക്കുകയും P.T.A യുടേയും സ്ക്കൂൾ വികസന സമിതിയുടേയും ചുമതലയിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
5. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്കു കെട്ടിടം ഉണ്ടാക്കുക.
7. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ ഉണ്ടാക്കുക. വായനശാലകൾക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
8. സാക്ഷരത്ാ തുടർവിദ്യാഭ്യാസം കാര്യക്ഷമമാക്കുക.
9. പൊതു വിദ്യാഭ്യാസസ്ഥാപനങ്ങൾ കൂടുതൽ ആകർഷകമാക്കുക. സാദ്ധ്യതയുള്ള സ്ക്കൂളുകളിൽ കേരളാ ഗവൺമെൻറ് സിലബസിൽ തന്നെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിക്കുക.
10. സ്ക്കൂളുകൾക്കു സമീപം പബ്ലിക്ക് റോഡിൽ സൈൻബോർഡുകളും ബംപുകളും സ്ഥാപിക്കുക.
11. നിർദ്ധനരായ കുട്ടികൾക്കു സഹായം വർദ്ധിപ്പിക്കുക.
12. സ്ക്കൂൾ രാഷ്ട്രീയം ഒഴിവാക്കുക.
13. അദ്ധ്യാപകർക്കുവേണ്ടി ഫലപ്രദമായ ഇൻസർവ്വീസ് കോഴ്സുകൾ നടത്തുക.
14. പ്രൊഫഷണൽ-സിവിൽസർവ്വീസ് രംഗങ്ങളിൽ പ്രവേശനത്തിനു അർഹരാകുന്നതരത്തിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുക.
15. അംഗൻവാടി ജീവനക്കാർക്കു വേതനം വർദ്ധിപ്പിക്കുക.
16. നിലത്തെഴുത്ത് ആശാന്മാർക്ക് ഗ്രാൻറ് അനുവദിക്കുക.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1 1ഉം 10ഉം വാർഡുകൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു പ്രൈമറി സ്ക്കൂൾ ആരംഭിക്കുക.

2 2ാം വാർഡിലെ കുന്നിട ഗവൺമെന്റ് യു.പി.എസ് ന്പുതിയ കെട്ടിടം നിർമ്മിക്കുകയും ചുറ്റുമതിൽ കെട്ടുകയും ചെയ്യുക. H.S. ആയി ഉയർത്തുക.

3. 3-ാം വാർഡിൽ ഒരു അംഗൻവാടിയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനവും ആരംഭിക്കുക.

4. IV,VI,VII,VIII വാർഡുകളിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുക.

5. V.-മാം വാർഡിലെ മാരൂർ ഗവൺമെൻറ് ഹൈസ്ക്കൂളിലേയും NMG.LPS കലഞ്ഞൂരിലേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

6. VI-ാം വാർഡിൽ നേഴ്സറി സ്ക്കൂൾ, L.Pസ്ക്കൂൾ എന്നിവ സ്ഥാപിക്കുക.

7. ഗവ. എൽ.പി. സ്ക്കൂൾ ഇളമണ്ണൂരിൽ ചുറ്റുമതിൽ കെട്ടുക. കെട്ടിടം നിർമ്മിക്കുക VII-ാം വാർഡിൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുക.

8. VIII ാം വാർഡിലെ ശിശുമന്ദിരത്തിന്റെ നിലവിലുള്ള കെട്ടിടം വിപുലീകരിക്കുക. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും കംപ്യൂട്ടർ കോഴ്സും ആരംഭിക്കുക. ലൈബ്രറി കെട്ടിടം പണിയുക.

9. IX-ാം വാർഡിലെ അംഗൻവാടിക്കു് കെട്ടിടം നിർമ്മിക്കുക. വായനശാല, നേഴസറി സ്ക്കൂൾ ഇവ സ്ഥാപിക്കുക. തൊഴിൽ വിദ്യാഭ്യാസസ്ഥാപനങ്ങളും ജനവിദ്യാ കേന്ദ്രങ്ങളും ആരംഭിക്കുക.

10 X-ാം വാർഡിൽ അംഗൻവാടി, നേഴ്സറി സ്ക്കൂൾ, വായനശാല ഇവ ആരംഭിക്കുക.

11. LP സ്ക്കൂളുകളോടുചേർന്ന് പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുക.

12. അംഗൻവാടികളിൽ കുട്ടികൾക്ക് കളിക്കോപ്പുകളും ബോധനോപകരണങ്ങളും നൽകുക.

13. കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്കു കെട്ടിടം നിർമ്മിക്കുക.

14. കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക,





## V8

# പട്ടികജാതി /പട്ടികവർഗ്ഗക്ഷേമം



ഭാരതത്തിൽ തലമുറകളായി
നിലനിന്നിരുന്ന ജന്മി-നാടുവാഴിത്ത സംസ്കാരത്തിൽനിന്നും
ഉടലെടുത്ത അയിത്ത,അടിമത്ത, ഉച്ചനീചത്വംഅടിസ്ഥാന
വർഗ്ഗമായ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെമനുഷ്യ
സമൂഹത്തിന്റെ ഭാഗമായി കരുതുവാൻ തയ്യാറായിരുന്നില്ല.
വരേണ്യവർഗ്ഗത്തിൻെറ ചവിട്ടടിയിൽകിടന്ന് ഞെരിഞ്ഞമർന്ന ഈ
ബഹുഭൂരിപക്ഷത്തെ കൈപിടിച്ചുയർത്തി രാഷ്ട്രത്തിൻെറ
മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന ശ്രമകരമായ ദൗത്യം സധൈര്യം
ഏറ്റെടുത്ത മഹാത്മജിയും, തുടർന്ന്സ്വതന്ത്രഭാരതത്തിൽ
അധികാരത്തിൽ വന്ന ജനകീയ ഗവൺമെൻെറുകളും
ഗൗരവബുദ്ധിയോടെ മനസ്സിലാക്കിയതിൻെറ പ്രതിഫലനമാണ്
ഇന്നുകാണുന്ന സാമൂഹ്യക്ഷേമപദ്ധതികളുടെ
എല്ലാം അടിസ്ഥാനം.

ഭരണഘടനയുടെ പിൻബലവും സാമൂഹ്യപരിഷ്കരണം ഭൂപരിക്ഷ്കരണം തുടങ്ങിയ ഒട്ടനവധി വിപ്ലവകരമായ മുന്നേറ്റങ്ങളും ഇവരുടെ ജീവിത നിലവാരത്തിൽ കാതലായ മാറ്റം വരുത്തി.

ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗത്തിലധികം വരുന്ന പട്ടിജാതിക്കാരുടെ സംഖ്യ 1991-ലെ സെൻസസ്പ്രകാരം 4223 ആണ്. പട്ടികവർഗ്ഗ കുടുംബങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും മൂന്ന് I.H.D.P കോളനികൾ ഉൾപ്പെടെ 16 അംഗീകൃത കോളനികളിൽ താമസിക്കുന്നു. പഞ്ചായത്തിൽ നാല് ലക്ഷംവീട് കോളനികൾ ഉണ്ട്. അതിലേറിയപങ്കും പട്ടികജാതിക്കാരാണ് താമസക്കാർ. ശേഷിക്കുന്നവർ അംഗീകാരം ലഭിച്ചിട്ടില്ലാത്ത മറ്റുകോളനികളിലും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഇതര ജനവിഭാഗങ്ങളുമായി ഇടകലർന്നും താമസിക്കുന്നു.

പട്ടിക No I

| നമ്പർ | കോളനി | വാർഡ് | കുടുംബങ്ങളുടെഎണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1. | വേടമല-കുന്നിട | II | 73 | 438 |
| 2. | മുരുപ്പേൽത്തറ | VIII&IX | 52 | 351 |
| 3 | മുരുകൻകുന്ന് | 1 | 40 | 248 |
| 4 | അഞ്ചുമല | II | 41 | 328 |
| 5. | മുല്ലമ്പ്രൂ ഈസ്റ്റ് | VII | 40 | 186 |
| 6 | സാധുജനപരിപാലനം | VII | 38 | 190 |
| 7. | അടപ്പുപാറ | IX | 35 | 162 |
| 8. | കുറുമ്പകര | IV& V | 62 | 162 |
| 9. | കുന്നിട | II | 34 | 165 |
| 10 | പട്ടാറ | IV&V | 21 | 82 |
| 11 | മണ്ണാറ്റൂർ | II | 16 | 89 |
| 12 | മുല്ലമ്പ്രൂ വെസ്റ്റ് | VII | 15 | 72 |
| 13. | പള്ളിമുരുപ്പേൽ | VIII | 18 | 90 |
| 14 | കാട്ടുകാല | III | 10 | 44 |
| 15 | കാരോട്ടുകോണിൽ | | 15 | 70 |
| ആകെ കുടുംബങ്ങളും/അംഗസംഖ്യയും | | | 510 | 2677 |

## ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ

പട്ടിക (IA)

| വാർഡ് നമ്പർ | ആകെകുടുംബങ്ങൾ | SCകുടുംബങ്ങൾ |
|---|---|---|
| I | 181 | 64 |
| II | 348 | 141 |
| III | 197 | 126 |
| IV | 203 | 84 |
| V | 128 | 38 |
| VI | 211 | 65 |
| VII | 363 | 125 |
| VIII | 302 | 89 |
| IX | 324 | 89 |
| ആകെ | 2257 | 821 |

കോളനികളിൽ നിവസിക്കുന്നവരുടെ അടിസ്ഥാനസൗകര്യങ്ങൾ ഒട്ടും തന്നെ തൃപ്തികരമല്ല. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 20.85 ശതമാനത്തോളം വരുന്ന ഈ വിഭാഗത്തിന് ഇല്ലായ്മകളേറെയുണ്ട്. ഗതാഗതയോഗ്യമല്ലാത്ത റോഡുകളും, ശുദ്ധജലത്തിന്റെ അപര്യാപ്തതയും, വൈദ്യുതിയുടെ അഭാവവും, ഈ രംഗത്തെ പ്രശ്നങ്ങളുടെ പട്ടിക നീട്ടുന്നു.

## റോഡുകളും വൈദ്യുതിയും

കോളനികളിലേക്കുള്ള റോഡുകൾ ഒന്നും ഗതാഗതയോഗ്യമല്ല. ടാർ ചെയ്ത റോഡുകൾ ഒന്നും തന്നെ ഇല്ല. കോളനികളിലേക്കുള്ള റോഡുകൾ അടിയന്തിരമായി നിർമ്മാണപ്രവർത്തനം നടത്തണം.

| | | കോളനികളുടെ പേര് | റോഡ് | ആവശ്യം | വൈദ്യുതി |
|---|---|---|---|---|---|
| I | 1 | മുരുകൻകുന്ന് | വെട്ടുറോഡ് | വീതികൂട്ടി ടാർചെയ്യണം | ഭാഗികം |
| | 2 | മാടുമേയ്പ് | വെട്ടുറോഡ് | " | ഭാഗികം |
| | 3 | മിച്ചഭൂമി | ഇല്ല | നിർമ്മിക്കണം | ഭാഗികം |
| II | 4 | മണ്ണാറ്റൂർ | വെട്ടുറോഡ് | വീതികൂട്ടി ടാർചെയ്യണം | ഭാഗികം |
| | 5 | അഞ്ചുമല | ഇല്ല | നിർമ്മിക്കണം | ഭാഗികം |
| | 6 | വേടമല | വെട്ടുറോഡ് | ടാർചെയ്യണം | ഇല്ല |
| | 7 | ലക്ഷം വീട് | വെട്ടുറോഡ | ടാർചെയ്യണം | ഉണ്ട്. |
| | 8 | പെരുന്തോയിക്കൽ | ഉണ്ട് | | ഉണ്ട് |
| | 9 | വടക്കുപുറം | ഇല്ല | നിർമ്മിക്കണം | ഇല്ല |
| III | 10 | കാട്ടുകാല | ഉണ്ട് | ടാർചെയ്യണം | ഭാഗികം |
| | 11 | കണ്ണംകര | ഭാഗികം | " | " |
| | 12 | മഞ്ഞപ്പുറം | ഭാഗികം | " | " |
| IV | 13 | കാഞ്ഞിവേലിൽ | ഭാഗികം | " | ഇല്ല |
| | 14 | പട്ടാറ | ഉണ്ട് | വീതികൂട്ടി ടാർചെയ്യണം | ഭാഗികം |
| V | 15 | മേപ്പുറം | ഇല്ല | റോഡ് നിർമ്മിച്ച് ടാർ ചെയ്യണം | ഇല്ല |
| | 16 | ചിറമുടികിഴക്കേക്കര | ഭാഗികം | " | ഭാഗികം |
| | 17 | വെള്ളയാംകോട് | ഭാഗികം | " | ഭാഗികം |
| VI | 18 | വലിയപച്ച | ഭാഗികം | കയറ്റംകുറച്ച് ടാർചെയ്യണം | ഇല്ല |
| | 19 | മലനട ലക്ഷംവീട് | ഉണ്ട് | " | ഉണ്ട് |
| VII | 20 | മുല്ലമ്പൂ | ഉണ്ട് | " | ഉണ്ട് |
| | 21 | ഇളമണ്ണൂർ ലക്ഷംവീട് | ഉണ്ട് | വീതികൂട്ടി ടാർചെയ്യണം | ഇല്ല |
| | 22 | സാധുജനപരിപാലനം | ഉണ്ട് | ടാർചെയ്യണം | ഭാഗികം |
| VIII & IX | 23 | മുരുപ്പേൽതറ | ഉണ്ട് | ടാർചെയ്യണം | ഭാഗികം |
| | 24 | അടപ്പുപാറ | ഇല്ല | ടാർചെയ്യണം | ഭാഗികം |
| | 25 | കരോട്ടുകോണിൽ | ഇല്ല | റോഡ്നിർമ്മിച്ച് ടാർചെയ്യണം | ഭാഗികം |

വൈദ്യുതിയുടെ അഭാവമാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രശ്നം. ഭാഗികമായി വൈദ്യുതി എത്തിയ പ്രദേശങ്ങളും, പൂർണ്ണമായും വൈദ്യുതി എത്താത്ത പ്രദേശങ്ങളും ധാരാളം ഉണ്ട്.

## ആരോഗ്യം കുടിവെള്ളം

ഈ പഞ്ചായത്തിൽ 845 വീടുകളിലായി 4223 പട്ടികജാതിക്കാർ താമസിക്കുന്നു. മൂന്നുമുതൽ എട്ട് വരെ അംഗങ്ങൾ ഉള്ള വീടുകൾക്ക് രണ്ട് മുതൽ പത്ത് സെൻെറ് വരെ ഭൂമിയാണുള്ളത്. ഇവർ ഒരു പ്രദേശത്ത് കൂട്ടമായി ജീവിക്കുന്നു. ഇത് ആരോഗ്യ രംഗത്ത് ഒരു പ്രശ്നം തന്നെയാണ്. മതിയായ കക്കൂസുകളുടെ അഭാവവും, ശുദ്ധജലത്തിൻെറ അപര്യാപ്തതയും, ശുചിയായി സൂക്ഷിക്കാത്ത കാലിത്തൊഴുത്തുകളും മൂലം പകർച്ചവ്യാധികൾ വേഗം പടർന്നുപിടിക്കുവാൻ സാധ്യതകളേറെയുള്ള പ്രദേശങ്ങളാണ് കോളനികൾ. നിശ്ചിത ദൂരംപാലിക്കണമെന്ന നിബന്ധനയ്ക്കു വിരുദ്ധമായി കിണറുകളോടുചേർന്ന് കക്കൂസുകളും തൊഴുത്തും നിർമ്മിക്കുന്നതിന് ഇക്കൂട്ടർ സ്ഥല പരിമിതികൾമൂലം നിർബന്ധിതരാകുമ്പോൾ ഇവിടെ രോഗങ്ങൾ പടരുന്നതിനുള്ള സാധ്യതയ്ക്കു വേഗതയേറുന്നു. കോളനികളിൽ സൗകര്യപ്രദമായ സ്ഥലത്ത് പൊതു സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചും (ഒന്നോ അതിലധികമോ) ശാസ്ത്രീയമായിതന്നെ കാലിത്തൊഴുത്തുകൾ പണിതും കിണറുകൾ കെട്ടിപ്പൊക്കിയും പരിസരം ശുചിയായി സൂക്ഷിച്ചും നല്ലരളവോളം ഇതിനു പരിഹാരം കാണാവുന്നതാണ്

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ

| വാർഡ് | |
|---|---|
| I | മുരുകൻകുന്ന്. മാട്ടുമേപ്പ്, മിച്ചഭൂമി |
| II | മണ്ണാറ്റൂർ, അഞ്ചുമല, വേടമല, ലക്ഷം വീട്,പെരുന്തോയിക്കൽ, വടക്കുപുറം |
| III | കാട്ടുകാല, കണ്ണംകര, മഞ്ഞപ്പുറം |
| IV | പട്ടാറ, കാഞ്ഞിവയൽ |
| V | പട്ടാറ, മേപ്പുറം, ചിറമുടിക്കിഴക്കേക്കര, (വെള്ളയാംകോട്) |
| VI | വലിയപച്ച, സന്യാസിമുരുപ്പ് ലക്ഷംവീട് കോളനി, |
| VII | മുല്ലമ്പൂ, സാധുജനപരിപാലനകോളനി, ലക്ഷംവീട് |
| VIII | മുരുപ്പേൽതറ |
| IX | മുരുപ്പേൽതറ, അടപ്പുപാറ |
| X | കാരോട്ടുകോണിൽ |

മേൽവിവരിച്ച കോളനികളിലാണ് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. ഈ പഞ്ചായത്തിലെ എല്ലാ കോളനികളും ഈ പട്ടികയിൽപ്പെടും.

## വിദ്യാഭ്യാസം - തൊഴിൽ

പ്രൊഫഷണൽ ബിരുദദാരികളും ബിരുദാനന്തര ബിരുദദാരികളും ഉൾപ്പടെ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള നിരവധി ആളുകൾ ഉണ്ടെങ്കിൽ പോലും വിദ്യാഭ്യാസപരമായി പൊതുവേ പിന്നോക്കാവസ്ഥയാണ്.

| വാർഡ് | L.P.S | U.P.S | H.S | പഠനം നിർത്തിയവർ |
|---|---|---|---|---|
| I | 19 | 21 | 33 | 2 |
| II | 39 | 39 | N | 3 |
| III | N | 76 | N | 3 |
| IV | സ്ക്കൂളുകളില്ല | N | N | N |
| V | 87 | 74 | 112 | 7 |
| VI | സ്ക്കൂളുകളില്ല | | | |
| VII | 46 | 43 | 116 | N |
| VIII | സ്ക്കൂളുകളില്ല | | | |
| IX | 41 | 52 | N | 1 |
| X | സ്ക്കൂളുകളില്ല | N | N | N |
| ആകെ | 232 | 305 | 261 | 16 |

❀ N- സ്ക്കൂളുകളില്ല

പഞ്ചായത്തിലെ പതിമൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി (HS- 4, UPS- 6 , LPS.- 3)798 കുട്ടികൾ പഠിക്കുന്നു. ഇടക്കുവെച്ച് പഠനംനിർത്തിപോയ വരുടെ സംഖ്യ 16 ആണ്. നാളിതുവരെ പഠനം നടത്താത്തവരുടെയും ഇടക്കുവച്ച് പഠനം നിർത്തുന്നവരുടെയും സംഖ്യ ചെറുതെങ്കിലും ഗൗരവമായി കാണണം.

കാർഷിക രംഗത്തു വന്ന മാറ്റം പട്ടികജാതി വിഭാഗത്തിന്റെ തൊഴിലിനെ കാര്യമായി ബാധിച്ചു. കാർഷികമേഖലയിൽ തൊഴിൽകുറഞ്ഞതും മറ്റുമേഖലകൾ ആദായകരമായി തോന്നിയതും ഈ മേഖല വിടാൻ ഇവരെ പ്രേരിപ്പിച്ചു. ഈ കുടിയേറ്റ മേഖലകളും സ്ഥായിയായി വരുമാനം നൽകുന്നില്ല. എന്നതുകൊണ്ട് ഇവരുടെ തൊഴിൽരംഗം പ്രതിസന്ധിയെ നേരിടുന്നു. സർക്കാർജീവനക്കാരുടെ എണ്ണവും അംഗുലീപരിമിതമാണ്.

പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ചും ചെറുകിടവ്യവസായയൂണിറ്റുകൾക്ക് രൂപം നൽകിയും ഈ രംഗത്തെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനു കഴിയും.

## പാർപ്പിടം സാമൂഹ്യരംഗം

NREP, RLEGP, JRY, IAY എന്നീ മുമ്പുണ്ടായിരുന്നതും ഇപ്പോഴും നിലവിലുള്ളതുമായ നിരവധി സാമൂഹ്യക്ഷേമപദ്ധതികളിലായും, പട്ടികജാതിക്ഷേമ വകുപ്പിൽകൂടിയും, ധാരാളം വീടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചിട്ടുണ്ടെങ്കിൽകൂടിയും വീടില്ലാത്തവരുടെ സംഖ്യ കുറവല്ല.

കോളനികളിലെ ഭൂരിഭാഗം ആളുകൾക്കും വീടുകളില്ല. സ്വന്തമായി ഭൂമി ഉള്ള മുഴുവൻ ആളുകൾക്കും വീടു നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.

വസ്തുവിന്റെ ഉടമസ്ഥാവകാശത്തിനു മതിയായ രേഖകൾ ഇല്ലാത്തതുമൂലം സർക്കാരിന്റെ സാമ്പത്തികസഹായം നൽകാൻ കഴിയാത്ത നിരവധി കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് വീടു വെയ്ക്കുന്ന സഹായം നൽകുന്നതിന് നിയമപ്രശ്നങ്ങൾ ലഘൂകരിക്കണം. KIP കനാൽപുറമ്പോക്കിൽ ഉൾപ്പെടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകണം.

ലക്ഷംവീടു കോളനികളിലും വീടില്ലാത്തവർ നിലവിലുണ്ട്. നിയമാനുസൃതമായ കൈമാറ്റമല്ലാത്തതിനാൽ പുതിയ വീടുകൾ നൽകുന്നതിനു തടസ്സമുണ്ട്. മങ്ങാട് മിച്ചഭൂമിയിലും മേൽ വിവരിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇപ്പോൾ ഇവിടെ താമസിക്കുന്നവർക്ക് കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം ക്രമപ്പെടുത്തി നൽകണം.

വിവിധ പദ്ധതികളിലായി നിർമ്മിച്ചുനൽകിയിട്ടുള്ള പഴക്കമുള്ളവീടുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തിയിട്ടില്ല. ലക്ഷംവീടുകളുടെ സ്ഥിതിയും ശോചനീയമാണ്.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം.
2. വൈദ്യുതി എത്തേണ്ട സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കണം.
3. വീടില്ലാത്ത മുഴുവൻ പട്ടികജാതിക്കാർക്കും

വീടു നൽകണം.

4. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുക.

5 കുടിവെള്ളക്ഷാമം പരിഹരിക്കുക.

6 കക്കൂസുകൾ നിർമ്മിക്കുന്നതിനു ധനസഹായം നൽകുക.

7 തൊഴുത്തുകൾ നിർമ്മിക്കുന്നതിനു സഹായം നൽകുക.

8. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക

9. സൗജന്യവൈദ്യസഹായം എത്തിക്കുക.

10. അംഗീകാരം നൽകിയിട്ടില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക

11. പൊതുശ്മശാനം നിർമ്മിക്കുക.

12. ലക്ഷംവീടുകളുടെ കൈമാറ്റം തടയുക.

13. പരമ്പരാഗതവ്യവസായം, ചെറുകിടവ്യവസായം കുടിൽവ്യവസായം ; നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക.

14. വയറിംഗ് നടത്തിയ വീടുകളിൽ വൈദ്യുതി എത്തിക്കുക

15. പോഷകാഹാരകേന്ദ്രങ്ങൾ തുടങ്ങുക

16. വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം നൽകണം.

17. സാക്ഷരതാതുടർവിദ്യാഭ്യാസം കാര്യക്ഷമമാക്കണം

18. കായിക കലകളിൽ അഭിരുചിയുള്ളവർക്ക് പ്രോത്സാഹനം നൽകുക.

19. T.V. സെറ്റ്, റേഡിയോ പാർക്ക്, എന്നിവ നിർമ്മിച്ച് നൽകുക.

20. I.H.D.P. കോളനികൾ അനുവദിക്കണം.

21. കോളനികളിലേക്കുള്ള റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

22. തൊഴിൽ പരിശീലനം നൽകുക.



V9

# സഹകരണ മേഖല



നമ്മുടെ നാടിന്റെ വികസനത്തിന്
സുപ്രധാനമായ പങ്കുവഹിക്കാൻ കഴിവുള്ള
ഒരു ജനകീയപ്രസ്ഥാനമാണ് സഹകരണ മേഖല.
സാധാരണക്കാരും പാവപ്പെട്ടവരുമായ വിവിധ വിഭാഗം
ജനങ്ങൾക്ക് സംഘടിക്കാനും പൊതുലക്ഷ്യം നേടിയെടുക്കാനും
ഫലപ്രദമായ ഒരു മാദ്ധ്യമമാണ് സഹകരണ പ്രസ്ഥാനം.
വികസന പ്രവർത്തനങ്ങളിൽ സഹകരണപ്രസ്ഥാനത്തിന്റെ
സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള വീക്ഷണവും
ലക്ഷ്യവും ജനകീയ ആസൂത്രണത്തിന്റെ
ഭാഗമായിത്തീരേണ്ടിയിരിക്കുന്നു.
അരശതകത്തിലേറെ പ്രവർത്തനപാരമ്പര്യം
അവകാശപ്പെടാവുന്ന ഒരു സ്ഥാപനമാണ് ഏനാദിമംഗലത്തെ
സഹകരണപ്രസ്ഥാനം.

## അല്പം പുറകോട്ട്

അന്തരിച്ച സർവ്വശ്രീ പനങ്ങാട്ടു കേശവനുണ്ണിത്താൻ, പൂതങ്കര മാവേലിവടക്കേതിൽ മാധവനുണ്ണിത്താൻ, മാരൂർ ആർ. രാഘവൻ എന്നിവർ മുൻകൈയെടുത്ത് "ഏനാദിമംഗലം വിവിധോദ്ദേശ സഹായ സഹകരണസംഘം" എന്നപേരിൽ ഇളമണ്ണൂർ ആസ്ഥാനമാക്കി ഒരു വാടകകെട്ടിടത്തിൽ ആരംഭിച്ച സംഘം വളരെക്കൂടുതൽ ബാലാരിഷ്ടതകളെ അതിജീവിച്ച് ഇന്ന് ഏനാദിമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2151 ആയി ഉയർന്നു. എല്ലാ ജനവിഭാഗങ്ങൾക്കും ആശ്വാസം പകരാൻ പര്യാപ്തമായ രീതിയിൽ ഈ ബാങ്കിന്റെ പ്രവർത്തനം തണലേകിനിന്നു.

മാരൂർ മാധവമംഗലത്ത് സർവ്വശ്രീ. കൃഷ്ണൻ മാധവൻ, കൃഷ്ണൻ നീലകണ്ഠൻ എന്നീ സഹോദരന്മാർ സംഭാവനയായി നൽകിയ 30 സെന്റ് സ്ഥലത്താണ് ആധുനിക രീതിയിലുള്ള ബാങ്കിന്റെ ഇരുനിലക്കെട്ടിടം ഇന്ന് സ്ഥിതിചെയ്യുന്നത്.

ഏനാദിമംഗലം സർവ്വീസ് സഹകരണ ബാങ്കിനു പുറമേ മറ്റു സഹകരണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ, സ്കൂൾ സഹകരണസംഘങ്ങൾ, തേനീച്ചവളർത്തൽ സംഘങ്ങൾ എന്നിവയാണവ.

**ഏനാദിമംഗലം സർവ്വീസ് സഹകരണ ബാങ്ക് 2151.**

### പട്ടിക I

| ഇനം | | ബാങ്കിങ്ങ് മേഖല |
|---|---|---|
| പ്രവർത്തനപരിധി | | ഏനാദിമംഗലം പഞ്ചായത്ത് |
| അംഗത്വം | | 6430 |
| മൂലധനം | അംഗങ്ങളുടെ ഓഹരി | 2000000രൂപാ |
| | സർക്കാർ ഓഹരി | 350550രൂപാ |
| ഓഹരി വില | | 10രൂപാ |
| നിക്ഷേപം | സ്ഥിരം | 9291537 രൂപാ |
| | ഹ്രസ്വകാലം | 2386691രൂപാ |

### പട്ടിക I
### വായ്പകൾ

| വായ്പയുടെ സ്വഭാവം | | | കാലാവധി കഴിഞ്ഞ് തിരികെ കിട്ടാനുള്ളവ |
|---|---|---|---|
| കാർഷികം | ഹ്രസ്വകാലം | 904820.00 | 485421.00 |
| | മദ്ധ്യകാലം | 54850.00 | 70873.00 |
| | ദീർഘകാലം | 303895.00 | 26580.00 |
| കാർഷികേതരം | മദ്ധ്യകാലം | 5512900.00 | 610509.00 |
| | സ്വയംതൊഴിൽ | 23000.00 | — — |
| | സ്വർണ്ണപണയം | 3204855.00 | 122225.00 |
| | നിക്ഷേപവായ്പ | 1278000.00 | — — |

# കൺസ്യൂമർ വിഭാഗം

നിത്യോപയോഗ സാധനങ്ങളുടെ വിതരണം ഫലപ്രദമായി നടത്താൻ കഴിയുന്നു. വിലക്കയറ്റം അല്പമെങ്കിലും പിടിച്ചുനിറുത്താൻ ഇതു സഹായിക്കുന്നു.

## കൺസ്യൂമർ സ്ഥാപനങ്ങൾ

| ഡിപ്പോകൾ | ഇനം |
|---|---|
| ഇളമണ്ണൂർ | വളം, കീടനാശിനി, ടെക്സ്റ്റൈൽസ്, കൺസ്യൂമർ സ്റ്റോർ |
| കുന്നട | വളം, കീടനാശിനി, ടെക്സ്റ്റൈൽസ്, കൺസ്യൂമർ സ്റ്റോർ |
| കുറുമ്പകര | വളം, കീടനാശിനി |

ഈ ഗ്രാമത്തിന്റെ വികസനത്തിന് ബാങ്കിന്റെ നിക്ഷേപങ്ങൾ പൂർണ്ണമായും ഇന്നാട്ടിൽത്തന്നെ വിനിയോഗിക്കുന്നു. ഇന്നാട്ടിലെ ജനസമൂഹത്തിന്റെ സാമ്പത്തിക പരാധീനതകൾക്ക് ഒരുപരിധിവരെ ആശ്വാസം പകരാൻ ഈ ബാങ്കിനു കഴിയുന്നുണ്ട്.

## കുന്നട പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം.

പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനത്തെലാക്കാക്കി കുന്നട സ്ഥിതിചെയ്യുന്ന ഈ സംഘത്തിന് സ്വന്തമായി കാർഷികോപകരണങ്ങൾ ഉണ്ടായിരുന്നു. മറ്റു ധനസഹായവും ലഭിച്ചിരുന്നു. എന്നാൽ അതു പ്രവർത്തനരഹിതമാവുകയും നല്കിയ വായ്പ തിരിച്ചുവരാതെയും സ്തംഭനാവസ്ഥയിലായി.

ഈ സംഘം പുനരുദ്ധരിച്ചെങ്കിലും കാര്യമായ പ്രവർത്തനം നടക്കുന്നില്ല. 95 അംഗങ്ങളാണുള്ളത്. പ്രവർത്തനപരിധി- ഏനാദിമംഗലം പഞ്ചായത്ത്

## ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

കുറുമ്പകര, മാരൂർ, ഇളമണ്ണൂർ എന്നീ ഭാഗങ്ങളിൽ ഓരോ സംഘങ്ങൾ പ്രവർത്തിച്ചെങ്കിലും ഇപ്പോൾ ഇളമണ്ണൂർ സംഘം മാത്രമാണ് നിലനില്ക്കുന്നത്. മങ്ങാടു കേന്ദ്രീകരിച്ചാണ് പ്രവർത്തനം.

ഇളമണ്ണൂർ ക്ഷീരോല്പാദന സഹകരണസംഘം- മങ്ങാട്

| പ്രവർത്തനപരിധി | ഏനാദിമംഗലം പഞ്ചായത്ത് |
|---|---|
| പ്രവർത്തനം ആരംഭിച്ചവർഷം | 13-5-1985 |
| ആകെ അംഗങ്ങൾ | 122 |
| ഒരു ഓഹരിയുടെ വില | 10 രൂപാ |
| അംഗീകൃത ഓഹരി മൂലധനം | 1220 രൂപാ |

## സ്കൂൾ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിലെ 6 സ്കൂളുകളിൽ സംഘത്തിന്റെ പ്രവർത്തനം നടക്കുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ മറ്റു സാധനങ്ങൾ ഇവിടെനിന്നും ലഭിക്കുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. വായ്പ എടുക്കുന്ന അംഗങ്ങൾ അതു തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ വായ്പ ക്കുടിശിക ഏറിവരുന്നു ഇത് ബാങ്കിംഗ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. എടുക്കുന്ന വായ്പ പലപ്പോഴും നിർദ്ദിഷ്ടകാര്യത്തിനല്ല വിനിയോഗിക്കുന്നത് ആയതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത് ആയതിനാൽ എടുക്കുന്ന വായ്പ നിർദ്ദേശിച്ചിട്ടുള്ള

ആവശ്യത്തിനു വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം. തിരിച്ചടവ് കൃത്യമാകാൻ വേണ്ടസംവിധാനം ഉണ്ടാകണം.

2. സമീപത്തുസ്ഥിതിചെയ്യുന്ന SBI ലേക്ക് കൂടുതൽ നിക്ഷേപങ്ങൾ പോകുന്നു. എന്നാൽ സഹകരണ സ്ഥാപനത്തിലെ നിക്ഷേപം താരതമ്യേന കുറയുന്നു. ദേശസാൽകൃത ബാങ്കിലെ നിക്ഷേപം അന്യനാട്ടിലേക്കും വൻകിട മുതലാളിമാർക്കും വേണ്ടിപോകുമ്പോൾ സഹകരണ ബാങ്കിലെ നിക്ഷേപം ഇന്നാട്ടിലെ വിസനപ്രവർത്തനത്തിനും കാർഷിക പുരോഗതിക്കും വിനിയോഗിക്കുന്നു. ഈ പഞ്ചായത്തിലെ ജനതയുടെ സമഗ്രവികസനത്തിന് ഈ ബാങ്കിലെ നിക്ഷേപം പ്രയോജനപ്പെടുന്നു. വികസനപ്രക്രിയയിൽ സർവ്വീസ് ബാങ്കിനെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് പഞ്ചായത്ത് തലത്തിൽ പഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളണം നിക്ഷേപസമാഹരണം ഊർജ്ജിതപ്പെടുത്തണം.

3. പത്തുസെന്റിന് താഴെയുള്ളവർക്ക് വായ്പലഭിക്കുന്നതിനുള്ള സാധ്യതയുണ്ടാവണം.

4. ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന ഒരു പഞ്ചായത്തായതിനാൽ റബ്ബർതടി സംസ്ക്കരിച്ചുണ്ടാക്കാവുന്ന ഉല്പന്നങ്ങളുടെ ഒരു വ്യവസായം, റബ്ബർ ഉല്പന്ന വ്യവസായം ഇവ തുടങ്ങുക.

5. തേനീച്ച വളർത്തൽ, കോഴിവളർത്തൽ, റെഡിമെയ്ഡ് എന്നിവയ്ക്കു പ്രോത്സാഹനം നല്കി സാമ്പത്തിക പുരോഗതി ഉണ്ടാക്കാം.

6. കാർഷിക ഉല്പന്നങ്ങളുടെ സംഭരണം വിതരണം ഇവയ്ക്കായി "റഗുലേറ്റഡ് മാർക്കറ്റിംഗ്" സമ്പ്രദായം നടപ്പിലാക്കിയാൽ കർഷകർക്ക് ആശ്വാസമായിരിക്കും.

7. കാർഷിക വായ്പാ പരിധി ഉയർത്തി ആൾജാമ്യത്തിൽ 10000/ രൂപാ വരെ ലഭ്യമാക്കണം.

8. ക്ഷീരസഹകരണരംഗത്ത് പ്രവർത്തിക്കുന്ന മങ്ങാട് സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. കൂടുതൽ അംഗങ്ങളെ ചേർത്ത് സമ്പത്തുകണ്ടെത്തി അംഗങ്ങൾക്കു പശുവിനെ വാങ്ങുന്നതിനും കാലിത്തീറ്റ വാങ്ങുന്നതിനും മറ്റുമായി വായ്പ അനുവദിക്കാവുന്നതാണ്.

പ്രവർത്തനരഹിതമായ മാരൂർ, കുറുമ്പകര ക്ഷീരസംഘങ്ങളെ പ്രവർത്തനക്ഷമമാക്കേണ്ടിയിരിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കാവുന്ന ഭരണസമിതിയും യോഗ്യതയുള്ള ജീവനക്കാരേയും, ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ആവശ്യമായിരിക്കുന്നു.

പാൽ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയാൽ നമ്മുടെ നാട്ടിലെ ക്ഷീരവ്യവസായം, കർഷകർക്കും ഉപഭോക്താക്കൾക്കും ഉപകാരപ്രദമായിരിക്കും. ഇന്ധനക്ഷാമം പരിഹരിക്കാൻ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാം, പുരോഗതിനേടാം.

9. വനിതാ ക്ഷേമപ്രവർത്തനങ്ങൾക്കായി ഖാദി, തീപ്പെട്ടി, കൗതുക വസ്തുക്കളുടെ നിർമ്മാണം, തയ്യൽപരിശീലനം ഇവ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

10. ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകൃതമായ കുന്നിട പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഇതിൽ ഒരു വായനശാല പ്രവർത്തിക്കണം. ബോധവത്കരണ ക്യാമ്പുകൾ നടത്തണം. സംഘംവക ഒരു അച്ചടിയന്ത്രം ഉണ്ടാവണം. ഈ പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾക്കും മറ്റും ആവശ്യമുള്ള അച്ചടി ജോലികൾ ഇതുവഴി നടത്താവുന്നതാണ്. കാർഷിക ഉപകരണങ്ങൾ നല്കി തൊഴിലില്ലായ്മനികത്താം.

കൊപ്രാസംഭരണം, വെളിച്ചെണ്ണ ഉല്പാദനം ഇവ ചെയ്യാവുന്നതാണ്. ഒരു തീപ്പെട്ടി നിർമ്മാണ ശാലയും നടത്തി കുറേയൊക്കെ തൊഴിലില്ലയ്മ പരിഹരിക്കുന്നതോടൊപ്പം സാമ്പത്തികരംഗത്ത് നേട്ടങ്ങളും ഉണ്ടാക്കാം.

സഹകരണസംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി എല്ലാ സംഘങ്ങളേയും ഏകോപിപ്പിച്ച് കൂട്ടായപ്രവർത്തനത്തിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തി വികസനങ്ങൾക്ക് സംഭാവനചെയ്യാനുള്ള ശേഷി വർദ്ധിപ്പിച്ച് ഈ പഞ്ചായത്തിനൊരു മുതൽക്കൂട്ടാക്കിമാറ്റണം.

V10

# വനിതാക്ഷേമം



ഉത്തമ കുടുംബിനി പദവിയാണു
ഭാരതീയ സംസ്കാരത്തിൽ
സ്ത്രീകൾക്കു കല്പിച്ചുപോന്നിട്ടുള്ളത്.
യാഥാസ്ഥിതിക കെട്ടുപാടിൽപെട്ടുപോയ സ്ത്രീകൾ
അപവാദപ്രചരണങ്ങളെ ഭയന്ന് സ്വതന്ത്രരായി സമൂഹത്തിൽ മുന്നിട്ടിറങ്ങി
പ്രവർത്തിക്കുവാൻ തയ്യാറായില്ല. ശാലീനസൗന്ദര്യവും ഭാവശുദ്ധിയും
മുഖമുദ്രയാക്കിയ കേരളീയ വനിതകൾ
സമൂഹത്തിൻെറ വിവിധ മേഖലകളിൽ പുരുഷനോടൊപ്പം എത്തിപ്പറ്റുന്നതിനു
വിമുഖത കാട്ടി അബലയും ചപലയും ആയി ചിത്രീകരിക്കപ്പെടുന്നതിനും
മുഖ്യധാരയിൽനിന്നും ഒരളവോളം
അകറ്റി നിർത്തപ്പെടുന്നതിനും ഇത് ഇടയാക്കി.
കുടുംബഭദ്രതയ്ക്കും സമൂഹനന്മയ്ക്കും
ഈ സ്ഥിതയിൽമാറ്റം
വരുത്തിയേമതിയാകൂ.

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 20252 ആണ്. ഇതിൽ 10443 പേർ സ്ത്രീകൾ ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 51.56 ശതമാനമാണ്. ആറുവയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2327 ആണ്. ആകെ കുട്ടികളുടെ 48.2% വരുന്ന പെൺകുട്ടികളുടെ എണ്ണം 1122 ആണ്.

പട്ടിക 1

| നമ്പർ | വിവരണം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | ജനസംഖ്യ | 9809 | 10443 | 20252 |
| 2 | പട്ടികജാതിക്കാർ | 2070 | 2153 | 4223 |
| 3 | (0-6) പ്രായമുള്ള കുട്ടികൾ | 1205 | 1122 | 2327 |
| 4 | സാക്ഷരർ | 8095 | 8360 | 16455 |
| 5 | നിരക്ഷരർ | 900 | 1073 | 1973 |

## 1 വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി സ്ത്രീകൾ മുന്നോക്കം നിൽക്കുന്നു. 30 വയസിനു താഴെയുള്ള സ്ത്രീകളിൽ ഭൂരിഭാഗവും സെക്കൻഡറി വരെ പഠിച്ചിട്ടുണ്ട്. ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ഇവരുടെ ഇടയിലുണ്ട്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെയും ആൺകുട്ടികൾക്കൊപ്പം എണ്ണത്തിൽ പെൺകുട്ടികളും സ്ഥാനം പിടിക്കുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഇവരുടെ സംഖ്യ പരിമിതമാണ്. എന്നാൽ മറ്റു വിദ്യാഭ്യാസരംഗത്തെ അപേക്ഷിച്ച് സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നേരിയ വർദ്ധനവുണ്ട്. സൗകര്യപ്രദമായ വിദ്യാഭ്യാസസൗകര്യം ഇല്ലാത്തതുമൂലവും ദൂരെ വിട്ടു പഠിപ്പിക്കുന്നതിനുള്ള രക്ഷകർത്താക്കളുടെ വിമുഖതയും സാമ്പത്തിക ബുദ്ധിമുട്ടും സർവ്വോപരി തൊഴിൽസാദ്ധ്യതയില്ലായ്മയും ആണ് ഈ രംഗത്തുനിന്നും ഇവരെ അകറ്റുന്നത്. ഈ പഞ്ചായത്തിൽ ആകെ സ്ത്രീകളിൽ 10.27% നിരക്ഷരാണ്. പുരുഷന്മാരുമായി തട്ടിച്ചുനോക്കുമ്പോൾ സ്ത്രീകളുടെ ശതമാനം 1.1% കൂടി നിൽക്കുന്നു. 1991 ലെ സാക്ഷരതാ സർവേ പ്രകാരം വാർഡുതിരിച്ചുള്ള നിരക്ഷരരുടെ എണ്ണം പട്ടിക III ൽ കൊടുക്കുന്നു.

പട്ടിക II

| വാർഡ് | L.P. വിഭാഗം | | UP വിഭാഗം | | HS വിഭാഗം | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 38 | 52 | 45 | 40 | 60 | 35 |
| 2 | 69 | 48 | 55 | 50 | N | N |
| 3 | N | N | 104 | 115 | N | N |
| 4 | N | N | N | N | N | N |
| 5 | 106 | 121 | 75 | 87 | 371 | 383 |
| 6 | N | N | N | N | N | N |
| 7 | 118 | 127 | 106 | 87 | 232 | 217 |
| 8 | N | N | N | N | N | N |
| 9 | 106 | 87 | 92 | 78 | N | N |
| 10 | N | N | N | N | N | N |
| ആകെ | 437 | 435 | 477 | 457 | 663 | 635 |

N - സ്ക്കൂളുകളില്ല

പട്ടിക 3
നിരക്ഷരർ

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 101 | 105 | 206 |
| 2 | 105 | 143 | 248 |
| 3 | 145 | 210 | 355 |
| 4 | 71 | 134 | 205 |
| 5 | 41 | 36 | 77 |
| 6 | 82 | 149 | 231 |
| 7 | 184 | 54 | 238 |
| 8 | 69 | 129 | 198 |
| 9 | 102 | 113 | 215 |
| ആകെ | 900 | 1073 | 1973 |

(അവലംബം: 1991 ലെ സാക്ഷരതാ സർവ്വെ)

ആകെ ജനസംഖ്യയുടെ 51.56% ഉള്ള സ്ത്രീകളുടെ നിരക്ക് വിദ്യാഭ്യാസരംഗത്ത് എത്തുമ്പോൾ 49.35% ആയി മാറുന്നു. ജനസംഖ്യാനുപാതികമായി 2.21 ശതമാനം കുറവാണിത്. ആൺകുട്ടികളെ അപേക്ഷിച്ച് പഠനം നിർത്തിപ്പോകുന്ന പെൺകുട്ടികളുടെ എണ്ണം കൂടുതൽ ആണ്. ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നും 1996ൽ പഠനം നിർത്തിപോയവരുടെ എണ്ണം 34 ആണ്. അതിൽ 18 പെൺകുട്ടികൾ ഉണ്ട്. ഇത് ആകെ പഠനം നിർത്തിയവരുടെ 52.94% ആണ്. തോറ്റുപഠിക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ചു കുറവാണ്. 184 പേർ ഉള്ളതിൽ പെൺകുട്ടികളുടെ എണ്ണം 64 മാത്രമാണ്. (34.78%) തോറ്റു പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം കുറവാണെങ്കിലും പഠനം നിർത്തിപ്പോകുന്ന പെൺകുട്ടികളുടെ എണ്ണം കൂടുതലായികാണുന്നു. വിശദമായ പട്ടിക IVൽ കൊടുക്കുന്നു.

പട്ടിക IV

| ക്രമ നമ്പർ | വിവരണം | ആകെ | സ്ത്രീകൾ | ശതമാനം |
|---|---|---|---|---|
| 1 | ജനസംഖ്യ | 20252 | 10443 | 51.56 |
| 2 | (0-6) പ്രായമുള്ള കുട്ടികൾ | 2327 | 1122 | 48.21 |
| 3 | LP,U.P,H.Sഎന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ | 3114 | 1537 | 49.35 |
| 4 | പഠനം നിർത്തിയവർ | 34 | 18 | 52.94 |
| 5 | തോറ്റുപഠിക്കുന്നവർ | 184 | 64 | 34.78 |

മേൽ വിവരിച്ച പട്ടിക പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയുടെ 51.56% വരുന്നു സ്ത്രീകളുടെ എണ്ണം. എന്നാൽ 06 വയസുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 2327 ആകുമ്പോൾ അതിന്റെ 48.21% മാത്രമേ പെൺകുട്ടികളുടെ എണ്ണം കാണുന്നുള്ളൂ. 3.35% സ്ത്രീ ജനനം കുറവായി കാണുന്നു.

## II. തൊഴിൽരംഗം

വനിതകളുടെ പ്രധാന തൊഴിൽമേഖല കാർഷികരംഗം തന്നെ. കാർഷികവൃത്തിക്കു പുറമെ തോട്ടം മേഖലയിൽ പണിയെടുക്കുന്നവരും കെട്ടിട നിർമ്മാണ ജോലിയിലും ഇഷ്ടികനിർമ്മാണ രംഗത്തും ജോലിനോക്കുന്നവരും സർക്കാർ-സ്വകാര്യ മേഖലകളിൽ ജോലിയുള്ള വിരലിലെണ്ണാവുന്നവരും ഉൾപ്പെടെ ജോലിയുള്ള വനിതകൾ 11.84 ശതമാനമേവരുന്നുള്ളൂ. D.W.CRA യൂണിറ്റുകൾ മൂന്നെണ്ണം പ്രവർത്തിക്കുന്നു. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാർ 49.31% വരും.

ഈ പഞ്ചായത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീപുരുഷന്മാരുടെ വിവരം താഴെകൊടുക്കുന്നു.

### പട്ടിക V

| വിവരണം | പു | സ്ത്രീ | ആകെ |
|---|---|---|---|
| മെയിൻ വർക്കേഴ്സ് | 4837 | 1237 | 6074 |
| മാർജിനൽ വർക്കേഴ്സ് | 160 | 381 | 541 |
| നോൺ വർക്കേഴ്സ് | 4812 | 8825 | 13637 |
| ആകെ | 9809 | 10443 | 20252 |

വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിൽമേഖലകളിൽ പ്രത്യേക പരിശീലനം ലഭിച്ച വനിതകളുടെ എണ്ണം വിരളമാണ്. ട്രൈസം പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷമായി പരിശീലനം സിദ്ധിച്ച സ്ത്രീകളുടെ എണ്ണം 13 ആണ്. എണ്ണത്തിൽ കുറവാണെങ്കിലുംസ്ഥായിയായ വരുമാനം ലഭിക്കത്തക്ക ഒരു തൊഴിൽ നേടിക്കൊടുക്കുന്നതിനോ ഈ പരിശീലനം പ്രയോജനപെടുത്തുന്നതിനോ കഴിഞ്ഞിട്ടില്ല. നാലുവർഷത്തിനുള്ളിൽ ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരുടെ എണ്ണം താഴെകൊടുക്കുന്നു.

### പട്ടിക VI

**ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവർ**

| വർഷം | പു | സ്ത്രീ | ആകെ |
|---|---|---|---|
| 1992-93 | 4 | 3 | 7 |
| 1993-94 | - | 4 | 4 |
| 1994-95 | - | 2 | 2 |
| 1995-96 | 1 | 4 | 5 |

ഈ പഞ്ചായത്തിൽ വൻകിട വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെയില്ല. നാമമാത്രമായി ചില ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട 45 ചെറുകിട വ്യവസായ യൂണിറ്റുകളിലായി 73 സ്ത്രീകൾക്കു മാത്രമേ ജോലി ലഭിക്കുന്നുള്ളൂ മറ്റൊരർത്ഥത്തിൽ 0.69% സ്ത്രീകൾക്കു ഗുണം ചെയ്യുന്ന വ്യവസായ സംരംഭങ്ങളേ ഈ പഞ്ചായത്തിലുള്ളൂ. രജിസ്റ്റർ ചെയ്യപ്പെട്ടചെറുകിടവ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം താഴെകൊടുക്കുന്നു.

### പട്ടിക VII

| നമ്പർ | വ്യവസായം | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികൾ സ്ത്രീ |
|---|---|---|---|
| 1 | കറിപൗഡർ | 3 | 10 |
| 2 | വനിതാവ്യവസായം | 1 | 4 |
| 3 | ഇഷ്ടികനിർമ്മാണം | 1 | 10 |
| 4 | റെഡിമെയ്ഡ് | 4 | 8 |
| 5 | ടെയിലറിംഗ് വ്യസായം | 26 | 36 |
| 6 | മറ്റുള്ളവ | 4 | 5 |
| | ആകെ | 39 | 73 |

പഞ്ചായത്തിലെ പ്രധാനപ്പെട്ട തൊഴിൽ മേഖലയിലെല്ലാം പരുഷൻമാരും സ്ത്രീകളും തമ്മിൽ കൂലിയിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. ഒരേ തൊഴിലിൽ തുല്യപ്രയത്നം ആവശ്യമെന്നിരിക്കെ കൂലിയിലുള്ള അന്തരം സ്ത്രീകളോടുള്ള കടുത്ത അവഗണനയാണ്. കാർഷിക മേഖലയിൽ പുരുഷതൊഴിലാളിക്ക് 85 രൂപ സ്ത്രീ തൊഴിലാളിക്ക് 70 രൂപ എന്നതാണ് നിരക്ക്. മറ്റു മേഖലകളിലും ഈ അന്തരം ഉണ്ട്. തുല്യജോലിക്കു തുല്യവേതനം എന്നത് പ്രാവർത്തികമാക്കണം. കൂലിയിലുള്ള അന്തരം പട്ടിക VIIIൽ കൊടുക്കുന്നു.

പട്ടിക VIII

| നമ്പർ | തൊഴിൽമേഖലകൾ | ശമ്പളം രൂപ | |
|---|---|---|---|
| | | പു | സ്ത്രീ |
| 1 | കാർഷികമേഖല | 85 | 70 |
| 2 | കെട്ടിടനിർമ്മാണം | 100 | 80 |
| 3 | ഇഷ്ടികനിർമ്മാണം | 125 | 100 |
| 4 | തോട്ടംമേഖല | 90 | 75 |

വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പൊതുസ്ഥിതി ശോചനീയമാണ്. ജീവിതവൃത്തിക്കുവേണ്ടിയുള്ള തൊഴിൽഭാരത്തിനുപുറമേ സ്വന്തം വീട്ടുജോലികൂടിയാകുമ്പോൾ വിശ്രമവും വിനോദവും സ്ത്രീകൾക്കു വെറും സ്വപ്നമായി അവശേഷിക്കുന്നു. അകാലത്തിൽ വിധവകളാകുകയോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്ത കുടുംബനാഥകളായ സ്ത്രീകളുടെ ജീവിതഭാരം സങ്കല്പിക്കാവുന്നതിലും അപ്പുറമാണ്. പലപ്പോഴും അറിവില്ലായ്മകൊണ്ടോ അവഗണനമൂലമോ നിലവിലുള്ള സാമൂഹ്യക്ഷേമസഹായങ്ങൾ ഇവർക്കു ലഭിക്കാതെ പോകുകയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ സഹായപദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള പെൻഷനുകളുടെ വിവരം പട്ടിക പരിശോധിക്കുമ്പോൾ (പട്ടിക IX) മനസിലാകും.

പട്ടിക IX

| വാർദ്ധക്യകാല പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | അവശകലാകാരപെൻഷൻ | അവശ കായികതാരപെൻഷൻ | കാർഷിക തൊഴിലാഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | അഗതി പെൻഷൻ |
|---|---|---|---|---|---|---|---|---|---|---|
| 5 | 19 | 10 | — | — | 39 | 75 | 2 | — | 3 | — |

കുടുംബത്തിൻെറ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുവാനും ജീവിതനിലവാരം ഉയർത്തുവാനും അതുവഴി സാമൂഹ്യപദവി സുരക്ഷിതമാക്കുവാനും തൊഴിൽ രംഗത്ത് സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കുവാനും പുത്തൻതൊഴിൽസംരംഭങ്ങൾ ആരംഭിക്കണം.

റെഡിമെയ്ഡ് ഗാർമെൻറ്സ്, അച്ചാറുകൾ, മെഴുകുതിരി, സ്ക്കൂൾബാഗ്, ഇവയുടെ നിർമ്മാണ യൂണിറ്റുകൾ, റബർ അധിഷ്ഠിത വ്യവസായങ്ങൾ, പഴവർഗ്ഗസംസ്കരണം എന്നീ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. ഒറ്റയ്ക്കു ചെയ്യുന്നതിന് കഴിയാത്ത തൊഴിൽസംരംഭങ്ങൾ കൂട്ടായി ചെയ്യുന്നതിനുവേണ്ടി വനിതാസഹകരണ സംഘങ്ങൾക്ക് രൂപം നൽകണം. പുഷ്പകൃഷി, തയ്യൽ, ഗാർമെൻറ്സ്, കറിപൗഡർ, അച്ചാർ, ബാഗ്, റെയിൻകോട്ടു നിർമ്മാണം, കൂടനിർമ്മാണം, കന്നുകാലി ഫാം എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. വീട്ടുവളപ്പിൽ പച്ചക്കറികൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, എന്നീ തൊഴിൽ സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്.

# III ആരോഗ്യം

വിശ്രമമില്ലാത്ത ജോലികളും കുടുംബപ്രാരാബ്ധവും സ്ത്രീകളുടെ ആരോഗ്യത്തെ നശിപ്പിക്കുകയും അകാലത്തിൽ രോഗികളാക്കുകയും ചെയ്യും. കുടുംബത്തിലെ മറ്റംഗങ്ങളുടെ ആരോഗ്യപരിപാലനത്തിൽ ഇവർ കൂടുതൽ ശ്രദ്ധിക്കുന്നതുകൊണ്ട് സ്വന്തം ചികിത്സയ്ക്ക് പണം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ ഇവരുടെ ആരോഗ്യം കൂടുതൽ വഷളാകുന്നു.

## പട്ടിക X
## ദമ്പതിമാരുടെ എണ്ണം

| | പ്രായക്രമം | എണ്ണം |
|---|---|---|
| a | 15-19 | 37 |
| b | 20-24 | 438 |
| c | 25-29 | 814 |
| d | 30-34 | 753 |
| e | 35-39 | 519 |
| f | 40-44 | 211 |
| | ആകെ | 2772 |

അവലംബം പി.എച്ച്.സി

ഈ പഞ്ചായത്തിൽ 15-44 വയസുവരെ പ്രായമുള്ള ദമ്പതിമാരുടെ എണ്ണം 2772 ആണ്. ഒരു കുട്ടിയുള്ള 650 അമ്മമാരും 2 കുട്ടികളുള്ള 1529 അമ്മമാരും രണ്ടിൽകൂടുതൽ കുട്ടികളുള്ള 426 അമ്മമാരും ഉൾപ്പെടെ2605 അമ്മമാരുണ്ട്.

## പട്ടിക XI
## കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം.

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണ മാർഗംസ്വീകരിച്ചവർ |
|---|---|---|
| ഒരു കുട്ടിയുള്ളവർ | 650 | 138 |
| രണ്ടു കുട്ടിയുള്ളവർ | 1529 | 1493 |
| രണ്ടിൽ കൂടുതൽ കുട്ടിയുള്ളവർ | 426 | 368 |
| ആകെ | 2605 | 1999 |

അവലംബം പി.എച്ച്.സി.

കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ 1999 ആണ്. 1996- ൽ ഗർഭസംബന്ധമായ രോഗങ്ങളാൽ ഒരു സ്ത്രീപോലും മരിച്ചിട്ടില്ലെന്നും അനുപൂരകപോഷകാഹാരം 74 മുലയൂട്ടുന്ന അമ്മമാർക്കും 74 ഗർഭിണികൾക്കും ലഭിക്കുന്നുവെന്നും അംഗൻവാടികളിൽ നിന്നു ശേഖരിച്ച വിവരങ്ങളിൽനിന്നും മനസിലാവുന്നതാണ്. കഴിഞ്ഞ വർഷത്തിൽ ആകെ നടന്ന ശിശുമരണം 6 ആണ്. മൂന്നു ചാപിള്ള ജനനവും നടന്നിട്ടുണ്ട്.

# IVസാമൂഹ്യരംഗം

പഞ്ചായത്തിൽ 10 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നവ വളരെ ചുരുക്കമാണ്. ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ കാര്യക്ഷമമായി ശ്രദ്ധിക്കുന്ന സമാജങ്ങളും ഉണ്ട്. അനധികൃത ചാരായക്കടകൾ അടച്ചുപൂട്ടിക്കുന്നതിൽ ഈ പഞ്ചായത്തിലെ വനിതാ സംഘടനകൾ നടത്തിയ പോരാട്ടങ്ങൾ സ്മരണീയമാണ്. വ്യാജവാറ്റടക്കമുള്ള പല സാമൂഹ്യതിന്മകളും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ ഇവർക്കു കഴിയുന്നുണ്ട്. ഈ പഞ്ചായത്തിൽ 16 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ സ്ത്രീകളുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

ഭരണരംഗത്തേക്കു കടന്നുവരുന്നതിൽ അറച്ചുനിന്ന സ്ത്രീസമൂഹത്തെ പഞ്ചായത്തീരാജ് എന്ന ധീരമായ കാൽവെപ്പിലൂടെ 1/3 അധികാരസ്ഥാനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞത് ഈ രംഗത്തെനേട്ടം തന്നെയാണ്. കേന്ദ്രസംസ്ഥാന ഭരണരംഗങ്ങളിൽകൂടി സ്ത്രീകളുടെ ഈ പ്രാതിനിധ്യം ഉറപ്പാക്കിയാൽ വനിതാ പ്രാതിനിധ്യം എന്നതിലുപരി സ്ത്രീകളുടെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകുന്നതോടൊപ്പം അവരുടെ സാമൂഹ്യ പദവിയും ഉറപ്പുവരുത്തുവാൻ കഴിയും.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ രൂക്ഷം, തൊഴിലവസരങ്ങൾ കുറവ്
2. വേണ്ടത്ര സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം
3. തൊഴിൽ വേതനനിരക്കുകളുടെ അന്തരം
4. തൊഴിൽ പരിചയക്കുറവ്
5. സാമൂഹ്യക്ഷേമ സഹായപദ്ധതികളുടെ അപര്യാപ്തത
6. സ്ത്രീപീഡനവും സ്ത്രീധനപീഡനവും
7. മദ്യം മൂലമുള്ള കുടുംബപ്രശ്നങ്ങൾ
8. ആരോഗ്യപ്രശ്നങ്ങൾ
9. വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക
2. വ്യാജവാറ്റ് തടയുന്നതിന് വാർഡുതലത്തിൽ വനിതാസ്ക്വാഡുകൾ രൂപീകരിക്കുക.
3. സ്ത്രീപീഡനം കർശനമായി തടയുക
4. സ്ത്രീധന നിരോധനനിയമം ഫലപ്രദമാക്കുക
5. തുല്യജോലിക്കു തുല്യവേതനം നൽകുക.
6. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ നിരോധിക്കുക
7. സ്ത്രീകൾക്കു തൊഴിൽ ലഭ്യമാകത്തക്കവിധത്തിൽ വ്യവസായങ്ങൾ ആരംഭിക്കുക
8. 60 വയസിനുമേൽ പ്രായമുള്ള നിർദ്ധനസ്ത്രീകൾക്ക് പെൻഷൻ നൽകുക
9. എല്ലാ വാർഡുകളിലും ശിശുപരിപാലനത്തിനായി 'ക്രഷുകൾ' ആരംഭിക്കുക
10. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
11. എല്ലാ വാർഡുകളിലും വനിതാസമാജങ്ങൾ സംഘടിപ്പിക്കുകയും.സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു് സഹായിക്കുകയും ചെയ്യുക
12. സ്ത്രീ സൗന്ദര്യ മത്സരങ്ങൾ നിരുത്സാഹപ്പെടുത്തുക
13. പഞ്ചായത്തിൽ തയ്യൽസ്ക്കൂളുകൾ ആരംഭിക്കുക
14. വനിതാ വ്യവസായങ്ങൾ ആരംഭിക്കുക
15. ഗവ. ആയുർവേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക
16. വിദ്യാഭ്യാസത്തിനു ഉയർന്ന നിലവാരം പുലർത്തുന്ന നിർദ്ധനരായ യുവതികൾക്ക് സാമ്പത്തികസഹായം നൽകുക
17. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക
18. കൂടുതൽ D.W.C.R.A യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുക
19. സ്ത്രീകൾക്കു സാമൂഹ്യനീതി ഉറപ്പുവരുത്തുക.
20. മഹിളാ സമാജങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുക
22. I.R.D.P ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം ആരംഭിക്കുക
23. വനിതാ തൊഴിൽപരിശീലനകേന്ദ്രം ആരംഭിക്കുക
24. നേഴ്സിംഗ്സ്ക്കൂളുകൾ ആരംഭിക്കുക



ഈ ഭൂമുഖത്തു ഇമ്മാതിരിയൊരു മനുഷ്യൻ
രക്തമാംസാദികളോടെ ജീവിച്ചിരുന്നു
എന്ന് വിശ്വസിക്കാൻ
വരുംതലമുറകൾ
തയ്യാറായില്ലാ എന്ന്വരാം

ആൽബർട്ട് ഐൻസ്റ്റൈൻ

V11

# സംസ്കാരം



മഹത്തായ സംസ്കാരിക
നിക്ഷേപങ്ങൾ ഏറെയൊന്നും അവകാശപ്പെടാനില്ലാത്ത
പഞ്ചായത്താണ് ഏനാദിമംഗലം.
ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും
ജീവിതരീതിയെ പ്രതിഫലിപ്പിക്കുന്നതാണ് സംസ്കാരമെങ്കിൽ
ഈ പഞ്ചായത്തിലെ
ജനത ആ രംഗത്ത് ഉയർന്നനിലവാരം പുലർത്തിവരുന്നു. മതസ്പർദ്ധകളോ
വർദ്ധിച്ച തോതിലുള്ള രാഷ്ട്രീയ കലാപങ്ങളോ ഇവിടെ
ഉണ്ടായിട്ടില്ലെന്നുള്ളത് നമ്മുടെ ജനങ്ങളുടെ സാംസ്കാരിക അവബോധത്തി
ലേക്കു വെളിച്ചം വീശുന്നു.
നാടിൻെറ ഇതരഭാഗങ്ങളിലെന്നപോലെ
സവർണ്ണമേൽക്കോയ്മയും
അയിത്തഉച്ചനീചത്വവും ഇവിടെയും മുൻകാലങ്ങളിൽ

നിലനിന്നിരുന്നുവെങ്കിലും ഈ പ്രദേശത്ത് അതിന്റെ രൂക്ഷത താരതമ്യേന കുറവായിരുന്നു. അതുകൊണ്ടു തന്നെയാവും പരിവർത്തനപ്രസ്ഥാനങ്ങളും നവോത്ഥാന പ്രവർത്തനങ്ങളും ചെറിയ തോതിൽ മാത്രമായി ഈ പ്രദേശത്തെ സ്പർശിച്ചുകടന്നുപോയത്. എടുത്തു പറയത്തക്ക ഒരു സംഭവം സവർണ്ണർ മാത്രം കുളിച്ചിരുന്ന ഇളമണ്ണൂർകുളത്തിൽ ഒരുസംഘം പരിവർത്തന വാദികളുടെനേതൃത്വത്തിൽ ഒരു പിന്നോക്കജാതിക്കാരനെ എതിർപ്പുകൾ അവഗണിച്ചുകൊണ്ട് കുളത്തിൽ ഇറക്കി എന്നതാണ്.

ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹീതമാണ് ഈ ഗ്രാമം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ മുൻനിര നേതാവായിരുന്ന ശ്രീ ടി.കെ മാധവൻ എസ്സ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറി ആയിരിക്കേ ഈ ഗ്രാമം സന്ദർശിക്കവഴി സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കർമ്മനിരതരാകാനും അതുവഴി ദേശീയ ധാരക്കൊപ്പം ചേരാനും ഇവിടുത്തെ ജനങ്ങൾക്ക് ആവേശം നൽകി.

നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷം ഹൈന്ദവരും തുടർന്ന് ക്രൈസ്തവ, ഇസ്ലാം മതവിശ്വാസികളുമാണ്. പതിമൂന്ന് ക്ഷേത്രങ്ങളും പന്ത്രണ്ട് ക്രിസ്തീയദേവാലയങ്ങളും ഒരു മുസ്ലീംപള്ളിയും മറ്റൊരു മദ്രസ്സയും ഈ പഞ്ചായത്തിലുണ്ട്. പുരാതന ഹൈന്ദവക്ഷേത്രങ്ങളിലൊന്നാണ് പൂതങ്കരയിലെ ശ്രീധർമ്മശാസ്താക്ഷേത്രം. ക്ഷേത്രത്തോടുചേർന്നുള്ള ഗുഹയും പുരാതനശിലാലിഖിതങ്ങളും പുരാവസ്തുവകുപ്പുകൾ പരിശോധിച്ചിട്ടുള്ളതാണ്. ഈ ക്ഷേത്രവും പരിസരവും കൂടുതൽ ഗവേഷണവിധേയമാക്കേണ്ടതുണ്ട്. തൊട്ടടുത്തുള്ള വാവരുപള്ളിയിൽ നിന്നും ഈ ക്ഷേത്രത്തിലേക്കുള്ള പേട്ടതുള്ളൽ ഇവിടെ നിലനിന്നുപോരുന്ന മതസൗഹാർദ്ദത്തിന്റു ഉത്തമദൃഷ്ടാന്തമാണ്. ഇളമണ്ണൂർ ശ്രീനാരായണപുരം ക്ഷേത്രത്തിൽ ധനു രണ്ടു മുതൽ പതിനൊന്നുവരെ എല്ലാവർഷവും നടത്തിക്കൊണ്ടിരിക്കുന്ന 'ദശാവതാരം ചാർത്ത്' വർധമാനമായ തോതിൽ ജനശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ടിരിക്കുന്നു. മരുതിമൂട്ടിലെ സെൻറ്. ജൂഡ് കത്തോലിക്കാപള്ളിയിൽ വ്യാഴാഴ്ചകൾതോറും പ്രഭാതം മുതൽ പ്രദോഷം വരെ നടക്കുന്ന വിശേഷാൽ ആരാധനയിൽ (നൊവേന) നാനാജാതിമതസ്ഥരായ ജനങ്ങൾ ജില്ലക്കു വെളിയിൽനിന്നു കൂടി എത്തുന്നുവെന്നത് വളർന്നുപുഷ്ടിപ്പെടുന്ന മതസൗഹാർദത്തിന് മറ്റൊരുദാഹരണമാണ്.

നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യഭാഗമായ വാസ്തുവിദ്യ, വാദ്യമേളം, സംഗീതം, നൃത്തം, ചിത്രകല. അഭിനയം ഇവയൊക്കെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടാണ് വളർന്നുവികസിച്ചിട്ടുള്ളത്. ഇന്ന് ആരാധനാലയങ്ങളും ഈ കലകളുമായുള്ള ബന്ധം അറ്റുപൊയ്ക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് ആർട്ട്സ് ആന്റ് സ്പോട്ട്സ്ക്ലബുകളുടേയും മറ്റു സംസ്കാരിക സന്നദ്ധ സംഘടനകളുടേയും പ്രസക്തി വർദ്ധിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ 20 ആർട്ട്സ് ക്ലബുകളും ഏഴ് ഗ്രന്ഥശാലകളും നിലവിലുണ്ട്. കുറെ വർഷങ്ങൾക്കുമുൻപ് വരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലകളും ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബുകളും ഇക്കൂട്ടത്തിൽ ഉണ്ട്. ഇപ്പോൾ ഇവയുടെ അവസ്ഥ ശോചനീയമാണ്. നിലവാരമുള്ള പുസ്തകങ്ങൾ വായിക്കാനുള്ള ആളുകളുടെ താല്പര്യക്കുറവും മതിയായ സംരംക്ഷണ ചെലവു ലഭിക്കാത്തതും ഗ്രന്ഥശാലാ പ്രവർത്തനത്തെ സ്തംഭനത്തിലാക്കിരിക്കുന്നു. ആർട്സ് ആൻറ് സ്പോട്സ് ക്ലബുകളാകട്ടെ ഓണത്തിനോ അതിന്റെ വാർഷികത്തിനോ 'ഒരു പരിപാടി നടത്തിയിട്ട് ഒതുങ്ങികഴിയുന്നു. കേരളോത്സവ പരിപാടിയിൽ നല്ല പ്രകടനം കാഴ്ചവെയ്ക്കുന്നവയും കൂട്ടത്തിലുണ്ട്. രക്തദാനം, അത്തപ്പൂവിടൽ മത്സരം തുടങ്ങിയ മാതൃകാപരമായ പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സമിതികളും ഉണ്ട്.

## ഗ്രന്ഥശാലകളും- ക്ലബുകളും

| വാർഡ് | നമ്പർ | ഗ്രന്ഥശാലകൾ | നമ്പർ | ക്ലബ്ബുകൾ |
|---|---|---|---|---|
| 1 | 1 | മങ്ങാട് പബ്ലിക് ലൈബ്രറി | 1 | മങ്ങാട് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് |
| 11 | 2 | ബാപ്പൂജി മെമ്മോറിയൽ വായനശാല | 2<br>3<br>4<br>5 | സംഗമം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്<br>വിന്നേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്<br>വേദി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്<br>ദീപം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് |
| III | | ഇല്ല | 6<br>7 | ചൈതന്യ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്<br>നവശക്തി അർട്സ് ആന്റ് സ്പോർട്സ് ക്ലബ് |
| IV | 3 | നേതാജി സ്മാരക ഗ്രന്ഥശാല് | 8 | സന്തോഷ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ |
| V | 4 | മാരൂർ പബ്ലിക് ലൈബ്രറി | 9<br>10 | തിരുവോണം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്<br>യംഗ് ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് |
| VI | 5 | ടാഗോർ പബ്ലിക്ക്ലൈബ്രറി | 11<br>12 | ചാങ്കൂർ ബ്രദേഴ്സ് ക്ലബ്<br>എവർഷൈൻ സ്പോർട്സ് ക്ലബ് |
| VII | 6 | K.P.P.M ഗ്രന്ഥശാല | 13<br>14<br>15<br>16<br>17<br>18 | ചൈതന്യാ സ്പോർട്സ് ക്ലബ്<br>കലാവേദി സ്പോർട്സ് ക്ലബ്<br>നവധാരാ സ്പോർട്സ് ക്ലബ്<br>സിനി സ്പോർട്സ് ക്ലബ്<br>മുൻഷി അത്‌ലെറ്റിക് ക്ലബ്<br>പ്രണവം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് |
| VIII | 7 | പുതങ്കര പബ്ലിക് ലൈബ്രറി | 19 | സാരഥി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് |
| IX | | ഇല്ല | 20 | നർത്തകി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് |
| X | | ഇല്ല | | ഇല്ല |

**7 ഗ്രന്ഥശാല 20 ക്ലബുകൾ**

ഈ പഞ്ചായത്തിൽ ഒരു അംഗീകൃത പ്രൈമറി വിദ്യാലയം പ്രവർത്തനമാരംഭിക്കുന്നത് 1902 ൽ മാരൂ

രിലാണ്. തുടർന്ന് 1909 ൽ ഇളമണ്ണൂരിലും പ്രൈമറി വിദ്യാലയം പ്രവർത്തനമാരംഭിച്ചു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ മൂന്നു പ്രൈമറി വിദ്യാലയങ്ങളും ആറു അപ്പർ പ്രൈമറി വിദ്യാലയങ്ങളും നാല് സെക്കന്ററി വിദ്യാലയങ്ങളും ഒരു വിഎച്ച് എസ് സി യും ഇളംതലമുറയ്ക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്നു.

1930 ൽ ചാങ്കൂർ കേന്ദ്രമായി ഒരു സംസ്കൃത വിദ്യാലയം പ്രവർത്തിച്ചിരുന്നു. പ്രസ്തുത വിദ്യാലയത്തിന്റെ സംഭാവനയായി പണ്ഡിതന്മാരായ ശാസ്ത്രിമാരും ഭാഷാധ്യാപകരും തലമുറകൾക്ക് മാർഗ്ഗദീപം തെളിച്ചുകൊണ്ടിരുന്നു. കാലത്തിന്റെ നീരൊഴുക്കിൽ ഈ സരസ്വതീക്ഷേത്രം നാമാവശേഷമായിത്തീർന്നു.

പ്രസിദ്ധ നാടകകൃത്തും നിരൂപകനും സാഹിത്യകാരനും ആയിരുന്ന ശ്രീ മുൻഷി പരമുപിള്ള നമ്മുടെ പഞ്ചായത്തിൽ ഇളമണ്ണൂരിൽ സ്ഥിരതാമസമാക്കി തന്റെ സാഹിത്യസപര്യയിൽ കർമ്മനിരതനായിരുന്നു. ശ്രീ ഈ.വി. കൃഷ്ണപിള്ള തുടങ്ങി അക്കാലത്തെ കലാസാഹിത്യമഹാരഥന്മാർ അങ്ങനെ ഈ ഗ്രാമത്തിൽ നിത്യസന്ദർശകരായി. മുൻഷിസാർ നേതൃത്വം കൊടുത്തിരുന്ന "സുരഭി കലാവേദി" അക്കാലത്ത് ജനശ്രദ്ധ ആകർഷിച്ച ഒരു നാടകസമിതി ആയിരുന്നു. ഇക്കാലത്തു അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുറുമ്പകര സ്വദേശിനിയായ ഒരു നായർ യുവതിയും അവിടെത്തന്നെയുള്ള ഒരു സിദ്ധനർ യുവാവും തമ്മിലുള്ള വിവാഹം പുതങ്കര ഭഗവതികുന്ന്ക്ഷേത്രത്തിൽ വച്ച് നടത്തിയത് സമൂഹത്തിൽ ചലനംസൃഷ്ടിച്ച ഒരു സംഭവമായിരുന്നു. സംസ്കൃതപണ്ഡിതനും കവിയും ഭാഷാധ്യാപകനുമായ മാരൂർ ശ്രീ. കെ.ജി.ധരൻ മലയാള സാഹിത്യത്തിനു ഈടുറ്റ സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ളത് നമ്മുടെ ജനങ്ങൾക്ക് അഭിമാനിക്കാൻ വകനൽകുന്നു.

കഴിഞ്ഞ തലമുറ പ്രചരിപ്പിച്ച യുക്തിവാദവും പ്രകൃത്യായുള്ള മനുഷ്യാർത്തിയും ഒത്തുചേർന്നപ്പോൾ പരിസ്ഥിതി സംതുലനാവസ്ഥയ്ക്ക് അവശ്യം വേണ്ടിയിരുന്ന വൻകാവുകളെ നാശോന്മുഖമാക്കിയെങ്കിലും ഓർമ്മപ്പിശകുകൾപോലെ പഞ്ചായത്തതിർത്തിക്കുള്ളിൽ അങ്ങിങ്ങായി ചെറുകാവുകൾ ഇന്നും കാണുന്നു. പഞ്ചായത്തുതലത്തിൽ പൊതുജനസഹകരണത്തോടെ ഇന്നുള്ള കാവുകളെയെങ്കിലും അതിന്റെ സ്വാഭാവിക തനിമയോടെ നമുക്കു കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു.

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വ്യാപനം പുസ്തകവായനയിലുള്ള ആളുകളുടെ താല്പര്യം കുറച്ചിട്ടുണ്ടെങ്കിലും പത്രവാരികകളുടെ പ്രചാരം പഞ്ചായത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നാടിന്റെ ഇതരഭാഗങ്ങളിലെന്നപോലെ മലയാളമനോരമ ദിനപ്പത്രവും വാരികയും മറ്റു പ്രസിദ്ധീകരണങ്ങളേക്കാൾ വളരെ മുന്നിലാണ്.

ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ വിതരണം ചെയ്യപ്പെടുന്ന വിവിധ പത്രങ്ങളുടെ പേരും എണ്ണവും താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 813 |
| 2 | കേരളാകൗമുദി | 270 |
| 3 | മാതൃഭൂമി | 250 |
| 4 | ദേശാഭിമാനി | 140 |
| 5 | മംഗളം | 50 |
| 6 | മാധ്യമം | 30 |
| 7 | ഇന്ത്യൻ എക്സ്പ്രസ്സ് | 30 |
| 8 | ഹിന്ദു | 20 |

## പ്രശ്നങ്ങൾ

1. സാംസ്കാരികപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനുള്ള ജനങ്ങളുടെ വിമുഖത.

2. ഈ രംഗത്ത് താല്പര്യമുള്ളവരെ കണ്ടെത്താനും വളർത്തിക്കൊണ്ടുവരുവാനുമുള്ള ബോധപൂർവ്വമായ പരിശ്രമത്തിന്റെ അഭാവം.

3. സാംസ്കാരികപ്രവർത്തകർക്ക് അംഗീകാരമില്ലായ്മ, ജീവിതസുരക്ഷിതത്വമില്ലായ്മ.

4. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.

## സാധ്യതകൾ

1. നിരന്തര ബോധവൽക്കരണത്തിലൂടെ ഇന്നത്തെ നാണയ സംസ്കാരത്തിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച് സാമൂഹ്യനന്മ ലാക്കാക്കിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താം.

2. തൊഴിൽരഹിത യുവാക്കളിൽ ദിശാബോധം വളർത്തുകവഴി അലസതയിൽനിന്നും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും പിന്തിരിപ്പിക്കാം.

3. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വ്യാപനം തടയാം.

4. പട്ടികജാതി പട്ടികവർഗ്ഗക്കാരിലും വീട്ടമ്മമാരിലും വായനാശീലവും സാമൂഹ്യബോധവും വളർത്താൻ സംയോജിത ആസൂത്രിത നീക്കത്തിൽക്കൂടി സാധിക്കുന്നു.

5 സാംസ്കാരികബോധം വളർത്തുകവഴി യുവതലമുറയെ സാമൂഹ്യരംഗത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാം.

6. പെൻഷൻപറ്റി വിശ്രമജീവിതം നയിക്കുന്ന അദ്ധ്യാപകരെയും തെരഞ്ഞെടുക്കപ്പെട്ട വായനശാലാ പ്രവർത്തകർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് പ്രവർത്തകർ എന്നിവരെയും പഞ്ചായത്തുതലത്തിൽ സമ്മേളിപ്പിച്ച് ഇടയ്ക്കിടെ സെമിനാറുകളും സംവാദങ്ങളും നടത്തുകവഴി ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാം.



## ഗ്രാമസഭ ഒറ്റനോട്ടത്തിൽ

1. പഞ്ചായത്തു തലത്തിൽ സാംസ്കാരിക നിലയം വേണം.

2. ശ്രീ. മുൻഷി പരമുപിള്ളയുടെ പാവനസ്മരണയ്ക്കായി ഒരു നാടക പഠനകലാകേന്ദ്രം ആരംഭിക്കണം.

3. സംസ്കൃത യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ ഒരു സംസ്കൃത വിദ്യാപീഠം ഈ പഞ്ചായത്തിൽ ഉണ്ടാവണം

4. പഞ്ചായത്തുതലത്തിൽ കേരള സർവ്വകലാശാലയുടെ ഇൻഫർമേഷൻ സെന്റർ ഉണ്ടാവണം.

5. പൂതംകരയിലെ പൗരാണികമായ ശ്രീധർമ്മശാസ്താക്ഷേത്രത്തിലെ ഗുഹയും ശിലാലിഖിതങ്ങളും മഹാശിലായുഗകാലത്തെ ശിലകളും ഗവേഷണ വിധേയമാക്കണം.

6. പുരാവസ്തുവകുപ്പിന്റെ ഒരു ശാഖ ഇവിടെ തുടങ്ങണം.

7. വാർഡുതലത്തിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മി

ക്കണം. റ്റി.വി, റേഡിയോ എന്നിവ സ്ഥാപിക്കണം.

8. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം. വ്യാജമദ്യനിർമ്മാണം തടയണം. രണ്ടിൻേറയും ചുമതല ഗ്രാമപഞ്ചായത്തിനു നൽകണം.

9. നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബുകൾ ഓരോ വാർഡിൽനിന്നും തെരെഞ്ഞെടുത്ത് നാടൻകലകളും കായികവിനോദങ്ങളും പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങളാക്കാൻ വേണ്ട സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാവണം.

10. നിലവിലുള്ള ഗ്രന്ഥശാലകളും വായനശാലകളും ആധുനികവൽക്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം.

11. സ്വന്തമായി സ്ഥലമില്ലാത്ത ഗ്രന്ഥശാലകൾക്കും ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബുകൾക്കും അഞ്ച് സെൻറ് സ്ഥലം കണ്ടെത്തുക.

12. സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനും പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വീടുകളിൽ എത്തിച്ച് തിരികെ ശേഖരിക്കുന്നതിനും വനിതാസന്നദ്ധസേവകരെ സംഘടിപ്പിച്ച് പരിശീലനം കൊടുക്കുക.

13. കുട്ടികളിൽ കുറ്റവാസന വളർത്തുന്ന സദാചാരവിരുദ്ധമായ ടെലിവിഷൻ സംപ്രേഷണം നിയന്ത്രിക്കാൻ ജില്ലാടിസ്ഥാനത്തിൽ പഞ്ചായത്തുതലപരിശോധനാസമിതി ഉണ്ടാവണം.

14. നീന്തൽ പരിശീലനത്തിനു ഉപയുക്തമായ കുളങ്ങൾ ഉപയോഗപ്പെടുത്തുക, പരിശീലകരെ നിയമിക്കുക.

15. മഹിളാസമാജങ്ങളില്ലാത്ത വാർഡുകളിൽ അവ രൂപീകരിക്കുക, ഇവയ്ക്കു സാമ്പത്തിക സഹായം നൽകുക.

16. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായം നൽകുക. പെൻഷൻപറ്റിയ അധ്യാപകരുടെ സേവനം ഉപോഗപ്പെടുത്തി തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കുക.

17. ജനവിദ്യാകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ ഉണ്ടാക്കുക.

18. കലാ കായിക ക്ലബുകളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.

19. പഞ്ചായത്തു സ്റ്റേഡിയത്തിൽ ഒരു ഓപ്പൺ ഏയർതീയേറ്റർ സ്ഥാപിക്കുക.

20. VIII - ാം വാർഡിലെ പബ്ലിക്ലൈബ്രറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക ആയതിന് ശിശുമന്ദിരം വക മൂന്നു സെൻറ് സ്ഥലം വിട്ടുകൊടുക്കുക. ഈ ലൈബ്രറി Ist ഗ്രേഡായി ഉയർത്തുക.

21. എട്ടാം വാർഡിൽപ്പെട്ട മൂന്നു ഏക്കർ K.I.P. തരിശുഭൂമി ഏറ്റെടുത്ത് കളിസ്ഥലം നിർമ്മിക്കുക.

22. സർക്കാർതലത്തിൽ നടത്തുന്ന സാംസ്കാരിക ആഘോഷങ്ങൾ ജനുവരി 26, ഓഗസ്റ്റ് 15, ഒക്ടോബർ 2 എന്നീ ദേശീയ ദിനങ്ങളുമായി ബന്ധപ്പെട്ടു നടത്തുക.



V12

# വിഭവസമാഹരണം



മനുഷ്യന്റെ നാനാവിധ ആവശ്യങ്ങൾക്കായി വിഭവങ്ങളുടെ ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഉപഭോഗം മനുഷ്യരാശിയുടെ നിലനിൽപ്പിനും, വികാസത്തിനും അത്യന്താപേക്ഷിതമാണ്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ കൂടുതൽ വിഭവങ്ങൾ കണ്ടെത്തുവാൻ അവൻ നിർബന്ധിതനായി. ആവശ്യങ്ങൾ ക്രമാതീതമായി വർദ്ധിച്ചപ്പോൾ വിഭവങ്ങളുടെ ലഭ്യതയിൽ കമ്മി അനുഭവപ്പെട്ടുതുടങ്ങി. ഇതാണ് നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിന്റെയും ഈ രാജ്യത്തിൻെറയും മുന്നിലുള്ള പ്രശ്നങ്ങൾ. ശാസ്ത്രീയമായ കാഴ്ചപ്പാടിലൂന്നി ജനപങ്കാളിത്തമുറപ്പുവരുത്തിക്കൊണ്ട് കൃഷി, വ്യവസായം തുടങ്ങിയ പ്രത്യുത്പാദന മേഖലകളുടെ പുരോഗതിക്ക് വർദ്ധിച്ച പ്രാധാന്യം കൊടുക്കുന്ന ഒരു 'വികസന സംസ്കാരം' വളർത്തിയെടുത്തെങ്കിൽ മാത്രമേ സാമ്പത്തിക പുരോഗതിക്ക് സ്ഥായിയായ അടിസ്ഥാനം കണ്ടെത്താൻ കഴിയുകയുള്ളൂ.

## പട്ടിക നമ്പർ I

### പഞ്ചായത്തിലെ അഞ്ചുവർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ്

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1991-92 | 694646.50 | 624765.00 |
| 1992-93 | 964341.50 | 664447.00 |
| 1993-94 | 1409904.50 | 752200.00 |
| 1994-95 | 1002070.21 | 1216263.00 |
| 1995-96 | 1656914.25 | 1565988.25 |

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം നാണ്യവിളയായ റബ്ബറാണ്. കൃഷിഭൂമിയിൽ 80%വും റബ്ബർകൃഷിക്കായി ഉപയോഗിക്കുന്നു. ചെറുകിട നാമമാത്രകർഷകരാണ് ഈ രംഗത്തുള്ളത്. ഉത്പാദനക്ഷമതയുടെ കുറവുമൂലം മറ്റു കാർഷിക വിളകളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ സംതൃപ്തരല്ല. വ്യവസായമേഖലയിൽ ഈ പഞ്ചായത്തിന്റെ സ്ഥിതി തീർത്തും ശോചനീയമാണ്. വിരലിലെണ്ണാവുന്ന ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കാലിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചവർ, ചെറുകച്ചവടക്കാർ, ഏതാനും കൈത്തൊഴിലുകാർ, ഇവരൊക്കെ ഈ ഗ്രാമത്തിന്റെ സമ്പദ്ഘടനയിൽ പങ്കാളികളാണ്. പഞ്ചായത്തിലെ നിലവിലുള്ള മൊത്ത വരുമാനവും ചിലവിനങ്ങളും, II , III എന്നീ പട്ടികകളിലായി താഴെകൊടുക്കുന്നു.

ഈ പട്ടികകളുടെ അടിസ്ഥാനത്തിൽ ഒട്ടും ആശാവഹമായ ധനകാര്യസ്ഥിതിയല്ല നമ്മുടെ പഞ്ചായത്തിനെന്ന് കാണാൻ കഴിയും.

ഊർജ്ജ-ഗതാഗത-ആരോഗ്യ-വിദ്യാഭ്യാസ

## പട്ടിക നമ്പർ II

### പഞ്ചായത്ത്- 1995-96 വരവ്.

| നമ്പർ | വരവ് ഇനങ്ങൾ | രൂപാ. | സ |
|---|---|---|---|
| 1 | കെട്ടിട നികുതി | 193731 | 40 |
| 2. | തൊഴിൽ നികുതി | 124590 | 00 |
| 3. | വിനോദ നികുതി | 458 | 00 |
| 4. | പി.എഫ്.എ. & ഡി.& ഓ | 3454 | 50 |
| 5. | ചന്തലേലം | 1940 | 00 |
| 6. | വസ്തു കൈമാറ്റനികുതി ഗ്രാന്റ് | 170830 | 00 |
| 7. | അടിസ്ഥാനനികുതി ഗ്രാന്റ് | 28245 | 00 |
| 8. | മൈനർഇറിഗേഷൻ | 18500 | 00 |
| 9. | എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 37427 | 00 |
| 10. | വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 647785 | 00 |
| 11. | ഉപാധിരഹിത ഫണ്ട് | 275000 | 00 |
| 12. | മറ്റിനങ്ങൾ | 154953 | 85 |
| | ആകെ | 1656914 | 75 |

## പട്ടിക നമ്പർ III

### പഞ്ചായത്ത് - 1995-96 ചെലവ്

| നമ്പർ | ഇനവിവരം | തുക | |
|---|---|---|---|
| 1. | ഭരണ മേൽനോട്ടവും നടത്തിപ്പും | 522334 | 25 |
| 2. | നിർമ്മാണ ജോലികൾ | 789064 | 00 |
| 3. | പൊതുജനാരോഗ്യം | 15394 | 00 |
| 4. | വിദ്യാഭ്യാസം | 2300 | 00 |
| 5. | വൈദ്യുതീകരണം | 81562 | 00 |
| 6. | സാമൂഹ്യക്ഷേമം | 15722 | 00 |
| 7. | മറ്റിനങ്ങൾ | 139611 | 00 |
| | ആകെ | 1565987 | 25 |

മേഖലകളിൽ കാര്യക്ഷമത ഉറപ്പുവരുത്തുകയും ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യേണ്ട ഭാരിച്ച ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടുതന്നെ കാർഷിക - വ്യവസായ മേഖലകളെ ചലനാത്മകമാക്കാൻ വൻനിക്ഷേപം തന്നെ കണ്ടെത്തേണ്ടതുണ്ട്. ഈ ആശയലക്ഷ്യങ്ങൾ നിറവേറ്റാൻ സർക്കാർ ധനസഹായത്തിനുപുറമേ പഞ്ചായത്തിന്റെ നികുതി വരുമാനത്തിലും കാതലായ വർദ്ധനവ് വരുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേ പമിച്ചങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തന്നെ ഉപയോഗപ്പെടുത്തുന്നതിന് ക്രിയാത്മക പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ടു ധനകാര്യസ്ഥാ പനങ്ങളും അവയുടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ധനകാര്യ സ്റ്റേറ്റ്മെന്റും IV , V പട്ടികകളിലായി കൊടുക്കുന്നു.

### പട്ടിക IV

**S B I ELAMANNOOR**

| വർഷം | നിക്ഷേപം | വായ്പ |
|---|---|---|
| 1991-92 | 3,01,89,000 | 99,64,000 |
| 1992-93 | 3,89,54,000 | 1,14,07,000 |
| 1993-94 | 5,07,35,000 | 1,37,70,000 |
| 1994-95 | 6,45,11,000 | 1,71,91,000 |
| 1995-96 | 7,16,59,000 | 2,26,93,000 |

### പട്ടിക നമ്പർ V

Service Co-operativeBank ,Enadimangalam

| വർഷം | നിക്ഷേപം | വായ്പ |
|---|---|---|
| 1991-92 | 42,80,044.74 | 64,46,421.00 |
| 1992-93 | 49,55,041.24 | 65,10,436.00 |
| 1993-94 | 63,16,183.43 | 75,49,202.00 |
| 1994-95 | 88,596,96.37 | 86,33,808.00 |
| 1995-96 | 1,16,78,228.07 | 1,14,72,705.00 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനസാദ്ധ്യത കൾ പൊതുവേ കുറവാണ്, ഉള്ളവ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

2. ആവശ്യങ്ങൾക്കനുസൃതമായി സ്കീമുകൾ തയ്യാറാക്കുന്നില്ല.

3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നില്ല.

4. പഞ്ചായത്ത് പൊതുഫണ്ട് സ്വരൂപിക്കുന്നില്ല.

5. മനുഷ്യാദ്ധ്വാനവിഭവം ഉപയോഗപ്പെടുത്തുന്നില്ല.

6. ഗ്രാമ പഞ്ചായത്തുകളിൽ ധനകാര്യസ്ഥാപനങ്ങളുടെ മുതൽമുടക്കിന് തടസങ്ങൾ ഉണ്ട്.

7. ആർഭാട-ആഘോഷ നികുതികൾ ഈടാക്കുന്നില്ല.

8. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല.

9. വിനോദനികുതി ലഭിക്കുന്നതിനു സാദ്ധ്യതയില്ല.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1. സേവന മേഖലകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക വഴി ശ്രമദാനമായി ലഭിക്കുന്ന മനുഷ്യാദ്ധ്വാനം വരുംകാലനേട്ടങ്ങളാക്കാം.

2. ഒരു ഹെക്ടറിനുമേൽ വിസ്തീർണ്ണമുള്ള തോട്ടത്തിലെ ടാപ്പുചെയ്യുന്ന ഓരോ റബ്ബർമരത്തിനും

50 സ വാർഷിക നികുതി ചുമത്താവുന്നതാണ്.

3. ആർഭാടപൂർവ്വമായ ഉത്സവങ്ങൾ, പെരുന്നാളുകൾ, വിവാഹ ആഘോഷങ്ങൾ ഇവയ്ക്ക് 1% സെസ്സ് ഏർപ്പെടുത്തുക.

4. കള്ളുഷാപ്പുകളിൽ നിന്നും സർക്കാർ കിസ്തിനു തുല്യമായ സംഖ്യ പഞ്ചായത്ത് നികുതി ഈടാക്കുക.

5. എസ്റ്റേറ്റ് പരിധിയിൽ വരുന്ന തൊഴിലാളികളികളിൽ നിന്നും തൊഴിൽകരം ഈടാക്കുക.

6. കർഷകതൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിതമേഖലകളിലെ തൊഴിലാളികളെ പഞ്ചായത്തു തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരുകയും തൊഴിലാളിക്ഷാമം അനുഭവപ്പെടുന്ന മേഖലകളിലേക്ക് അവരെ നിയോഗിക്കുകയും, തൊഴിൽദായകർ വഴി അവരുടെ തൊഴിൽക്കരം ഈടാക്കുകയും. ചെയ്യുക.

7. പഞ്ചായത്തിലെ വാഹനഉടമകളിൽ നിന്നും നിശ്ചിതതുക പഞ്ചായത്ത് സെസ്സായി പിരിക്കുക.

8. വിദേശമലയാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വ്യവസായസംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

9. മൂന്നുലക്ഷം രൂപയിൽ കൂടുതൽ പണം മുടക്കി നിർമ്മിക്കുന്ന വീടുകൾക്ക് 1% നികുതി ഏർപ്പെടുത്തുക.

10. പാറക്വോറികൾക്ക് പഞ്ചായത്ത് നികുതി ഏർപ്പെടുത്തുക.

11. രണ്ടേക്കറിൽ കൂടുതൽ തോട്ടം കൈമാറ്റം ചെയ്യുന്നതിന് നിശ്ചിത ഫീസ് ഈടാക്കുക.

12. സ്വകാര്യ പണമിടപാടുകാർക്ക് (ഫൈനാൻസിയേഴ്സ്) വരുമാനാധിഷ്ഠിതമായി നികുതി ഏർപ്പെടുത്തുക.

13. ഗ്രാമവികസനബോർഡിന്റെ സഹായത്താൽ ബിൽഡിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുകയും ന്യായമായ വാടക ഈടാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

14. കേരള പഞ്ചായത്ത്രാജ് നിയമം 197-ാം വകുപ്പ് അനുസരിച്ച് വായ്പകൾ ഉപയോഗപ്പെടുത്തുക.



# ജനകീയ ആസൂത്രണ പ്രസ്ഥാനം

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്



# റിപ്പോർട്ട്

*ഒമ്പതാം പഞ്ചവൽസരപദ്ധതി
ജനകീയ പദ്ധതിയാകുന്നതിന്റെ ഭാഗമായി
ഈ പഞ്ചായത്തിൽ നടന്ന
ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ
ഒരു വിലയിരുത്തൽ താഴെ കൊടുക്കുന്നു.*

11-9-96 ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ
20-ാം നമ്പർ തീരുമാനപ്രകാരം
12 പേരെ പരിശീലനത്തിന് തിരഞ്ഞെടുത്തുകൊണ്ട്
പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ
ഔപചാരികമായി തുടക്കം കുറിച്ചു.
30-9-96 മുതൽ 2-10-96 വരെ അടൂർ ഠൗൺ
ഹാളിൽ വെച്ചു നടന്ന ഒന്നാംഘട്ടപരിശീലന
പരിപാടിയിൽ ഈ പഞ്ചായത്തിനെ
പ്രതിനിധീകരിച്ച് ഇവർ പങ്കെടുത്തു.
5-10-96 ൽ DRP മാരുടെ
പ്രഥമ പഞ്ചായത്ത് തലയോഗം
ഗ്രാമപഞ്ചായത്ത് ഹാളിൽ കൂടുകയും
8-10-96 ൽ നടക്കുന്ന പഞ്ചായത്ത് തല
പരിശീലന പരിപാടി വൻവിജയമാക്കുന്നതിന്
തീരുമാനിക്കുകയും ചെയ്തു.

## പഞ്ചായത്ത്തല ഏകദിന പരിശീലനം

ഇളമണ്ണൂർ സെന്റ്.തോമസ് ഓർത്തഡോക്സ് പള്ളിയുടെ ഹാളിൽ വെച്ച് 8-10-96ൽ നടന്ന പഞ്ചായത്ത് തല പരിശീലന പരിപാടി രാവിലെ 8മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. D. ഭാനുദേവൻ അദ്ധ്യക്ഷത വഹിച്ച യോഗം പ്രസിഡന്റ് ശ്രീ. ജോർജ്ജ് തോമസ് ഉദ്ഘാടനം ചെയ്തു. വികസനത്തിന്റെ വെല്ലുവിളി, ഒമ്പതാം പദ്ധതി ജനകീയ പദ്ധതി, ഗ്രാമസഭ, ദ്വിതീയ വിവരശേഖരണം എന്നീ വിഷയങ്ങളെ പറ്റി D.R.Pമാർ ക്ലാസുകൾ നയിച്ചു. ജില്ലാപ്ലാനിംഗ് ഓഫീസർ ശ്രീ.എൻ. അബ്ദുൾഖാദർ ആദ്യന്തം ചർച്ചകൾക്ക് നേതൃത്വം നൽകി. അഗങ്ങൾ സജീവമായി ചർച്ചയിൽ പങ്കു കൊണ്ടു. ഏകദിന പരിശീലന പരിപാടി ഏഴുമണിക്ക് അവസാനിച്ചു.

ഗ്രാമസഭകളുടെ വിജയകരമായ നടത്തിപ്പിനെ പ്പറ്റി ആലോചിക്കുന്നതിന് വേണ്ടി വാർഡുതലത്തിൽ സംഘാടകസമിതി ചേർന്നു. വീടുകൾ തോറും നോട്ടീസുകൾ വിതരണം ചെയ്യുന്നതുനു പുറമെ മൈക്ക് അനൗൺസ്മെന്റ് പോലെയുള്ള പ്രചരണ പരിപാടികൾ നടപ്പാക്കുന്നതിനും തീരുമാനിച്ചു.

പട്ടിക I

സംഘാടകസമിതി കൂടിയ തീയതി.

| വാർഡ് | തീയതി |
|---|---|
| I | 9.10.96 |
| II | 10.10.96 |
| III | 10.10.96 |
| IV | 9.10.96 |
| V | 9.10.96 |
| VI | 9.10.96 |
| VII | 9.10.96 |
| VIII | 9.10.96 |
| XI | 10.10.96 |
| X | 9.10.96 |

## ഗ്രാമസഭകൾ

പഞ്ചായത്തുകമ്മറ്റിയുടെ തീരുമാന പ്രകാരം പരിശീലന പരിപാടിയിൽ നിശ്ചയിച്ചത നുസരിച്ച് 11-10-96 മുതൽ 15-10-96 വരെ വിവിധ വാർഡുകളിലെ സ്പെഷൽ ഗ്രാമസഭകൾ നടന്നു. ചർച്ചകളിൽ 1136 പരുഷൻമാരും 358 സ്ത്രീകളും ഉൾപ്പടെ ആകെ 1494 പേർ സജീവമായി പങ്കെടുത്തു. ഗ്രാമസഭകളുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക II

ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| I | ഹാപ്പിഹോം മങ്ങാട് | 11.10.96 | 119 | 111 | 130 |
| II | ഗവ:U.P.S. കുന്നട | 15.10.96 | 136 | 59 | 195 |
| III | കുറുമ്പകര U.P.S. | 13.10.96 | 65 | 12 | 77 |
| IV | കലാകൈരളി മഹിളാസമാജം ഹാൾ | 14.10.96 | 90 | 50 | 140 |
| V | മാരൂർ H.S. | 13.10.96 | 116 | 25 | 141 |
| VI | S.N.D.P ഹാൾ ചാങ്കൂർ | 12.10.96 | 129 | 32 | 161 |
| VII | ഇളമണ്ണൂർ V.H.S.C | 12.10.96 | 150 | 64 | 214 |
| VIII | N.S.Sകരയോഗമന്ദിരം പൂതംകര | 13.10.96 | 177 | 105 | 282 |
| IX | G.P.M.U.P.S പൂതംകര | 12.10.96 | 56 | 5 | 61 |
| X | S.N.D.P.ഹാൾ മങ്ങാട് | 11.10.96 | 87 | 6 | 93 |
| | ആകെ | | 1136 | 358 | 1494 |

രണ്ടാംഘട്ട D.R.P പരിശീലനം നവംബർ 11,12,13 തീയതികളിൽ അടൂർ ഠൗൺഹാളിൽ വെച്ച് കൂടുകയുണ്ടായി.

## കോർഗ്രൂപ്പുകളുടെ രൂപീകരണം

D.R.P. മാരുടെ യോഗം 15-11-96 ൽ കൂട്ടുകയും 18-11-96 ൽD.R.P മാർ L.R.P മാർ, ഉദ്യോഗസ്ഥൻമാർ, പഞ്ചായത്തു് മെമ്പർമാർ, എന്നിവരുടെ സംയുക്ത യോഗം D.R.P മാർ കൺവീനർമാരായ 55 അംഗ ദ്വിതീയവിവര ശേഖരണ ഗ്രൂപ്പിനു് രൂപം നൽകുകയും, പഞ്ചായത്തു് പ്രസിഡന്റ്

ചെയർമാനും, ശ്രീ. P.R. മാധവൻപിള്ള, പൂവക്കാട്ട് കൺവീനറായും ശ്രീ.R.ബാലകൃഷ്ണൻ, സുദർശനവിലാസം, ശ്രീ. ബ്ലാഹേത്തു M.A. ബദ്റുദീൻ എന്നിവർ ജോയിൻകൺവീനർമാരും, ശ്രീ. റജി പൂവത്തൂർ കോ-ഓർഡിനേറ്ററുമായി അഞ്ചംഗ ജനകീയ ആസൂത്രണ സമിതി രൂപീകരിക്കുകയും ചെയ്തു. 25-11-96ൽ പഞ്ചായത്തു് മെമ്പർമാരുടെയും, ജനകീയ ആസൂത്രണ സമിതിയുടെയും, കോർഗ്രൂപ്പ് കൺവീനർമാരുടെയും യോഗം കൂടുകയും ദ്വിതീയ വിവരശേഖരത്തിന്റെ പുരോഗതി വിലയിരുത്തുകയും ഡിസംബർ 2മുതൽ 7വരെ ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനം

29-11-96 ൽ പഞ്ചായത്തു് കമ്മറ്റി കൂടുകയും രണ്ടാംഘട്ട പരിശീലനം 10-12-96 ൽ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ചാങ്കൂർ S.N.D.P ഹാളിൽ വച്ച് കൂടിയ രണ്ടാംഘട്ട പരിശീലന പരിപാടിയിൽ 64പേർപങ്കെടുത്തു.

## ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം

2-12-96 മുതൽ 7-12-96- വരെ ദിവസം രണ്ടെന്ന കണക്കിന് 12 വിഷയ ഗ്രൂപ്പിന്റെ ഗ്രാമസഭാ പ്രതിനിധികളെ പങ്കെടുപ്പിച്ച് ആറു ദിവസം കൊണ്ട് ഗ്രാമസഭാ നേതൃത്വത്തിൽ നടന്ന ക്രോഡീകരണചർച്ചകളിൽ 256 പേർ പങ്കെടുത്തു.

### പട്ടിക III

ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം

| തീയതി | സമയം | വിഷയം |
|---|---|---|
| 2.12.96 | 10.AM-12.NOON | വിദ്യാഭ്യാസം |
| | 2P.M-4P.M | കുടിവെള്ളവും, പൊതുജനാരോഗ്യവും |
| 3.12.96 | 10.AM-12NOON | കൃഷിയും, ജലസേചനവും |
| | 2 P.M. - 4 P.M. | മൃഗസംരക്ഷണവും, മത്സ്യബന്ധനവും |
| 4.12.96 | 10A.M-12 NOON | വ്യവസായം |
| | 2P.M-4P.M | പാർപ്പിടവും, സാമൂഹ്യക്ഷേമവും |
| 5.12.96 | 10A.M-12NOON | ഗതാഗതവും, ഊർജ്ജവും |
| | 2P.M.-4P.M | പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമം |
| 6.12.96 | 10A.M-12NOON | സഹകരണം |
| | 2P.M-4P.M | വനിത |
| 7.12.96 | 10A.M-12 NOON | വിഭവസമാഹരണം |
| | 2PM-4P.M | സംസ്കാരം |

## പഠനപര്യടനം

6-12-96ൽ DRP മാരുടെ യോഗം കൂടുകയും 9-12-96ൽ പഠനപര്യടനം നടത്തുന്നതിനു തീരുമാനിക്കുകയുംചെയ്തു. പഠനപര്യടനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ്കമ്മറ്റി ചെയർപ്പേഴ്സൻ എന്നിവരും, പഞ്ചായത്ത്മെമ്പർമാരായ ശ്രീ. സജി എസ്സ് മാരൂർ, ശ്രീമതി. കെ. വിജയലക്ഷ്മി, ശ്രീമതി. കെ. ലക്ഷ്മിക്കുട്ടിയമ്മ എന്നിവരും സർവ്വശ്രീ. P.R മാധവൻപിള്ള, R.ബാലകൃഷ്ണൻ, M.A ബദറുദീൻ, K. ചന്ദ്രഭാനു, ബിജിലാൽ, C.P.S. ഉണ്ണിത്താൻ, R.B. രാജീവ്കുമാർ മാത്യുപൂവത്തൂർ, V.വിനോദ്കുമാർ, B.പ്രദീപ്, എന്നിവരും ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു.

10-12-96 ൽ കൂടിയ പഞ്ചായത്ത്കമ്മറ്റി വികസനരേഖ ചർച്ചചെയ്യുകയും നിർദ്ദേശങ്ങളും ഭേദഗതികളും രേഖപ്പെടുത്തുകയും ചെയ്തു. ഡിസംബർ 11,12 തീയതികളിൽ അടൂരിൽ വെച്ച് D.R.P. മൂന്നാം ഘട്ടപരിശീലനം നടന്നു. 17-12-96ൽ കൂടിയ പഞ്ചായത്ത്കമ്മറ്റി വികസനരേഖ ചർച്ച ചെയ്യുകയും 27-12-96 ൽ കൂടിയ പഞ്ചായത്ത്കമ്മറ്റി അംഗീകരിക്കുകയും ചെയ്തു.

ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണ പ്രസ്ഥാനം ഒറ്റനോട്ടത്തിൽ

| | |
|---|---|
| 11.9.96 | പഞ്ചായത്ത്കമ്മറ്റി ജില്ലാതലപരിശീലനത്തിനുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു. |
| 21.9.96 | ഒന്നാംഘട്ട പഞ്ചായത്ത്തല പരിശീലന തീയതി നിശ്ചയിക്കൽ. |
| 30.9.96 മുതൽ 2.10.96 വരെ | ഒന്നാംഘട്ട ജില്ലാതല പരിശീലനം, അടൂർ |
| 5.10.96 | D.R.P. മാരുടെ പ്രഥമയോഗം. |
| 8.10.96 | ഒന്നാംഘട്ട പഞ്ചായത്ത്തല പരിശീലനം - ഇളമണ്ണൂർ |
| 9.10.96, 10.10.96 | വാർഡുതല സംഘാടക സമിതി |
| 11.10.96 മുതൽ 15.10.96 വരെ | ഗ്രാമസഭകൾ |
| 1.11.96 | പുനർപ്പണദിനം |
| 11.11.96 മുതൽ 13.11.96 വരെ | രണ്ടാംഘട്ട ജില്ലാതല പരിശീലനം, അടൂർ |
| 15.11.96 | D.R.P. മാരുടെ യോഗം |
| 18.11.96 | D.R.P,L.R.P., പഞ്ചായത്തുമെമ്പർമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്തയോഗം, കോർഗ്രൂപ്പ് രൂപീകരണം, പഞ്ചായത്തു് ജനകീയാസൂത്രണ സമിതിക്കു രൂപം നൽകൽ. |
| 25.11.96 | ദ്വിതീയ വിവരശേഖരണ വിലയിരുത്തൽ യോഗം |
| 29.11.96 | പഞ്ചായത്ത് കമ്മറ്റി:- രണ്ടാംഘട്ടപഞ്ചായത്തുതല പരിശീലനത്തിന്റെ തീയതി നിശ്ചയിക്കൽ |
| 2.12.96 മുതൽ 7.12.96 വരെ | ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം |
| 6.12.96 | D.R.P., പഞ്ചായത്തുമെമ്പർമാർ, എന്നിവരുടെ യോഗം: വിഷയം. പഠനപര്യടനം |
| 9.12.96 | പഠനപര്യടനം |
| 10.12.96 | പഞ്ചായത്തു് കമ്മറ്റി - വികസനരേഖ ചർച്ച |
| 10.12.96 | പഞ്ചായത്ത്തല പരിശീലനം രണ്ടാംഘട്ടം - ചാങ്കൂർ. |
| 11.12.96 12.12.96 | മൂന്നാംഘട്ട ജില്ലാതല പരിശീലനം- അടൂർ. |
| 17.12.96 | പഞ്ചായത്തുകമ്മറ്റി വികസനരേഖ ചർച്ച |
| 27.12.96 | പഞ്ചായത്തുകമ്മറ്റി വികസനരേഖ അംഗീകരിച്ചു. |



## സ്നേഹത്തോടെ ഒരു വാക്ക്...........

പ്രിയമുള്ളവരെ,

പരാധീനതകൾ ഏറെയുണ്ട്,

പരിമിതികളും.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്

പരാധീനതകൾ പരമാവധി നിരത്തുവാൻ പരിശ്രമിച്ചിട്ടുണ്ട്.

പൂർണ്ണമായി എന്ന വിശ്വാസം ഇല്ല.

സഹായിച്ചവർ ഒത്തിരി.

സഹകരിച്ചവർ അനവധി.........

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ജില്ലാതലപരിശീലകർ,

പഞ്ചായത്ത്തല പരിശീലകർ, ബഹുജനസംഘടനാപ്രതിനിധികൾ,

സാമൂഹ്യപ്രവർത്തകർ,

ഉദ്യോഗസ്ഥ പ്രമുഖർ,

പഞ്ചായത്ത് ജീവനക്കാർ....

എടുത്തു പറയേണ്ടവർ ഏറെ!

ഏവർക്കും നന്ദി.

ഇന്നലെയുടെ യഥാർത്ഥ ചിത്രവും

ഇന്നിന്റെ പ്രശ്നങ്ങളും നാളെയുടെ സാധ്യതകളും ഉൾപ്പെട്ട ഈ

വികസനരേഖയ്ക്കു രൂപംനൽകുവാൻ

ആത്മാർത്ഥമായി സഹകരിച്ചവരോട്

**സ്നേഹത്തോടെ ഒരു വാക്ക്......**

**നന്ദി**

ഗ്രാമപഞ്ചായത്ത് കമ്മറ്റിക്കു വേണ്ടി,

പ്രസിഡന്റ്,

ജോർജ്ജ് തോമസ്



ഗ്രാമം നശിക്കുകയാണെങ്കിൽ ഇൻഡ്യയും നശിക്കുമെന്നു പറയേണ്ടിയിരിക്കുന്നു. പിന്നെ ഇൻഡ്യ ഇൻഡ്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇൻഡ്യയുടെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽ മാത്രമേ അവയുടെ പുനരുദ്ധാരണം സാദ്ധ്യമാകുകയുള്ളു.

ഗാന്ധിജി, 1-3-1935

SOLAR OFFSET PRINTERS (P) LTD. TVM.
PHONE : 325849, 417281